# പഞ്ച രത്ന ബാലെ



ഒ. അയ്യനേത്ത്

www.malankaralibrary.com

# പഞ്ചരത്ന ബാലെ

(ബാലെ)

ഒ. അയ്യനേത്ത്

തിരുവനന്തപുരം-11

ആഗസ്റ്റ് 1988

www.malankaralibrary.com

Malayalam

PANCHARATNA BALE

(Ballet)

By Rev. Prof: O. AYYANETH
Catholic Church
Kumarapuram
Medical College P. O.
Trivandrum - 11

First Published — August 1988

Printed at Rekha Printers
Vadayakadu, Trivandrum.

Price Rs. 10

Copy right

O. Ayyaneth

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# പ്രസ്താവന

ഒരു വ്യാഴവട്ടക്കാലത്തിനുമുമ്പാണ് ബാലെ എന്ന ദൃശ്യകലാരൂപം ആശയാവിഷ്ക്കരണമാദ്ധ്യമമായി സ്വീകരിക്കാൻ ഇടയായത്. നാലാഞ്ചിറ സെൻറ് ഗൊരേത്തിസ്ക്കൂൾ ഭാരവാഹികൾ പുണ്യവതിയായ ഗൊരേത്തിയുടെ ജീവിതം ആധാരമാക്കി ഒരു ബാലെ എഴുതിക്കൊടുക്കാൻ എന്നോട് ആവശ്യപ്പെട്ടു, അതനുസരിച്ച് ഈ ഗ്രന്ഥത്തിൽ അവസാനം ചേർത്തിരിക്കുന്ന മരിയേ ഗൊരേത്തി എഴുതിക്കൊടുത്തു. അത് രംഗത്തവതരിപ്പിച്ചപ്പോൾ നന്നായി എന്നുകണ്ടു. അങ്ങനിരിക്കെ വെള്ളയമ്പലത്തുള്ള ക്രൈസ്റ്റ്നഗർ സ്കൂൾ പ്രിൻസിപ്പൽ റവ. ഫാദർ ജറാൾഡ് സി. എം. ഐ., സ്ഥാപകയോഹന്നാനെപ്പററി ഒരു ബാലെ എഴുതിക്കൊടുക്കാൻ ആവശ്യപ്പെടുകയുണ്ടായി. അതും രംഗത്ത് പ്രേക്ഷകരുടെ പ്രശംസ പിടിച്ചുപററി. പ്രസ്തുത സ്ക്കൂളിനുവേണ്ടിയാണ് ഡേവിഡും ബത്സേബായും പിന്നീട് എഴുതിയത്. എങ്കിലും ചില അസൗകര്യങ്ങൾ നിമിത്തം അത് അവതരിപ്പിക്കാൻ കഴിഞ്ഞില്ല. മഗ്ദലനമറിയം ബാലെ, നങ്ങ്യാർകുളങ്ങര ബഥനിമഠം സ്കൂളിലെ വാർഷിക പരിപാടിയോടനുബന്ധിച്ച് അവതരിപ്പിക്കാൻ, അവരുടെ ആവശ്യപ്രകാരം രചിച്ചുകൊടുത്തു. അതു കാണാനൊത്തില്ലെങ്കിലും നന്നായിരുന്നു എന്നാണ് എനിക്കു കിട്ടിയ റിപ്പോർട്ട്. ഈ സമാഹാരത്തിൽ ആദ്യം ചേർത്തിരിക്കുന്ന ക്രിസ്തുമസ് എന്ന ബാലെ തിരുവനന്തപുരം ദൂരദർശൻ കേന്ദ്രം ആവശ്യപ്പെട്ടപ്രകാരം 1986-ൽ എഴുതിയതാണ്. അത് ദൂരദർശനിൽ അക്കൊല്ലത്തെ ക്രിസ്തുമസ്സിനോടനുബന്ധിച്ചു വന്നു.

www.malankaralibrary.com

ഒരു ദൃശ്യകലാ രൂപം എന്ന നിലയിൽ, ഇതിലെ ഓരോ ബാലെയും രംഗാവിഷ്ക്കരണക്ഷമമാംവിധം നാടകീയമാക്കാൻ സംവിധാനത്തിലും ഈരടികളുടെ വിന്യാസത്തിലും ആവുന്നത്ര ശ്രദ്ധിച്ചിട്ടുണ്ട്. ഇതിലെ ചില ബാലെകൾക്ക് അവതരണക്കാർ സംഗീതം നൽകിയിട്ടുണ്ട്. അതിൽ മരിയെ ഗോരേത്തിക്ക് സംഗീതം നൽകിയ എൻ്റെ സുഹൃത്തും ആകാശവാണി നിലയാംഗവും സുപ്രസിദ്ധ സംഗീത സംവിധായകനും ഗായകനുമായ ശ്രീ. കെ. പി. ഉദയഭാനുവിൻ്റെ കാര്യം നന്ദിപൂർവ്വം എടുത്തുപറയേണ്ടിയിരിക്കുന്നു. രംഗാവിഷ്കൃതമായ ബാലെകളുടെ സംഗീതം തത്പ്രണേതാക്കളുടെ കൈവശം ഉണ്ടായിരിക്കണം എന്നു ഞാൻ കരുതുന്നു. എങ്കിലും ഇതിനു സംഗീതംകൂടി ചെയ്ത്, ടേപ്പിലും മററും പകർത്തി രംഗാവതരണോദ്യമകക്ഷിക്കാർക്കു കൊടുക്കുക പ്രായോഗികമല്ല. തന്നെയുമല്ല, രചയിതാവ് ഉണ്ടാക്കിക്കൊടുക്കുന്നതിൽ ഭേദപ്പെട്ട സംഗീതം ഇതിനു കൊടുക്കാൻ അവതരിപ്പിക്കുന്നവർക്കു കഴിഞ്ഞു എന്നും വരാം. അവരവരുടെ കഴിവനുസരിച്ച് യുക്തമെന്നുതോന്നുന്ന സംഗീതം ഭാവാവിഷ്ക്കരണസമർത്ഥമാംവിധം അവതരണ സംരംഭകർ കൊടുക്കട്ടെ എന്നുവല്ലാതെ ഗ്രന്ഥകർത്താവിനു നിവൃത്തിയുള്ളു.

ഈ ഗ്രന്ഥത്തിനു് വിജ്ഞാനപ്രദവും പ്രൗഢഗംഭീരവുമായ ഒരു അവതാരിക എഴുതിത്തന്ന ആർ. രാമചന്ദ്രൻ നായർ ഐ. എ. എസ്സ്. അവർകളോടുള്ള എൻ്റെ നന്ദി വാക്കിൽ ഒതുങ്ങുന്നതല്ല. ആംഗലസാഹിത്യനിഷ്ണാതനായ അദ്ദേഹം, തൻ്റെ വേരു് ഓടിനില്ക്കുന്ന ഭാരതീയ സാഹിത്യത്തിലും അസൂയാവഹവും അഭിനന്ദനാർഹവുമായ അവഗാഹം നേടിയിട്ടുള്ള ഒരു

www.malankaralibrary.com

മഹാശയനാണ്. സാഹിത്യപ്രവർത്തകസംഘം പ്രസിദ്ധീകരിച്ച ഉള്ളൂർ കൃതികളുടെ സമാഹാരത്തിന് അദ്ദേഹം എഴുതിയ വിപുലവും വിശിഷ്ടവുമായ പഠനം തന്നെ ഇതിനുതെളിവാണ്. നിരവധി കഥകളി ഗ്രന്ഥങ്ങളും കർണ്ണാടിക് സംഗീത റിക്കാർഡുകളും, കലാരംഗത്തെ ഒരു സവ്യസാചിയായി അദ്ദേഹത്തെ മാററിയിരിക്കുന്നു. "തുളസീവനം" എന്ന തൂലികാനാമത്താൽ അറിയപ്പെടുന്ന അദ്ദേഹത്തെപ്പററി അറിയാത്ത കേരളീയർ ചുരുക്കമെന്നേ പറയാവൂ.

സുന്ദരവും ചിന്തോദ്ദീപകവുമായ ഒരു ആശംസ ഈ ഗ്രന്ഥത്തിനയച്ചുതന്ന കോട്ടയം കത്തോലിക്കാ ബിഷപ്പ് റൈററ് റവ. മാർ കുര്യാക്കോസ് കുന്നശ്ശേരി തിരുമേനിയോടുള്ള കൃതജ്ഞത പ്രകാശിപ്പിക്കാനും ഈ അവസരം ഉപയോഗിക്കുന്നു. കേവലമായ ഒരാശംസയ്ക്കുപ്പുറം അർത്ഥവത്തായ കലാ സാംസ്ക്കാരിക വിചിന്തനം കൊണ്ട് സമ്പന്നമാണത്. സതീർത്ഥ്യനായ അദ്ദേഹവുമായിട്ടുള്ള എൻെറ മധുരോദാരമായ സൗഹൃദം ചിരസ്മരണീയമാക്കണമെന്നുള്ള എൻെറ അഭിലാഷം അദ്ദേഹം സാധിച്ചുതന്നതിൽ എനിക്ക് സന്തോഷവും സംതൃപ്തിയുമുണ്ട്.

ഇതിൻെറ പുറംകവറിലേക്ക് ഒരു വിജ്ഞപ്തികുറിപ്പു തയ്യാറാക്കിത്തന്ന എൻെറ പ്രേഷ്ഠ സുഹൃത്തും പ്രഖ്യാതനോവലിസ്ററുമായ ഡോക്ടർ ജോർജ്ജ് ഓണക്കൂർ അവർകളോടുള്ള നന്ദി പ്രകടിപ്പിക്കാനും എനിക്ക് സന്തോഷമുണ്ട്. അദ്ദേഹത്തോടൊപ്പം ഒന്നിച്ച് മാർ ഇവാനിയോസ് കോളേജിൽ ജോലി ചെയ്തിരുന്നു എന്ന ആത്മബന്ധത്തിൽ നിന്നാണ് ഇത്തരം വിലപ്പെട്ട ഒരു വിജ്ഞപ്തിഭൂഷണം ചെയ്തുതരുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിക്കാൻ ഞാൻ മുതിർന്നത്.

www.malankaralibrary.com

ഈ ഗ്രന്ഥം ഭംഗിയായി അച്ചടിച്ചുതന്ന രേഖാ പ്രിൻേറഴ്സിനോടുള്ള നന്ദിയും രേഖപ്പെടുത്തിക്കൊള്ളുന്നു.

തിരുവനന്തപുരം
ആഗസ്റ്റ് 1988

ഒ. അയ്യനേത്ത്

---

N. B. 19-ാം പേജിൽ "ഏകാന്ത സ്ഥലി വിട്ടു തീവ്രവ്രതപസ്സിൽ" എന്നു തിരുത്തി വായിക്കണം.

കേരളത്തിലെ മിക്ക ബുക്ക്സ്റ്റാളുകളിലും, പ്രത്യേകിച്ച് മത സാഹിത്യകൃതികൾ വില്ക്കപ്പെടുന്നിടത്തും ഈ ഗ്രന്ഥത്തിൻെറ പ്രതികൾ ലഭ്യമാണ്.

www.malankaralibrary.com

# ആശംസ

'പഞ്ചരത്ന ബാലെ' ഒരാവർത്തി വായിച്ചു. വളരെ നന്നായിരിക്കുന്നു. കാലഘട്ടത്തിന്റെ അവശ്യസൃഷ്ടി എന്ന് ഇതിനെ വിശേഷിപ്പിക്കുവാൻ എനിക്കു സന്തോഷമേയുള്ളു.

വ്യക്തികളുടെ ഹൃദയങ്ങളിൽ വിശ്വാസം ആഴത്തിൽ വേരോടണമെങ്കിൽ പ്രത്യയ ശാസ്ത്രത്തിന്റെ പിൻബലമുണ്ടായിരിക്കണം. ക്രിസ്തുമതത്തിന് തത്വസംഹിതകളുടെ ദാരിദ്ര്യം ലേശവുമില്ല. അവയെ വേണ്ടവിധത്തിൽ ജനഹൃദയങ്ങൾക്കു പകർന്നുകൊടുക്കുന്നതിൽ വിജയിക്കുന്നില്ലെന്നേയുള്ളു. ഈ പശ്ചാത്തലത്തിലാണ് സാഹിത്യസൃഷ്ടികളുടെയും വിവിധ സമ്പർക്ക മാദ്ധ്യമങ്ങളുടെയും പ്രസക്തി നാം മനസ്സിലാക്കേണ്ടത്. ഇതുകൊണ്ടുതന്നെയാണ്, 'പഞ്ചരത്ന ബാലെ' കാലഘട്ടത്തിന്റെ ആവശ്യമായിത്തീരുന്നതും.

ആദ്യത്തെ നാലു ബാലെയും വിശുദ്ധ ഗ്രന്ഥത്തിന്റെ താളുകളിൽനിന്ന് അടർത്തിയെടുത്തവയും, അവസാനത്തേത് ജീവിക്കുന്ന ഒരു സംഭവത്തിന്റെ കലാവിഷ്ക്കരണവുമാണ്. ദൈവവചനം തന്നിഷ്ടംപോലെ വളച്ചൊടിക്കുന്ന ഒരു പ്രവണത ഇന്നു പൊതുവേയുണ്ട്. വികലമായ അവതരണം മനുഷ്യമനസ്സിനെ പെട്ടന്നാകർഷിക്കുകയെന്നതു് സ്വാഭാവികം മാത്രമാണ്. ഈ ദൂഷിച്ച പ്രവണതയ്ക്കെതിരെ ശബ്ദമുയർത്തുന്നതോടൊപ്പം യഥാർത്ഥവചനം ആകർഷകമായി അവതരിപ്പിക്കുവാൻ നമുക്കു് കഴിവുകൂടി വേണം. ഈ അഞ്ചുബാലെയും ആധാരഗ്രന്ഥത്തോടും ചരിത്ര സംഭവത്തോടും നൂറുശതമാനവും നീതി പുലർത്തുന്നവയാണ്. ഭാവനയുടെ കടിഞ്ഞാണില്ലാത്ത പ്രവാഹം എങ്ങുമില്ല. സാഹിത്യപരമായി വളരെ

www.malankaralibrary.com

ഉന്നതമായ നിലവാരം പുലർത്തുന്നുമുണ്ടുതാനും. സാധാരണയായി സിനിമാഗാനങ്ങളുടെയോ പ്രസിദ്ധങ്ങളായ മററു പല പാട്ടുകളുടെയോ ഈണത്തിൽ രൂപപ്പെടുത്തുന്ന ഒരു ഗാനപ്രപഞ്ചമാണ് പല ബാലെയിലുമുള്ളത്. അതിൽനിന്നു ഭിന്നമായി കവിത്വത്തിൻെറ പ്രതിഭാവിശേഷം 'പഞ്ചരത്നബാലെ'യിൽ നിറഞ്ഞുനില്ക്കുന്നു. സംഗീതസാന്ദ്രത നഷ്ടപ്പെടുത്താതെ നിലനിർത്തുവാൻ കൂടി കഴിഞ്ഞതപ്പോൾ അത് ക്രൈസ്തവ സാഹിത്യത്തിനൊരു മുതൽക്കൂട്ടായി.

ഈ ബാലെയിലെല്ലാം നിറഞ്ഞുനില്ക്കുന്ന അടിസ്ഥാന പ്രമേയത്തെ "മനസ്സിൻെറ മടക്കയാത്ര" എന്നു വിശേഷിപ്പിക്കാമെന്നു തോന്നുന്നു. മനുഷ്യപ്രകൃതി തിന്മയിലേക്കു ചാഞ്ഞാണിരിക്കുന്നത്. തെററുകളിൽ വീഴുന്ന മനുഷ്യന് സ്വന്തം വീട്ടിലേക്കു മടങ്ങാൻ, നഷ്ടപ്പെട്ട പ്രകാശത്തെ പുല്കാൻ അതിയായ ആഗ്രഹമുണ്ട്. ഇതും മനുഷ്യമനസ്സിൻെറ സഹജമായ ഒരു പ്രത്യേകതയാണ്. ഇതാണ് "മനസ്സിൻെറ മടക്കയാത്ര" അഥവാ മാനസാന്തരം. മഗ്ദലനമറിയവും ദാവീദുമെല്ലാം നമ്മുടെ മനസ്സിൽ പച്ചപിടിച്ചുനില്ക്കുന്നതിൻെറ രഹസ്യവും മറെറാന്നല്ല.

സാഹിത്യകാരനും എൻെറ സതീർത്ഥ്യനുമായ അയ്മനേത്തച്ചൻെറ ഈ കൃതി പ്രേഷിത പ്രവർത്തനരംഗത്ത് ചലനങ്ങൾ സൃഷ്ടിക്കുമെന്നതിൽ രണ്ടുപക്ഷമില്ല. ക്രൈസ്തവ സത്യങ്ങളുടെ കാലികമായ കലാവിഷ്ക്കരണം തേടി അലയുന്ന നമ്മുടെ നാട്ടിലെ യുവതീ യുവാക്കന്മാർക്കുമെല്ലാം 'പഞ്ചരത്നബാലെ' ഒരനുഗ്രഹമായിരിക്കും. ഗ്രന്ഥകർത്താവിനു് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ!

**മാർ കുര്യാക്കോസ്**
**കുന്നശ്ശേരി**
കോട്ടയം മെത്രാൻ

കത്തോലിക് ബിഷപ്പ്സ് ഹൗസ്
കോട്ടയം
ജനുവരി 1988

www.malankaralibrary.com

# അവതാരിക

പാറേമ്മാക്കിൽ തോമ്മാക്കത്തനാരുടെയും അർണ്ണോസ് പാതിരിയുടെയും കാലംമുതൽ മലയാള ഭാഷയ്ക്കും മലയാള സാഹിത്യത്തിനും ക്രൈസ്തവ വൈദികന്മാർ നല്കിയിട്ടുള്ള സേവനം വിപുലവും നാനാമുഖവും ബഹുധാ ശ്ലാഘനീയവുമാണ്. അവരുടെ സംഭാവനകൾ അധികവും ലഭിച്ചിട്ടുള്ളത് ഗദ്യ സാഹിത്യത്തിനാണ് എന്നുള്ളതിൽ സംശയമില്ല. മാത്രമല്ല, നമ്മുടെ ഗദ്യ ശാഖയ്ക്ക് ബീജാവാപം ചെയ്തവരുടെ നാമഗണനയിൽ ത്തന്നെ പാറേമ്മാക്കിൽ തോമ്മാക്കത്തനാരെപ്പോലെയുള്ള പാതിരിമാർക്ക് പ്രമുഖസ്ഥാനം നൽകേണ്ടതായുമുണ്ട്. അതേസമയം, മലയാള പദ്യസാഹിത്യപരിപോഷണത്തിന് ബദ്ധകങ്കണരായി മുന്നോട്ടുവന്നിട്ടുള്ള ക്രൈസ്തവ സഭാനായകന്മാരും ഉണ്ടായിട്ടുണ്ടെന്നുള്ളകാര്യം വിസ്മരിക്കാവുന്നതല്ല. ആ രംഗത്തും ഒന്നാംസ്ഥാനം വിദേശിയനായ അർണ്ണോസ് പാതിരിക്കുതന്നെ നല്കേണ്ടിവരും. അദ്ദേഹത്തിന്റെ "പുത്തൻ പാനയ്ക്കു" മലയാള സാഹിത്യചരിത്രത്തിലുള്ള പ്രാധാന്യം അനിഷേദ്ധ്യമാണല്ലോ. അർണ്ണോസ് പാതിരിയുടെ പാരമ്പര്യത്തിന് അനുരൂപമായി മലയാള കവിതാശാഖയുടെ ഈടുവയ്പു വർദ്ധിക്കുവാൻ ഉൽസാഹപൂർവ്വം മുന്നോട്ടു വന്നിട്ടുള്ള ഒരു ക്രിസ്തീയ വൈദിക ശ്രേഷ്ഠനാണ് സമാദരണീയനായ ഫാദർ ഒ. ത്ത അയ്യനേത്ത്.

ആത്തയൗവനനായകാലം മുതൽ മലയാള ഭാഷാദ്ധ്യാപനമായിരുന്നു അയ്യനേത്തച്ചന്റെ പ്രമുഖ ജീവിത വ്യാപാരം. പാഠശാലാനിലവാരത്തിലും കലാശാലാ നിലവാരത്തിലുമുള്ള പല തലമുറകളിൽപ്പെട്ട—അനേകം

www.malankaralibrary.com

വിദ്യാർത്ഥികളെ ഭാഷയും വ്യാകരണവും അലങ്കാര ശാസ്ത്രവും മററും അഭ്യസിപ്പിച്ച്, ചെറുപ്പത്തിൽ സമ്പാദിച്ച സാഹിത്യപരിചയത്തെ അദ്ദേഹം കൂടുതൽ സമൃദ്ധവും സുവിസ്തൃതവുമാക്കുകയുണ്ടായി, ചെറുശ്ശേരി, എഴുത്തച്ഛൻ, നമ്പ്യാർ, ഉള്ളൂർ, വള്ളത്തോാ, ശങ്കരക്കുറുപ്പ് തുടങ്ങിയ പ്രമുഖ മലയാള കവികളുടെ കൃതികളിൽ പല ഭാഗങ്ങളും അദ്ദേഹത്തിനു മനഃപാഠമത്രേ. അവയിലും കൊള്ളുന്ന വിശിഷ്ടമായ സാഹിത്യരസത്തിന്റെ മധുരിമ സ്വയം ആസ്വദിക്കാനും, ശിഷ്യരെക്കൊണ്ടും സുഹൃത്തുക്കളെക്കൊണ്ടും ആസ്വദിപ്പിക്കാനും ഉള്ള അദ്ദേഹത്തിന്റെ നൈപുണ്യം പ്രസിദ്ധമാണ്. ഇങ്ങനെ ജീവിതം മുഴുവൻ മലയാള സാഹിത്യസംസേവനത്തിനുവേണ്ടി സ്വമേധയാ സമർപ്പിച്ചിട്ടുള്ള ഫാദർ അയ്യനേത്ത് കൈരളീമഹിളയുടെ കാൽത്താരിൽ അർപ്പിച്ചിട്ടുള്ള ഒരു പുതിയ പൂജാപുഷ്പമാണ് "പഞ്ചരത്നബാലെ".

അയ്യനേത്തച്ചന്റെ ഈ പുതിയ കൃതിയെ ഒരു "നാട്യപ്രബന്ധസമാഹാരം" എന്നോ, "നൃത്തശിൽപമഞ്ജരി" എന്നോ വിളിക്കാവുന്നതാണ്. രംഗവേദിയിൽ നർത്തനരൂപേണ അവതരിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹം പലപ്പോഴായി രചിച്ചിട്ടുള്ള അഞ്ചു ലഘുകൃതികളാണ് ഇവിടെ പുസ്തകരൂപത്തിൽ പുറത്തുവരുന്നതു്. ലോകത്തിലുള്ള മിക്കവാറും എല്ലാ ജനസമൂഹങ്ങളിലും നൃത്തകലാരൂപങ്ങൾ പ്രചാരം നേടിയിട്ടുള്ളതിനാൽ, രംഗപ്രയോഗത്തിനുവേണ്ടിയുള്ള ഇമ്മാതിരി ശില്പങ്ങൾ എല്ലാ ഭാഷകളിലും സുലഭമായി നിർമ്മിക്കപ്പെട്ടുണ്ടാവണം. എന്നാൽ പലഭാഷകളിലും പ്രത്യക്ഷപ്പെടാറുള്ള നൃത്തപ്രബന്ധങ്ങളിൽ പരിഗണനീയമായ സാഹിത്യമൂല്യം ഉൾക്കൊണ്ടിരിക്കുക പതിവില്ല. അതിനാൽ സാഹിത്യ

www.malankaralibrary.com

ചരിത്രകാരന്മാർ അവയ്ക്കു് മാന്യമായ സ്ഥാനം അനുവദിക്കുകയും ചെയ്യാറില്ല. പക്ഷേ മലയാളഭാഷയെ സംബന്ധിച്ചിടത്തോളം സ്ഥിതി തികച്ചും വ്യത്യസ്തമാണു്. നമ്മുടെ പദ്യ സാഹിത്യ ശേഖരത്തിലെ ഏററവും മൂല്യവത്തായ ഒരു വിഭാഗമായി നർത്തനപ്രബന്ധങ്ങൾ നിലകൊള്ളുന്നു. ഈ സാഹിത്യവിഭാഗത്തിനു നൽകിയിട്ടുള്ള സംഭാവനയെ മുൻനിറുത്തിയാണല്ലോ കോട്ടയത്തു തമ്പുരാൻ, ഉണ്ണായിവാരിയർ, ഇരയിമ്മൻതമ്പി മുതലായവരെ മഹാകവികളായി അംഗീകരിച്ചു് സമാദരിക്കുന്നതു്.

ഒരു ക്രിസ്തീയ വൈദികനായ ഫാദർ അയ്യനേത്തിൻെറ നാട്യപ്രബന്ധങ്ങളെല്ലാം ക്രൈസ്തവ വിഷയങ്ങളെ പുരസ്കരിച്ചുള്ളവയായിരിക്കുക സ്വാഭാവികമാണല്ലോ. ക്രിസ്തുമതവിശ്വാസികളുടെയിടയിൽ പരക്കെ പ്രചാരമുള്ള ഐതിഹ്യങ്ങളെയും പുരാണകഥകളെയുമാണു് അദ്ദേഹം ഈ കൃതിയിൽ പ്രമേയങ്ങളായി സ്വീകരിച്ചിട്ടുള്ളതു്. അക്കാരണത്താൽ, ക്രൈസ്തവ മതാവലംബികളെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും ഹൃദയാവർജ്ജകങ്ങളായി ഇവ അനുഭവപ്പെടുവാൻ സാദ്ധ്യതയുണ്ടു്. ക്രൈസ്തവ ദേവാലയങ്ങളിലെ പെരുനാളുകൾക്കും ക്രൈസ്തവ വിദ്യാലയങ്ങളിലെ വാർഷികാഘോഷങ്ങൾക്കും മററും നൃത്തശില്പങ്ങളായി രംഗത്തവതരിപ്പിക്കാൻ ഏററവും യോജിച്ച കൃതികളാണിവയെന്നു നിസ്സംശയം പ്രസ്താവിക്കാം. എന്നാൽ ക്രൈസ്തവേതരർക്കു് ഇവയൊന്നും ആസ്വാദ്യമായിരിക്കുകയില്ല എന്നു കരുതിക്കൂടാ. സത്യം, ധർമ്മം, കാരുണ്യം, ത്യാഗം മുതലായ മഹനീയാദർശങ്ങളെ പ്രകീർത്തിക്കുന്ന ഇമ്മാതിരി സാഹിത്യകൃതികൾ എല്ലാ സജ്ജനങ്ങൾക്കും,

www.malankaralibrary.com

ജാതിമതഭേദമെന്യേ, എക്കാലവും ഒരുപോലെ പ്രിയങ്കര മായി വർത്തിക്കും.

വിട്ടുവീഴ്ചയില്ലാത്ത ഒരു മതവിശ്വാസിയാണ് ഫാദർ ഒ. അയ്യനേത്ത് എന്നുപറഞ്ഞാൽ അത് അസ്ഥാനസ്ഥ മായിരിക്കുകയില്ല. അദ്ദേഹം ഒരു തികഞ്ഞ ക്രിസ്തുമത വിശ്വാസിയും അകമഴിഞ്ഞ ക്രിസ്തുഭക്തനുമാണ്. നൂറു ശതമാനം ക്രൈസ്തവനായി ജീവിക്കുക എന്നുള്ളതുമാത്ര മാണ് ജീവിതവ്രതമായി അദ്ദേഹം കരുതിയിട്ടുള്ളത്. പക്ഷേ അയ്യനേത്തച്ചനെ അടുത്തറിയാവുന്നവർക്ക്, അദ്ദേഹം ഒരിക്കലും ഒരു മുരടിച്ച യാഥാസ്ഥിതികനല്ല എന്ന വാസ്തവം എളുപ്പത്തിൽ ബോദ്ധ്യമാകും. അധികാര സ്ഥാനങ്ങളിൽനിന്ന് ഏർപ്പെടുത്തപ്പെട്ടിട്ടുള്ള എല്ലാ വ്യവസ്ഥകളെയും നിബന്ധനകളെയും, അപ്പാടെ അംഗീ കരിച്ച്, വണ്ടിക്കാളയെപ്പോലെ നിശ്ശബ്ദനായി, തെളി ച്ചവഴിയേ നീങ്ങിക്കൊണ്ടിരിക്കാൻ അദ്ദേഹം സന്നദ്ധ നല്ല. ഈ കൃതിയിൽ ഒരു പ്രധാന കഥാപാത്രമായി പ്രത്യക്ഷപ്പെടുന്ന യോഹന്നാൻ സ്നാപകനെപ്പോലെ, അഹന്തയ്ക്കും അനീതിയ്ക്കുമെതിരെ ധീരമായി ശബ്ദമുയർ ത്തുന്ന കാര്യത്തിൽ ഒട്ടും അലംഭാവമില്ലാത്ത വ്യക്തി യാണ് ഈ ഗ്രന്ഥകർത്താവ്. അരക്കിട്ടുറപ്പിച്ച പരമാ ധികാരത്തിൻെറ ശിലാഗോപുരകൂടത്തെ, സ്വന്തം ആത്മാർത്ഥതയും മനഃശക്തിയും ജീവിതശുദ്ധിയും മാത്രം കൈമുതലാക്കി, മററു യാതൊരായുധത്തിൻെറയും സഹാ യവും, മററൊരു ഭൗതികശക്തിയുടെയും പിൻബലവും കൂടാതെ, തകർത്തുതരിപ്പണമാക്കാമെന്നു വിശ്വസിച്ചു മുന്നോട്ടുനീങ്ങുന്ന യോഹന്നാൻസ്നാപകനാണ് ഫാദർ അയ്യനേത്തിൻെറ ആദർശപുരുഷൻ. ക്രിസ്തുമതവിശ്വാസം സ്വീകരിച്ചിട്ടുള്ളവരായാലും അല്ലാത്തവരായാലും ആ

www.malankaralibrary.com

ധീരതയേയും ദൃഢനിശ്ചയത്തെയും എങ്ങനെ ബഹുമാനിക്കാതിരിക്കും?

നൃത്തശില്പത്തിൽ അരങ്ങേറുന്നതിനായി രചിക്കപ്പെടുന്ന കൃതികളുടെ മേന്മ സാഹിത്യമൂല്യത്തിലെന്നതിനേക്കാൾ രംഗപ്രയോഗസാദ്ധ്യതയിലാണ് നിലകൊള്ളുന്നത്. അരങ്ങത്ത് ദർശിക്കുമ്പോൾ കണ്ണിനും കരളിനും കുളിർമ്മ പകരുന്ന ഒരു രംഗം, പുസ്തകത്തിലച്ചടിച്ചുകാണുമ്പോൾ അത്രയും മനോരഞ്ജകമായി, ഒരു പക്ഷേ അനുഭവപ്പെട്ടില്ലെന്നുവരാം. 'കിരാതം ആട്ടക്കഥ' ഗ്രന്ഥത്തിലച്ചടിച്ച് വായിക്കുന്ന സമയത്ത്, ഒരു സാഹിത്യരസികന് ഒട്ടും ആകർഷകമായി തോന്നിയെന്നുവരില്ല. എന്നാൽ രംഗത്ത് അഭിനയിച്ചുകാണുമ്പോൾ "കിരാതം" പോലെ ഹൃദയാവർജ്ജകമായി അനുഭവപ്പെടുന്ന കഥകൾ വിരളമാണെന്നു മനസ്സിലാകും. അതുകൊണ്ട് നാട്യപ്രബന്ധങ്ങളെ സാഹിത്യകൃതികളെന്ന രീതിയിൽ മാത്രം വിമർശിക്കുന്നത് ഒരിക്കലും സമഞ്ജസമല്ല. അവയെ നാട്യകൃതികളായിത്തന്നെ വേണം വിലയിരുത്തുവാൻ. നൃത്തശില്പരൂപത്തിൽ അരങ്ങേറുമ്പോൾ പ്രേക്ഷകഹൃദയങ്ങളെ ആകർഷിക്കുന്നതിനും ആർദ്രീഭവിപ്പിക്കുന്നതിനും സമർത്ഥങ്ങളായവയാണ്, അയ്യനേത്തച്ചന്റെ "പഞ്ചരത്ന ബാലെ"യിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ കൃതികളും എന്നുള്ളത് നിസ്സന്ദേഹമാണ്. അവയുടെ യഥാർത്ഥമായ രചനാ ലക്ഷ്യത്തെ അവ തികച്ചും സാക്ഷാത്കരിച്ചിട്ടുണ്ട് എന്നർത്ഥം. അതുമാത്രമല്ല, ഈ കൃതിയിൽ ആകമാനം, മനുഷ്യരാശിയെ അസത്തിൽ നിന്നു സത്തിലേക്കും, തമസ്സിൽനിന്നു ജ്യോതിസ്സിലേക്കും, മൃത്യുവിൽനിന്ന് അമരത്വത്തിലേക്കും ആനയിക്കുന്ന അനശ്വരാദർശങ്ങളെയാണ് ഗ്രന്ഥകർത്താവ് ഉയർത്തിപ്പിടി

www.malankaralibrary.com

ച്ചിട്ടുള്ളതെന്ന പരമാത്ഥവും ഇതിൻെറ മൂല്യം ശതഗണീഭവിപ്പിക്കുന്നു.

എൻെറ അഭിവന്ദ്യ സുഹൃത്തായ ഫാദർ ഒ. അയ്യനേത്തിനും, ഉന്നത സംസ്കാരമൂല്യങ്ങളാംക്കൊള്ളുന്ന അദ്ദേഹത്തിൻെറ ഈ ഗ്രന്ഥത്തിനും എല്ലാ ഭാവുകങ്ങളും ആശംസിച്ചുകൊണ്ടു്, ഈ നാട്യപ്രബന്ധസമാഹാരത്തെ സജ്ജനസമക്ഷം, സാദരം അവതരിപ്പിച്ചുകൊള്ളുന്നു.

ന്യൂഡൽഹി
16-8-1988

**ആർ. രാമചന്ദ്രൻ നായർ**

www.malankaralibrary.com

## ഗ്രന്ഥകർത്താവിന്റെ കൃതികൾ

| | | |
|---|---|---|
| 1. | ഭിക്ഷു | നാടകം |
| 2. | ഞാനും വരുന്നു | ,, |
| 3. | പോർവിളി | പ്രബന്ധങ്ങൾ |
| 4. | മാർക്ക്സിസം റഷ്യയിൽ | ,, |
| 5. | കല കമ്മ്യൂണിസ്റ്റ് റഷ്യയിൽ | ,, |
| 6. | മതവും കമ്മ്യൂണിസവും | ,, |
| 7. | ഗാനങ്ങൾ അലയടിക്കുന്നു | ഗാനങ്ങൾ |
| 8. | ആന്ദ്രേജീദ് | ജീവചരിത്രം |
| 9. | തുള്ളുന്ന കൈരളി | കവിതാസമാഹാരം |
| 10. | അപാരേ കാവ്യസംസാരേ. | സാഹിത്യനിരൂപണം |
| 11. | മാർ ഇവാനിയോസ് | ബാലെ |
| 12. | പ്രവാചകൻ സംസാരിക്കുന്നു. | |

## ഉടൻ പ്രസിദ്ധീകരിക്കുന്നു

**പ്രവാചകന്മാർ.** (ആധികാരികവും വിപുലവുമായ പഠനം ഉൾക്കൊള്ളുന്ന ഒരു ബൃഹദ്ഗ്രന്ഥം)

www.malankaralibrary.com

# ക്രിസ്തുമസ്സ്

(ബാലേ)

## രംഗം ഒന്നു്

(മറിയം മുറിയിൽ പ്രാർത്ഥിച്ചുകൊണ്ടു നിൽക്കുന്നു. പീഠത്തിന്മേൽ രണ്ടു മെഴുകുതിരികൾ കത്തിച്ചുവച്ചിട്ടുണ്ടു്. സന്ധ്യാ സമയം)

മറിയം :

എൻയഹോവേ, എൻയഹോവേ,
നിൻതിരുമുമ്പിൽ ഞാൻ കുമ്പിടുന്നേൻ.
എന്റെ സർവ്വസ്വവും നീ തന്നെ,
എന്റെ ശരണവും നീതന്നെ.

നിന്നെ സ്തുതിക്കുവാൻ സീയോൻ മലയോളം
എന്റെ ഹൃദയം ഉയർന്നിടട്ടെ,
എന്റെ സഹായം അവിടെ നിന്നേ,
എന്റെ പ്രത്യാശയും നിന്നിൽത്തന്നെ.

ലില്ലിപ്പൂവിന്നെഴും വെണ്മയും ശുദ്ധിയും
എല്ലാ നിമേഷവും എന്നിൽ നിറയട്ടെ.
എന്നാത്മദേവാലയത്തിൽ നിൻസാന്നിദ്ധ്യം
എന്നെന്നും സ്നേഹ സിംഹാസനത്തിൽ,

കാണുന്നു ഞാൻ നിന്നമേയത മാനത്തു്;
കേൾക്കുന്നു നിൻമന്ദ്രശബ്ദം സമുദ്രത്തിൽ;
വാനിൽ വിരിഞ്ഞുതെളിയും മഴവില്ലോ,
നിന്നഴകിന്റെ നുറുങ്ങുമാത്രം.

www.malankaralibrary.com

സാഗരംകൊണ്ടു വരച്ചു നിറുത്തി, നീ
സുന്ദരമാകുമീ ഭൂമിക്കതിർത്തി;
മഞ്ഞാൽ, മഴയാൽ വിളവുതരുന്നു,
മന്നിലെ മർത്ത്യർക്കു നന്മവളരാൻ.

(ഒരു ദൈവദൂതൻ പ്രത്യക്ഷപ്പെടുന്നു. മറിയത്തിന്റെ ഭയവും സംഭ്രമവും)

ദൂതൻ :

നന്മനിറഞ്ഞ മറിയമേ, സ്വസ്തി,
ഉന്നതൻ കർത്താവു നിന്നോടുകൂടെ;
നീയെന്നുമെന്നുമനുഗൃഹീത,
നാരീമണികളിൽ, മേദിനിയിൽ.
നീയൊരു പുത്രനജന്മമേകും, അവൻ
നിത്യനാം ദൈവത്തിന്നേകജാതൻ.

മറിയം :

എങ്ങനെ ഞാനിതു വിശ്വസിക്കും
കന്യകയാണുഞാൻ ദൈവദൂതാ,
നിത്യകന്യാവ്രതനിഷ്ഠയിലല്ലോ
സത്യദൈവത്തിൻ തിരുമുമ്പിലീഞാൻ.

ദൂതൻ :

ഭദ്രേ, ഭയക്കാതെ, പരിശുദ്ധാത്മാവു്
സദ്രസംനിന്നിൽ നിഴലിട്ടുവന്നിടും;
നിന്നിൽപിറക്കും പുത്രനതിനാൽ,
മന്നിൽ പരിശുദ്ധനായറിയപ്പെടും;
ദൈവത്തിൽ നിന്നുവരുന്നുഞാൻ ഗബ്രിയേൽ,
ദൈവത്തിന്നിംഗിതം നിന്നെയറിയിക്കാൻ.

www.malankaralibrary.com

മറിയം :

ഞാനിതാ കർത്താവിൻദാസി, എന്നിൽ
നീയുരചെയ്തപോൽ സംഭവിക്കട്ടെ!
എല്ലാംപരമാത്മാവാകും യഹോവ,
നല്ലതിന്നായി വരുത്തിടട്ടെ!

## രംഗം രണ്ട്

(ബേതലഹേം നഗരം. ഏതാനും പഥികർ വിശ്രമ സങ്കേതം തേടി നടക്കുന്നു.)

ഒന്നാമൻ :

എത്രമനോഹരം, എത്രമനോഹരം,
എത്രയോ പ്രാക്തനമീബേതലേംപുരി!
ഗോത്രമഹിമസ്സായ് ദാവീദുരാജാവ്
തീർത്തതാണിപ്പുരിയെത്രമനോഹരം!
അപ്പത്തിൽപട്ടണമെന്നർത്ഥമിപ്പുരി-
യ്ക്കന്വർത്ഥമാകട്ടെ, വേദലിഖിതം പോൽ

രണ്ടാമൻ :

ആകട്ടെ, കൂട്ടരേ, വിശ്രമിക്കാൻ നമു-
ക്കാരുതരുമൊരു കൂരയീരാവിൽ;
കാനേഷുമാരിക്കണക്കിൽപ്പെടാൻ വന്ന
മാനവരേക്കൊണ്ടുതിങ്ങിയിപ്പട്ടണം.
റോമിലെ സീസറിനെന്തുകൊണ്ടോ തോന്നി,
ആമയമുണ്ടാക്കാൻ മാത്രമീശാസനം.

മൂന്നാമൻ :

മുട്ടിനോക്കാമീ സത്രത്തിൽ, മുറി
കിട്ടിയാൽ കാര്യം ഭദ്രമായി.

www.malankaralibrary.com

ഒട്ടേറെ നോക്കി സത്രങ്ങളാം ഞാനീ
പട്ടണത്തിൽ വീഥിതോറും വൃഥാവിൽ;
എങ്ങുമൊരാളൊഴിഞ്ഞൊരുസ്ഥാനം
എങ്ങും ലഭിക്കാനിടയില്ലതോഴരേ.

(ഒരു വശത്തേക്കു തിരിഞ്ഞു്)

സത്രക്കാരാ, ഹേ, സത്രക്കാരാ,
ഇത്രടം വന്നാട്ടെ വാതിൽപ്പടിയിൽ,
പാലസ്തീനാനാട്ടിൽ നിന്നു വരുന്ന
പാതിരാവായ്, മുറിയൊന്നുതരണേ!

(സത്രക്കാരൻ ഇതിനകം രംഗത്തുവന്നുകഴിഞ്ഞിരുന്നു)

സത്രക്കാരൻ :

എങ്ങുനിന്നായാലും, എവിടെ നിന്നായാലും
ഇങ്ങൊരാസ്ഥാനം ഇന്നുലഭിക്കില്ല;
അന്തിക്കുമുമ്പേ നിറഞ്ഞുപോയി,
ഹന്ത!യിവിടെ മുറികളെല്ലാം!

ഒട്ടുമുമ്പേയൊരു മാന്യദേഹം
എത്തിയിവിടെ മുറിതിരക്കി,
നസ്രത്തിൽനിന്നുവരുന്നു പോലും
വിശ്രമിക്കാനിടം കിട്ടിയില്ല.

കഷ്ടമേ, ഗർഭിണിയാണുഭാര്യ,
കർത്താവേ, ഞാനെന്തുചെയ്യണമോ!
ഈററില്ലം പൂകാൻ സമയമായെ-
ന്നൊററനോട്ടത്തിൽ കണ്ടാലറിയാം.

പുൽക്കൂടുമാത്രംകിടച്ചേക്കാമിനി
തൽക്കാലം വേറെഗതിയെന്താണോ!
നിങ്ങൾക്കിനിയുമവരേപ്പോലെ
എങ്ങോ തങ്ങാമൊരുകല്പടാവിൽ.

www.malankaralibrary.com

## രംഗം മൂന്നു്

(ആട്ടിടയന്മാരുടെ ആവാസസ്ഥാനം. രാത്രി. ഒരു ഭാഗത്തു് തീ കൂട്ടിയിരിക്കുന്നതിനു ചുററും അവർ നൃത്തമാടുന്നു. അല്പം അകലെ ആടുകൾ കിടക്കുന്നു)

ആട്ടിടയന്മാർ :

തിന്താരേ...ഓ......തിന്താരേ,
തിന്താരേ—തിന്തിനന്തിന്തിനംതിന്താരേ......

അത്താഴം കഴിഞ്ഞപ്പം, വയററിലെതീയിൻെറ
കത്തലുമാറിയപ്പം, ബഹുരസമേ,
കോതമ്പിന്നട ചുട്ടു, ആടിൻെറ പാൽക്കുട്ടി
ശാപ്പാടുകഴിച്ചപ്പോൾ ബഹുരസമേ-

രസമേ, രസമേ, ബഹുരസമേ-തോഴരേ
രസമേ, രസമേ, ബഹുരസമേ,

പകലവൻ മറഞ്ഞപ്പം പണിയിന്നുതീർന്നപ്പം
പകുതിമുക്കാലും തളൎന്നുപോയി-അയ്യാ,
പകുതിമുക്കാലും തളർന്നുപോയി.
കാടായകാടെല്ലാം, മേടായമേടെല്ലാം
ആടിൻ പുറകെപോയി തളർന്നുപോയി, അയ്യാ,
ആടിൻ പുറകെപോയി തളർന്നുപോയി,

(തിന്താരേ-)

ഒന്നാമൻ :

ചെന്നായു് വരുന്നോ, എന്നു ഞാൻ നോക്കി
ചെമ്മരിയാടിനെ പിടിക്കാതെ,
കുഞ്ഞാടിനെക്കേറിപിടിക്കാതെ,

www.malankaralibrary.com

രണ്ടാമൻ :

കോലാടിനെക്കേറി കരടി പിടിക്കാതെ,
കാവലിരുന്നുഞാൻകല്ലിൻപുറത്തു്, ഹോയ്, ഹോയ്
കാവലിരുന്നു ഞാൻ കല്ലിൻപുറത്തു്

മൂന്നാമൻ :

വേലിയാട്ടം പള്ളാട്ടം കാട്ടുകേറിപ്പോകാതെ
വടി വീശിനടന്നുഞാനിടയ്ക്കിടയ്ക്കു്. (തിന്താരേ...)

ഒന്നാമൻ :

രോമക്കുപ്പായം കീറിപ്പോയേ-
രോമമറുത്തതുനെയ്യെടുക്കണം.
ഇക്കൊല്ലം വല്ലാത്ത മഞ്ഞാണേ,
മോന്തിക്കുടിക്കാൻ ലഹരിവേണേ!

രണ്ടാമൻ :

കമ്പിളികൊടുത്തു വീഞ്ഞുമേടിക്കാം
പാലുകൊടുത്തടമാവു വാങ്ങിക്കാം,
നാളെയൊരാറുപോണം ബേതലേമിൽ
നാളെനാളെ, നീളെനീളെ എന്നിനിവേണ്ടാ.

മൂന്നാമൻ:

ആഴികെടാതെ രുക്ഷിക്കണേ,
ആഴിയിലിടയ്ക്കിടെ വിറകിടണേ,
ചൂടുകിട്ടാതിരുന്നാൽ മരവിയ്ക്കുമേ,
കാടിനുള്ളിൽ പോകാൻ പണിയാമേ.

എല്ലാവരും ;

കടവുളെ വിളിച്ചിനികിടന്നുറങ്ങാം
കാവലിരിക്കാം നമ്മൾ മാറിമാറി
ആടിനെപ്പിടിക്കാൻ കള്ളരു വരാം
ആരുമറിയാതെ പാത്തു ചെന്നായും. (തിന്താരെ...)

www.malankaralibrary.com

ആഴികൾചുററും ഉറങ്ങാൻ കിടക്കുന്ന ഒരാൾ മാത്രം ജാഗരണം. അപ്പോൾ ആകാശത്തു് തേജസ്സ്, ദൈവ ദൂതന്മാർ പ്രത്യക്ഷപ്പെടുന്നു. ഒരു മാലാഖ ഉച്ചത്തിൽ ഇങ്ങനെ വിളിച്ചു പറയുന്നു:-

"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി
ഭൂമിയിൽ സന്മനസ്സുള്ളോർക്കു സമാധാനം"

ഒരു ദൂതൻ :

സദ്വാർത്ത നിങ്ങളോടിന്നറിയിക്കുന്നു,
സത്യശീലന്മാരമജപാലരേ,
നിങ്ങൾക്കായിന്നിതാ, ബേതലഹേമിൽ
മംഗലരൂപൻ പിറന്നിരിക്കുന്നു!

ദൈവത്തിന്നേകജാതൻ, നിങ്ങളെ
ദൈവത്തിൻ പുത്രരായ് മാററിടുവാൻ;
മർത്ത്യാവതാരം ചെയ്തിരിക്കുന്നു
കർത്താവിനിഷ്ടം നിറവേററുവാൻ.

പുൽത്തൊഴുത്തിൽക്കാണാം നിങ്ങൾക്കുണ്ണിയെ,
പുണ്യവതി മാതാവോടൊത്തവിടെ,
കാററടികൊള്ളാതിരിക്കാൻ മേനിയിൽ
കീററുതുണിമാത്രമെന്നറിഞ്ഞാലും.

കാലിത്തൊഴുത്തിൽ കിടക്കുവോൻ, സാക്ഷാൽ
കാലാതിവർത്തിയാം തമ്പുരാൻതാൻ
കാലിണകുപ്പിയവനെ വണങ്ങാൻ
കാലം കളയാതെ പോകനിങ്ങൾ.

അവർ എല്ലാവരും :

അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി,
അത്യഗാധങ്ങളിൽ ദൈവത്തിനു സ്തുതി;

www.malankaralibrary.com

എപ്പോഴുമെപ്പോഴും ദൈവത്തിന്ന സ്തുതി,
എന്നുംജീവിക്കും ദൈവത്തിന്ന സ്തുതി!

ഹല്ലേലുയ്യാ——ഹല്ലേലുയ്യാ———
ഹല്ലേലുയ്യാ————

## രംഗം നാലു്

(മാലാഖമാർ പുൽക്കൂട്ടിൽ താരാട്ടുനൃത്തം—)

രാരിരം രാരിരം രാരിരം രാരോ, രാരിരം ........

ഉണ്ണീയുറങ്ങു , ഉണ്ണീതാമര—
കണ്ണുകൾ പൂട്ടി, ഉണ്ണീയുറങ്ങു്
വിണ്ണുവെടിഞ്ഞീക്കണ്ണീർനിറഞ്ഞ
മണ്ണിൽ വന്നോനേ, കണ്ണേയുറങ്ങു്—
രാരിരം......

അമ്മതന്നങ്കതലത്തിൽക്കിടന്നു്.
അമ്മിഞ്ഞപ്പാൽ നുകർന്നുണ്ണീയുറങ്ങു്,
നിന്നാംഗികത്താൽ ചലിക്കുന്നു വിശ്വം
നിൻ നീതിയാൽ നീ ഭരിക്കുന്നു ലോകം
(രാരിരം......

(മാലാഖമാർ അപ്രത്യക്ഷരാകുന്നു. ഉടൻതന്നെ ഇടയന്മാർ പ്രവേശിക്കുന്നു.)

ഒന്നാമൻ :

ഉണ്ണിയെ നോക്കൂ, പുല്ലണിമെത്തയിൽ
കണ്ണിമയ്ക്കാതെ, കിടക്കുന്നുമുമ്പിൽ.
ചേററിൽ വിരിഞ്ഞ ചെന്താമരപ്പൂപോലെ
ചേണററ കുഞ്ഞു കിടന്നിടുന്നു.

www.malankaralibrary.com

രണ്ടാമൻ :

മഞ്ഞിൻ തണുപ്പു മാററുവാനായ്‌വെറും
പഞ്ഞം പിടിച്ച തുണികാം മാത്രം.
കാററടിയേററു കിടക്കുകയല്ലേ്യാ,
കാററിനുതാൻ കുഴൽ നൽകിയ തമ്പുരാൻ.

മൂന്നാമൻ :

കുഞ്ഞിക്കൈകണ്ടോ, ഉയർത്തിടുന്നുണ്ണി,
കുഞ്ഞാട്ടിൻ കൂട്ടരാം നമ്മളെ വാഴ്ത്തുവാൻ;
കുഞ്ഞിക്കാൽ മന്ദംചലിപ്പിച്ചിടുന്നു
കുഞ്ഞിലേ തന്നെ ദോഷമകററാൻ.

ഒന്നാമൻ :

ഉണ്ണിയിടെ കൊച്ചരിക്കണ്ണിണ കണ്ടോ
മണ്ണിനോടുള്ള നിറഞ്ഞ കരുണ!
ഉണ്ണിയിടെ നോട്ടം നേരേവരുമ്പോഠം
ഉള്ളിൻെറയുള്ളിൽ എന്തൊരാനന്ദം!

രണ്ടാമൻ :

ദുഃഖം മുഴുവൻ പൊയ്പ്പോയപോലെ,
ക്ലേശമൊന്നാകെയകന്നതുപോലെ;
കയ്പ്പുനീർപോലുള്ള ദുഃഖങ്ങളിപ്പോഠം
കർത്താവുനൽകുന്ന മുന്തിരിച്ചാറ്.

മൂന്നാമൻ :

എന്തൊരാനന്ദം ആത്മാവിനുള്ളിൽ;
എന്തൊരാനന്ദം മനസ്സിൻെറയുള്ളിൽ
ദൈവത്തിൻ പുത്രൻ നമ്മടിടയ്ക്കു്
വന്നുപിറന്നല്ലൊ, മാനവനായി!

www.malankaralibrary.com

എല്ലാവരും :

ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ,
ഹല്ലേലൂയ്യ, സ്തുതിദൈവത്തിനെന്നും
എന്നുമെന്നും പാടാം ഹല്ലേലൂയ്യാ
എന്നുമെന്നും ദൈവപുത്രനുസ്തോത്രം.

## രംഗം അഞ്ച്

(കിഴക്കു നിന്നുള്ള മൂന്നു രാജാക്കന്മാർ—വിദ്വാന്മാർ യെറുശലേമിലേക്കുള്ള വഴിയാത്രയിൽ)

ഒന്നാമൻ :

നമ്മുടെ നാടാകും പേർഷ്യയിൽ നിന്നും
നമ്മളം നടന്നു നടന്നിവിടെത്തി;
എത്രനടന്നാലും എത്ര കുഴഞ്ഞാലും
എത്തണം ലക്ഷ്യത്തിലെന്നേ വേണ്ടൂ.

രണ്ടാമൻ :

യൂദയാ നാടായി, നീണ്ടമരുവിൽ നാം
യോജനയെത്ര കടന്നുപോന്നോ!
യെറുശലേം പൂകാൻ ദൂരമിനി, നമു—
ക്കേറെയില്ലെന്നിപ്പോളം തോന്നിടുന്നു.

മൂന്നാമൻ :

നാട്ടിൽ വച്ചേ നമ്മളം കണ്ടനക്ഷത്രം
കൂട്ടിനുണ്ടിപ്പോഴും വിണ്ടലത്തിൽ;
വെട്ടിത്തിളങ്ങുന്നുണ്ടിപ്പോഴതും വഴി—
കാട്ടിനയിക്കുന്നു മുന്നോട്ടിതാവീണ്ടും.

www.malankaralibrary.com

എന്തൊരു തേജസ്സോ, മുമ്പിതുപോലൊരു
ബന്ധുരദീപ്തിമദ് ജാജ്ജ്വല്യതാരം
വിണ്ടലംതന്നിലറി, വി, ള്ളദിച്ചതായ്,
കണ്ടുകണ്ടങ്ങനെ നിന്നുപോയ്ഞാൻ!

ഒന്നാമൻ :

ഏതോമഹാ ദിവ്യനേതോ മഹാനൃപൻ
ഭൂതലംതന്നിൽ പിറന്നതു നിശ്ചയം.
ദാർശനികന്മാർ ദേശംതോറുമൊരു
ദിവ്യജനനം കാത്തിരുന്നല്ലൊ.

ഈശ്വരൻ നമ്മൾക്കു നൽകാൻ കനിഞ്ഞ
ശാശ്വതവിജ്ഞാന ദിവ്യപ്രകാശം,
നക്ഷത്രദർശന വേളയിൽ, വേദത്തിൽ
നിക്ഷിപ്തമാം സത്യമോർക്കാൻ തുണച്ചു.

രണ്ടാമൻ :

നമ്മുടെസൗഭാഗ്യം സമ്പൂർണ്ണമാകണം,
ഇമ്മഹാപൂരുഷ ദർശനത്താലിനി;
പിന്നെയിജ്ജീവിതം ധന്യമായ്, സത്യത്തി-
ന്നന്വേഷണഫലകൈവല്യമായ്.

മൂന്നാമൻ ;

കാണാൻ കൊതിക്കുന്നെൻ കണ്ണുകൾ, ചേണമ്പും
മാണിക്യം പോലുള്ള പൊന്നുണ്ണിയെ;
കണ്ടാൽ കൊതി തീരില്ലെന്നാലൊരുനോക്കു-
കണ്ടാലോ ജന്മംസഫലമായി!

ഇപ്പോഴേ തന്നെയെൻ ഹൃത്തുസന്തോഷത്താൽ
തപ്പുകൊട്ടുന്നുണ്ടു താരപ്രതീക്ഷയിൽ.
ഇപ്പോഴേതന്നെയെൻ കണ്ണുഴറുന്നു
സ്വർപ്പൂരം വിട്ടിവിടെത്തിയോനെക്കാണ്മാൻ.

www.malankaralibrary.com

ഒന്നാമൻ :

പേർത്തും വഴികുറെ താണ്ടുവാനുണ്ടെന്നാൽ
തീർത്തും മറക്കുന്നു ക്ലേശങ്ങളെല്ലാം;
നമ്മുടേതായ മനസ്സുകൾക്കീശ്വരൻ
ചെമ്മേ കനിഞ്ഞു തരുന്നു തൻശക്തി.

മൂന്നാമൻ :

മുന്നോട്ടുതന്നെ ഗമിക്കാം നമുക്കു്,
മുന്നിൽവെളിച്ചം തെളിക്കുന്നു താരകം,
യേരുശലേംപുരിയെത്തിയാൽ പക്ഷേ,
ഈശ്വരപുത്രജനനമറിയാം.

നക്ഷത്രമേ, ദിവ്യ നക്ഷത്രമേ, വാനിൽ
അക്ഷയഭാസ്സിൽ തെളിഞ്ഞുനിൽക്കൂ,
ദൈവത്തിൻ പുത്രനെ കാണുംവരേയ്ക്കും,
ഭവ്യം വിതച്ചു വഴികാട്ടണേ നീ!

വന്ദനമോതുന്നു ഞങ്ങൾ നിനക്കഭി—
വന്ദ്യനെ ഞങ്ങൾക്ക കാട്ടിത്തരേണേ,
നന്ദി നിനക്ക തരുന്നൂ, ദൈവത്തിൻ—
നന്ദനനെ വേഗം കാട്ടിത്തരേണേ!

## രംഗം ആറു്

(യേറുശലേം, ഹേറോദേസിൻെറ കൊട്ടാരം. കുറെ പണ്ഡിതന്മാരൊത്തു് രാജാവു് ആസ്ഥാനമണ്ഡപത്തിൽ.)

ഹേറോദേസ് :

എന്തോ, മനസ്സിന്നൊരസ്വാസ്ഥ്യത,
എന്താണു ഹേതുവെന്നജ്ഞാതം.

www.malankaralibrary.com

ആരെങ്കിലുമുപജാപത്താലെൻ സ്ഥാനം
ദൂരെത്തെറിപ്പിക്കാൻ നോക്കുകയോ!

ഞാനാണു യൂദയാനാടിൻ ഭൂപതി,
ജ്ഞാനികളാലുപദിഷ്ടനാം ഭൂപതി;
ബാഹുബലത്താൽ, റോമിലെസീസറിൻ
ബാഹ്യസഹായത്താൽ വാഴുന്ന ഭൂപതി

എന്നെയെതിർക്കാൻ തുനിഞ്ഞാലൊരുത്തനേം
പിന്നെ ഞാൻ വച്ചേക്കുകില്ലിക്ഷിതിയിൽ;
കുഞ്ഞുങ്ങളാണെന്നുപോലും നോക്കില്ല,
കുഞ്ഞിക്കഴുത്തുഞാൻ ഛേദിച്ചെറിയും!

ഒരു പണ്ഡിതൻ :

വാഴ്ക, വാഴ്ക, യൂദയാരാജൻ,
വാണാലും, ആചന്ദ്രതാരം ഭവാൻ,
വേറേ വികല്പവിചാരങ്ങൾ വേണ്ടാ
വാഴ്‌വു നിനക്കു ശുഭമായ് ഭവിക്കട്ടെ!

ഹേറോദേസ് :

എങ്കിലും മാനസമൊന്നുകുളിർക്കാൻ, ദുഃ-
ശ്ശങ്കകളാകെ ദൂരീകരിക്കാൻ
പങ്കേരുഹാക്ഷിമാ,രെത്തട്ടിവിടെ,
പാടട്ടെ, യാടട്ടെ; മദിരവരട്ടെ!

(നൃത്തക്കാരികൾ പ്രവേശിക്കുന്നു; നൃത്തമാടുന്നു; രാജാവ് മദ്യം നുകരുന്നു)

നൃത്തക്കാരികൾ :

നുകരൂ, നുകരൂ, ലഹരി നുകരൂ,
നുകരൂ, ലാവണ്യ ലഹരി നുകരൂ,
അരചനു രതിരസമുണർത്തിയുയർത്തും
അംഗനമാരിവർ, ശുഭലേംകുമാരിമാർ

www.malankaralibrary.com

ജറുശലേമിലെ സുന്ദരിമാർ ഞങ്ങൾ,
പറുദീസായിലെ വിലാസ ലതികകൾ,
ഫണികളേപ്പോലാടി ലഹരിതരുന്നോർ;
ഗുണിഗണമാനസമിളകട്ടെ!

മാണിക്യമണിവീണ മീട്ടു, ഗായകരേ,
പ്രാണനിൽ ശൃംഗാരമധുരവികാരം!
കണങ്കാലിൽകെട്ടിയിട്ട ചിലങ്കകൾ കിലുങ്ങട്ടെ,
കരളിലെ കാമരസമുണരട്ടെ. (നകരു-)

നൃത്തക്കാരികൾ നിഷ്ക്രമിക്കുന്നതോടെ മൂന്നു രാജക്കന്മാർ പ്രവേശിക്കുന്നു)

ഒന്നാമൻ :

വന്ദനം, ഹേറോദ് മന്നാ, നിനക്കു്,
സന്നതി ഞങ്ങൾ തരുന്നു മഹാരാജൻ;
വന്നിരിക്കുന്നിവർ പൂർവ്വദേശത്തിൽ-
നിന്നുമിപ്പുണ്യ നഗരിയിലിപ്പോൾ.

വിജ്ഞാനതല്പരരത്രേ ഞങ്ങൾ-
ക്കജ്ഞാതമായവ കണ്ടറിഞ്ഞീടാൻ,
അന്വേഷണത്വരയോടെ ജീവിപ്പൂ,
അന്യാഭിലാഷങ്ങളില്ല തരിമ്പും.

രണ്ടാമൻ :

നാട്ടിൽക്കഴിയവേ, ഇയ്യിടെ ഞങ്ങൾക്ക-
നോട്ടമാകാശത്തിൽ ചെല്ലവേ,
കണ്ടൊരുനാളൊരു ദിവ്യനക്ഷത്രം
വിണ്ടലം തന്നിലത്ഭുതപൂർവ്വകം;
പെട്ടന്നു വേദലിഖിതങ്ങൾ നോക്കി;
കിട്ടിയതിന്റെ പൊരുളും ഭാവവും.

www.malankaralibrary.com

മൂവരും :

ദിവ്യനൊരുണ്ണി പിറന്നിരിക്കുന്നു
ഭവ്യമുലകിൽ വിതസ്സുവാനായ്;
യൂദകുലത്തിന്റെ രാജാവാണവൻ
ഏതെന്നറിവീലവന്റെ ജന്മസ്ഥലം.

മൂന്നാമൻ :

യൂദയാനാട്ടിൽ എത്തുവോളം വാനിൽ
വാരൊളി വീശിയ വെള്ളിനക്ഷത്രം,
മുമ്പിലാകാശത്തു നീങ്ങി വഴികാട്ടി,
അമ്പേ, മറഞ്ഞുപോയ്പെ ട്ടന്നൊരു ദിനം.

അങ്ങയെക്കണ്ടാലദ്ദിവ്യൻ പിറന്ന
മംഗലഗേഹമറിഞ്ഞിടാമല്ലോ
എന്നു വിചാരിച്ചു വന്നു, സദയം
ഒന്നു പറഞ്ഞു തരുവാൻ കനിയണം.

മൂവരും :

പൊന്നുണ്ണിയെക്കണ്ടു കുമ്പിട്ടിടേണം,
പൊന്നും, മീറയും നൽകുന്തിരിക്കവും
പാദാന്തികത്തിൽ കാഴ്ചവച്ചീടണം,
പാപമകന്നു പരമപദം പൂകാൻ.

സ്വർഗ്ഗേശപുത്രന്റെ ദർശനാനുഗ്രഹം
സ്വർപ്പുരഭാഗ്യത്തിന്നാച്ചാരം,
സംസാരപാന്ഥർക്കനപേക്ഷണീയം;
സന്താപമെല്ലാമൊടുങ്ങുമന്നേരം.
(ഹേറോദേസ് ഭ്രമിച്ചുവശാകുന്നു)

ഹേറോദേസ് ;

എന്താണുകേരംക്കുന്നേ, തെന്താണെന്നുള്ളിൽ
കുന്തമുനയാരോ കുത്തിയിറക്കുന്നു;

www.malankaralibrary.com

സൂരികളേ, നിങ്ങാ പിച്ചുപറയുന്നോ,
സൂര്യൻെറ മുമ്പിൽ കൂരിരുട്ടോ!

യൂദയായിൽ ഞാൻ വാഴവേ, വേറൊരു
രാജാവിവിടെ പിറന്നുവെന്നോ;
സംഭവ്യമല്ലാത്തകാര്യം പുലമ്പുന്ന
വമ്പുകാട്ടാതെ തിരിച്ചുപോകൂ, നിങ്ങാ. —

ഒന്നാമൻ :

ഹേ, മഹാരാജൻ, 'കോപമരുതേ'
ഈ മഹിതൻ ഭാഗധേയംകുറിക്കാൻ
ദിവ്യനൊരുവൻ പിറക്കുമെന്നല്ലോ
ദിവ്യലിഖിത പ്രഘോഷണസത്യം.

ഹേറോദേസ് : (പണ്ഡിതന്മാരെനോക്കി)

ആസ്ഥാനമണ്ഡപവിദ്വൽജനങ്ങളേ
ആക്ഷേപമെന്തു പറയുവാനുണ്ടിതിൽ,
യൂദകുലത്തിനു രാജാവൊരുവൻ
യൂദയാനാട്ടിൽ പിറക്കുമെന്നോ?
വേദഗ്രന്ഥങ്ങളിലിക്കാര്യമുണ്ടോ,
വേഗംപറയണമെന്തായാലും.

ഒരു പണ്ഡിതൻ:

മാപ്പുതരണമേ, കയ്ക്കുന്നസത്യം
മാററിമറിക്കാൻ കഴിയാത്തതിൽ ഭവാൻ,
വേദഗ്രന്ഥപ്രോക്തം: പ്രസ്തുതരാജാവു്
ബേതലഹേമിൽ പിറവിയെടുക്കും.
(ഹെറോദേസ് ശാന്തത നടിച്ചു്)

www.malankaralibrary.com

ഹേറോദേസ് : (അനുനയത്തിൽ)
അങ്ങനെയാണപ്പോറംകാര്യം, നമുക്കിതിൽ
മംഗലംനേരുകയത്രേ കരണീയം!
അത്രുസ്സുദിവ്യനാണെങ്കിലീരാജാവു,
സത്യമായും വന്നു നാടുഭരിക്കട്ടെ.

(മൂന്നുരാജാക്കന്മാരോടായി-)
രാജകുമാരനെ ബെതലേമിൽപ്പോയി,
സൂരികളേ നിങ്ങറം കുമ്പിടേണം;
പ്രത്യാഗമിക്കവേ ചൊല്ലണമെന്നോടു്,
കൃതമായ്തൻ വാസസ്ഥാനകാര്യം.

വന്ദിക്കണമീയെനിക്കും പൊന്നുണ്ണിയെ,
വന്ദ്യനാംദൈവത്തിന്നോമൽക്കുമാരനെ,
സാക്ഷാൽയഹൂദകുലനൃപൻ വാഴട്ടെ,
സാക്ഷിയായ്നിൽക്കാം ഞാൻ ദൂരെമാറി-'
(രാജാക്കന്മാർ പോകുന്നു)

ഹേറോദാസ് :
പോയിത്തുലയട്ടവന്മാർ, തിരിച്ചു
പോരുമ്പൊളെന്നെ കാണാതിരുന്നാൽ,
കൊന്നുകളയണം രണ്ടുവയസ്സുള്ള
കുഞ്ഞുങ്ങളെയെല്ലാം നിഷ്ക്കരുണം!

www.malankaralibrary.com

## രംഗം ഏഴ്

(പുൽക്കൂട്ടിൽ ഉണ്ണിയീശോ ശയിക്കുന്നു. തൊട്ടടുത്ത് മറിയയും യൗസേപ്പും. നക്ഷത്രം പുൽക്കൂടിനുമീതെ തെളിഞ്ഞുനിൽക്കുന്നു, മൂന്ന് രാജാക്കന്മാർ പ്രവേശിക്കുന്നു)

ഒന്നാ :

എങ്ങോയിടയ്ക്കു മറഞ്ഞ നക്ഷത്രം
നമ്മെ വഴികാട്ടിക്കൊണ്ടിതാ വന്നു.
കാലിത്തൊഴുത്താണിതെങ്കിലും, തോഴരേ,
കാണുക നിങ്ങൾ ദിവ്യനാമുണ്ണിയെ.

രണ്ടാമനും :
മൂന്നാമനും :

കണ്ടല്ലൊ ഞങ്ങളും ദൈവതനൂജനെ;
കൊണ്ടാടി നമ്മൾക്കു കുമ്പിടാമുണ്ണിയെ;
ക്ലേശങ്ങളെല്ലാമകന്നുപോയല്ലൊ,
ശാശ്വതശാന്തി മനസ്സിനുവന്നല്ലൊ!

മൂവരും :

പാദാന്തികത്തിൽ കാഴ്ചവച്ചീടാം
പൊന്നും മീറയും നൽകുന്തിരിക്കവും (പാദാ)
(ഒരോരു ഇവ കാഴ്ചവയ്ക്കുന്നു)
ആചാര്യനും കുടിയായയൊരീരാജാ—
വാചന്ദ്രതാരം വാഴട്ടെ ഭൂമിയിൽ;

ദൈവത്തിൻ പുത്രാ, സ്തുതിനിനക്ക്
കൈവല്യദായകാ, സ്തോത്രം നിനക്ക്
രാജ്യവും ശക്തിയും ഒപ്പം മഹത്വവും,
രാജാധിരാജൻ, നിനക്കു താനെന്നും!

കർട്ടൻ

സമാപ്തം

www.malankaralibrary.com

# സ്നാപകയോഹന്നാൻ

(ബാലേ)

## രംഗം ഒന്ന്

(യോഹന്നാൻ — കാവി — തവിട്ടു — നിറത്തിലുള്ള ഉടുപ്പും, അരയിൽ തോൽവാറും, തലമുടി നീട്ടി വളർത്തിയിരിക്കുന്നു: അല്പം നീണ്ട താടിമീശയും — കൈയിൽ ഒരു നീണ്ടവടി )

(പശ്ചാത്തലത്തിൽ ശ്ലോകം:)

ഏകാന്തസ്ഥലിവിട്ടു തപസ്സിൻ
 ചൈതന്യവും സംവഹി-
ച്ചാകാശേശ്വരസൂനുവിന്നു
 പുതുതാം മാർഗ്ഗം തെളിച്ചീടുവാൻ;
മർത്ത്യാകൃത്യ വിമോചനത്തിനനുതാ-
 പാർദ്രാവിലക്ഷുണ്ണമാം
ഏത്താണേകയുപാധിയെന്നു നെടുകെ-
 ഗ്ഘോഷിച്ചതസ്നാപകൻ.

(യോഹന്നാൻ പ്രവേശിക്കുന്നു)

യോഹന്നാൻ :

പശ്ചാത്തപിക്കുവിൻ, പശ്ചാത്തപിക്കുവിൻ!
യൂദജനങ്ങളേ, പശ്ചാത്തപിക്കുവിൻ!
പാപങ്ങളെപ്പററി ദുഃഖിച്ചു നിങ്ങൾ
പാവന യോർദാനിൽ മുങ്ങുവിൻ മുക്തിക്കായ്!

www.malankaralibrary.com

അണലിതൻ മക്കളേ, ദൈവത്തിൻ കോപം
ആരാലണഞ്ഞിതാ,യെന്നറിഞ്ഞിടുവിൻ.
നല്ലഫലങ്ങൾ കായ്ക്കാത്ത വൃക്ഷങ്ങൾ
എല്ലാം മുറിച്ചു തീയിലെറിഞ്ഞിടും.
പശ്ചാത്തപിക്കുവിൻ..........
(നിൽക്കുന്ന ജനങ്ങളിൽ രണ്ടുപേർ ഭടന്മാരാണ്)

ഒരാൾ :

ആരാണു നീയെന്നു ചൊല്ലണം, ദൈവിക
സാരോപദേശങ്ങൾ ചൊല്ലുന്നതാരു നീ?
അക്ഷയശക്തൻ യഹോവ അയച്ചോരു
രക്ഷകനാകും മശിഹയോ, ചൊല്ലുനീ.

യോഹന്നാൻ :

ഞാനല്ല മശിഹാ, ഞാനല്ല രക്ഷകൻ
ഞാനോ, വെറും ശബ്ദം, മരുവിലെ ശബ്ദം.
രക്ഷകനാകും മശിഹായുടെ പാദ-
രക്ഷതൻ വാറഴിപ്പാനുമയോഗ്യൻ.

ലോകത്തിൽ പാപം പോറാൻ വന്നോരു
ദൈവത്തിൻ കുഞ്ഞാടുതന്നെയവൻ:
അദ്ധ്വാനിക്കുന്നോർ, ഭാരം ചുമക്കുന്നോർ
അത്താണിയായിക്കരുതുമവനെ.

രോഗികൾ സൗഖ്യം പ്രാപിക്കും തൻകയ്യാൽ
പാപികൾ ആത്മവിശുദ്ധിനേടും;
മൃത്യുവശഗരുയർത്തെഴുന്നേൽക്കും,
സത്യ,മവൻ മാത്രമെന്നറിയൂ.

അവനടുത്തുണ്ടിവിടെത്തും വൈകാതെ
അവനുടെ മുന്നോടി, വഴിയൊരുക്കുന്നു ഞാൻ.
അവനേകും സ്നാനം വെള്ളത്താൽ മാത്രമ-
ല്ലഗ്നിയാ, ലാത്മാവാലെന്നുധരിപ്പിൻ!

www.malankaralibrary.com

ജനം :

എന്തുചെയ്യണം, ഞങ്ങൾ എന്തുചെയ്യണം
സന്തതം ചിത്ത ശുദ്ധിനേടുവാൻ;
എന്തുചെയ്യണം എന്തുചെയ്യണം
ഹന്ത! ദൈവത്തിന്നു പ്രീതിയേകുവാൻ"

യോഹന്നാൻ :

പശ്ചാത്തപിക്കുവിൻ, നല്ലെങ്കിൽ നിങ്ങൾ
നിത്യനാശത്തിൽ വീഴുമേ നിത്യമായ്.
നരകമിതാ, വായ്പിളർന്നു നിൽക്കുന്നു
എരുതീ വയററിൽ വിഴുങ്ങുമേ നിങ്ങളെ.

ധർമ്മമെങ്ങോപോയി, ന്യായപ്രമാണം
ചെമ്മേ കാററിൽപ്പറത്തി നിങ്ങൾ;
ഇമ്മഹിനിത്യസ്ഥലമെന്നു ചിന്തി-
ച്ചുന്മത്തരായിക്കഴിയുന്നു കഷ്ടം !

സ്വന്തമെന്നൊന്നും കരുതരുതാരുമേ,
പങ്കുവച്ചീടണം സ്വന്തം വിഭവങ്ങൾ.
കൈയടക്കീടരുതാരുടെയും മുതൽ
കൈവശമുള്ളതു നൽകാൻ പഠിക്കണം.

എല്ലാവരും ദൈവമക്കളൊണെന്നുള്ള-
തുള്ളത്തിൽവച്ചു പുലർത്തി ജീവിക്കണം.
നിസ്വരെ, രോഗപീഡിതരെ, നിങ്ങൾ
നിത്യം തുണയ്ക്കണം, നിർദ്ദയരാകൊലാ.

പാപം ചെയ്യരുതാരും നല്ലനു-
താപം വരുത്തണം ഹൃത്തിലുടനെ.
പാപ പരിഹാരം കൂടെ വരണം,
പാതകത്തിൻ കറ ക്ഷാളനം ചെയ്യണം.

www.malankaralibrary.com

നോക്കുക നിങ്ങടെ രാജാവിനെ, യൂദ-
രാജ്യം ഭരിക്കുന്ന ഹേറോദേസിനെ;
എന്തൊരുഭീകര പാപത്തിലാണയാം
എന്തു ചെയ്യാനും മടിക്കാത്ത രാക്ഷസൻ.

സ്വന്തം സഹോദരഭാര്യയെ മോഹിച്ചു,
സ്വന്തം ശരീരകാമപൂർത്തിക്കായ്,
കൊണ്ടുവന്നാഹന്ത ! ജീവിച്ചിടുന്നു
എന്തൊരുതപ്പോവരുത്തുന്ന ദുഷ്ടൻ:

ഭർത്താവിനെവിട്ടീ ദുഷ്ടൻെറ കൂടെ
പാർക്കും ഹേറോദിയായെന്നൊരീരാജ്ഞി
വേശ്യയല്ലെന്നാരുചൊല്ലും, ശരീരത്തി-
ന്നാശയവൾക്കെന്നുതീരുമോ, ദൈവമേ !

വേലികൾതന്നെ വിളവു തിന്നാൽ
കാലികൾ തൻകഥ വേറേപറയണോ?
നേതാവിതേവിധമെന്നുവന്നാലോ,
നേരേയാകുന്നതു തൻജനമെങ്ങനെ!

ഭടന്മാർ : (കോപാക്രോശത്തിൽ)
ആരെടാ, നീ ആരെടാ നീ
ഞങ്ങടെ മന്നനെ കുററം പറയാൻ;
ആരെന്നു ചിന്തിച്ചു, നാടുവാഴുന്നോൻ
കേവലം നിൻെറ കളിപ്പാട്ടമോ.

തെണ്ടിനടക്കുന്ന കാഷായക്കാരൻ
വൻപനാം രാജനെ പുച്ഛിക്കയോ?
രാജദ്രോഹി നിന്നെ ബന്ധിച്ചുടൻ കൊട്ടും
കാരാഗൃഹത്തിലടച്ചുതന്നെ.

www.malankaralibrary.com

നീയിങ്ങനെ ഭള്ളുചൊല്ലുന്നതായി
നേരത്തെ രാജാവു കേട്ടിരുന്നു.
നിന്നെ പിടികൂടി കൊണ്ടുചെല്ലാൻ
തന്നിതാ കല്പനയെന്നറിയൂ.

യോഹ :

എന്നെയോ നിങ്ങൾ ഭയപ്പെടുത്തുന്നു?
എൻെറ സഹോദരന്മാരാം ഭടന്മാരേ!
എൻെറ യെഹോവ തൻ നിശ്ചയം പോലെ
എൻജീവിതമെന്നറിയുന്നുഞാൻ.

മൃത്യുവെ ഞാൻ ഭയപ്പെട്ടു കഴികയോ,
സത്യപ്രബോധനമെൻെറ ധർമ്മം;
നീതിയാണെൻെറ ജീവിതമാർഗ്ഗം
ലോകത്തിൻ നന്മയാണെൻെറ ലക്ഷ്യം.

ഭടന്മാർ :

റാണിക്കു കോപം വന്നാലേ
കാണിക്കും കാണില്ല കാരുണ്യം.
നിൻെറ കഴുത്തിനു വാളിരിക്കുന്നു
നിന്നന്ത്യം വന്നെന്നറിഞ്ഞുകൊള്ളൂ!

പൊല്ലാപ്പുചൊല്ലി നടക്കുംനിന്നെ
കൊല്ലാതിരുന്നതുതന്നെ ദോഷം;
കല്പനയുണ്ടു വിലങ്ങു വയ്ക്കാൻ
കല്പിച്ചുനിന്നെ വെറുത്തുപോയി!
(ബന്ധിക്കുന്നു)

കർട്ടൻ

www.malankaralibrary.com

## രംഗം രണ്ടു്

(ഹേറോദേസും രാജ്ഞി ഹെറോദ്യയും ഉദ്യാനത്തിൽ)

ഹേറോദേസ് :

എത്രയോ സുന്ദരമാണീജീവിതം;
ഇത്രയും നന്നെന്നു നീ വിചാരിച്ചുവോ?
എൻെറകൂടെ വന്നു പാർത്തതിൻ ദുഃഖം
എന്തുകൊണ്ടും നിനക്കുണ്ടാകയില്ലെടോ!

റോമിൻെറ സാമന്തനാണെങ്കിലും ഞാൻ
യൂദയ രാജ്യത്തിൻ രാജാവല്ലേ?
എന്നുടെ പട്ടമഹഷിയായ്ത്തീർന്നതി-
ലിന്നുനിനക്കില്ലേ, തുംഗാഭിമാനം?

രാജകൊട്ടാരത്തിൽ താമസമായില്ലേ,
രാജീവനേത്രീ, കുടിക്ക സുഖാസവം.
റോമിലൊരുഗതിയില്ലാതെ നിൻപതി
താമസിക്കുന്നതൊന്നോർത്തുനോക്കു.

നിന്നെ ഞാൻ കണ്ടനിമിഷം മുതൽത്തന്നെ
എൻെറ സ്വത്താക്കണമെന്നുകരുതി;
എന്നോടുപ്രേമം നിനക്കുമുണ്ടായതി-
ന്നെന്നുടെഭാഗ്യമെന്നല്ലാതെ ചൊല്ലാമോ?

ഇന്നു നിനക്കെന്തുവേണം, സമസ്തവും
നിന്നിംഗിതത്തിനു വിട്ടുതരുന്നു ഞാൻ;
പട്ടുടയാടകൾ വേണമോ, രാവിലും
വെട്ടിത്തിളങ്ങുന്ന രത്നങ്ങൾ വേണമോ?

മട്ടോൽമൊഴീ, നിൻെറ പാദദാസൻ ഞാനെ-
ന്നെപ്പൊഴുമോർക്ക നീ ശങ്കിക്കവേണ്ടെടോ;
കുട്ടിനീമൗലേ, നിൻഗാത്രഗന്ധം മാത്രം
തട്ടിയാൽത്തന്നെയെൻഹൃത്തിനൊരുന്മാദം.

www.malankaralibrary.com

എന്റെ സഹോദരനെന്തൊരു നിർഗ്ഗുണൻ,
സ്വന്തമായൊന്നും കൈയിലില്ലാത്തവൻ;
മർക്കടത്തിൻ കൈയിൽ കിട്ടിയ രത്നം പോൽ
തർക്കമില്ല, നിന്നെ കൈകാര്യം ചെയ്യല്ലൊ!

എന്നെപ്പോൽ ശൃംഗാരഭാവഹാവങ്ങൾ
എങ്ങനുണ്ടാകും രസികനല്ലാത്തോൻ;
രാസലീലാലോലമല്ലാത്ത ജീവിതം
ഹാസ്യവിഷയമാണെന്നു നീ കണ്ടില്ലേ!

പുണ്യപാപാദിനിരർത്ഥകകാര്യങ്ങൾ
എണ്ണിയാലില്ലല്ലൊ നിൻ ജീവിതത്തിലും;
ധർമ്മശാസ്ത്രങ്ങൾ വഴിമുടക്കീടൊലാ
നമ്മുടെ സുന്ദരജീവിതയാത്രയിൽ!

ഹേറോദ്യ :

അങ്ങേയ്ക്കുനന്ദി, യൊരായിരം നന്ദി,
ഇന്നെന്റെ ജീവിതം ധന്യമായി,
റോമിൽക്കിടന്നലയാതെന്നെ, യൂദയാ-
ഭൂമിയിലേക്കങ്ങു കൊണ്ടുവന്നല്ലൊ.

ഇന്നെനിക്കാനന്ദ സുന്ദരജീവിതം,
ഇന്നെല്ലാം വേണ്ടതിലേറെ സുലഭം!
എന്നാലെനിക്കൊരു ദുഃഖമുണ്ടേ, പൂർണ്ണ-
ചന്ദ്രനിൽ പാടുപോലെന്റെയുള്ളിൽ;

ഹേറോദേസ് :

ഭദ്രേ, പറഞ്ഞാലും കാര്യമെന്തായാലും
ഒട്ടും മടിക്കേണ്ടാ, നേരേ പറഞ്ഞാലും;
എൻ തങ്കമേ,ഹാ! നിനക്കോ ദുഃഖം;
എങ്ങനിതുഞാൻ സഹിച്ചീടുമോമനേ!

www.malankaralibrary.com

ഹേറോദ്യ :

മറെറാന്നുമല്ല,തസ്നാപക യോഹന്നാൻ
തെററുകാണുന്നുണ്ടെൻ ജീവിതത്തിൽ:
ഭർത്താവിനെ ത്യജിച്ചിങ്ങു ഞാൻ വന്നതു
വൃത്തികേ,ടെന്നയാളോരിയിടുന്നിതാ.

ഞാനൊരു വേശ്യയാണെന്നുവരെ, അയാഠം
നാവിട്ടടിക്കുന്നു കാരാഗൃഹത്തിലും;
നമ്മളെയെത്ര പഴിച്ചതാണീ വിഡ്ഢി,
നമ്മുടെ രാജ്യത്തെ വീഥികഠം തോറും.

സ്നാപകൻ ജീവിച്ചിരിക്കുമ്പൊളിന്നു ഞാൻ
വേപഥു ഗാത്രിയായ്ത്തീർന്നു പോകുന്നിതാ;
ഊണി,ലുറക്കത്തിലിച്ചിന്തയെന്നെയി—
ന്നാകെ വലയ്ക്കുന്നു; പോയി സമാധാനം!

എന്തെങ്കിലുമൊരു തീരുമാനം വേണം,
ഹന്ത!യീശത്രുവെയില്ലാതെയാക്കണം:
ഈ നരകീടത്തെക്കൊന്നാലിവിടാർക്കും
ചേതമില്ലെന്നു ധരിക്ക പ്രിയതമാ.

ഹേറോദേസ് : (അസ്വസ്ഥനായി)

എന്തുപറഞ്ഞു, ഹേറോദിയാ നിൻെറ
ചിന്തയ്ക്കു തീപിടി,ച്ചോ ഹന്ത, കഷ്ടമേ!
സ്നാപകനാരെന്നറിയാതെ, നീ വെറും
പേ,പുലമ്പുന്നതു നല്ലതിനാണെന്നോ?

യൂദജനങ്ങഠം മുഴുവനദ്ദേഹത്തെ
യോഗിയായ്ത്തന്നെ കരുതുന്നതോർക്കണം;
താപസന്മേൽ നമ്മഠം കൈവച്ചുവെന്നാൽ
കോപിച്ചു, നമ്മഠംക്കെതിരാകുമേ ജനം.

www.malankaralibrary.com

അത്രമാത്രം മതി, ചക്രവർത്തി സീസർ
ക്ഷിപ്രമീയെന്നെ ഗളഹസ്ഥം ചെയ്യുവാൻ,
അല്ലെങ്കിൽത്തന്നെയെന്നാജന്മ ശത്രുക്കൾ,
കൊല്ലും കൊലയ്ക്കുമിറങ്ങിത്തിരിച്ചിടും.

രാജ്യത്തു വിപ്ലവമുണ്ടാകും മട്ടിൽ നാം
ത്യാജ്യഗ്രഹണ വിചിന്തനമില്ലാതെ,
ഓരോന്നു ചെയ്താൽ ഭരണ തന്ത്രജ്ഞത,
തീരെയില്ലാത്ത മടയനാകുമിവൻ!

അക്കാര്യം വിട്ടുകളക നീ, നിൻമകൾ
ചൊൽക്കൊണ്ട രാജകുമാരി ശലോമി,
ഇപ്പോളെവിടെപ്പോയ്, നൃത്തപഠനമോ,
അപ്സരസാണവൾ, ഭൂലോക സുന്ദരി!

ഹേറോദ്യ : (ഈർഷ്യയോടെ)
എന്തുകാര്യമെന്തുകാര്യമെൻ മകൾ ശലോമി,
എന്തുചെയ്യുന്നെന്നറിയാനെന്തുകാര്യം?
അവളുടെ കാര്യങ്ങൾ നോക്കുവാൻ ഞാൻ മതി,
അവളെ വെറുതെ വിട്ടേക്കണം.

അവളിലങ്ങിത്രമേൽ താല്പര്യം കാട്ടുവ-
തപകടമാണെന്നു നേരത്തെ ചൊല്ലുന്നേൻ;
അവളുടെ സൗന്ദര്യവർണ്ണന കേട്ടുഞാൻ
മടുത്തുപോ,യിനിയൊന്നു നിറുത്തിയാലും.

അവളിലും കണ്ണുവച്ചു തുടങ്ങിയോ, കൊതിയിന്നും
അവസാനിച്ചില്ലെന്നോ കാമിനിമാരിൽ
അവൾക്കൊരു ഭർത്താവിനെ നേടുന്നകാര്യം
അവളുടെ അമ്മയീ ഞാൻ നോക്കിക്കൊള്ളാം.

www.malankaralibrary.com

ഹേറോദേസ് : (ഇളിഭ്യനായി)

നീയെന്തേ, ചുമ്മാ കോപിച്ചിടുന്നു,
നീയിത്രമണ്ടിയോ, തെററിദ്ധരിക്കാൻ;
നിൻെറമകളെൻ സോദരപുത്രിയെ
വേണ്ടപോൽ നോക്കണമെന്നുമാത്രം.

അവളുടെ ലാസ്യവിലാസ ലഹരിയി—
ലപഹൃതചിത്തരാകാത്തവരാരെടോ;
അതിലൊരുകമ്പ മെനിക്കുകയറിയ—
തപരാധമെന്നു നീ തെററിദ്ധരിക്കയോ?

സ്ഥാപകനോടുള്ള രോഷമിതേവിധം
വ്യാപകമാകുമെന്നാരറിഞ്ഞു?
എല്ലാം മറക്കു, നീ,യെല്ലാം ക്ഷമിച്ചാലും,
പൊല്ലാപ്പുവല്ലതും കാട്ടിടാതെ!

കർട്ടൻ

www.malankaralibrary.com

## രംഗം മൂന്നു്

(ഹേറോദേസ് രാജാവിൻെറ ആസ്ഥാന മണ്ഡപം രാജാവിൻെറ ജന്മദിനാഘോഷം, രാജാവു്, ഹെറോദ്യ, ശലോമി, മന്ത്രിമാർ, പൗരമുഖ്യന്മാർ തുടങ്ങിയവർ സന്നിഹിതരായിരിക്കുന്നു.)

ഹേറോദേസ് :

ഇന്നെനിക്കു സന്തോഷം, ഇന്നെനിക്കുസന്തോഷം,
ജന്മദിനം വന്നുവല്ലോ, ആനന്ദ സുദിനം,
സ്വാഗതം സദസ്യരേ, ആനന്ദസുദിനം,
സ്വാദെഴുന്ന വിരുന്നിന്നു ക്ഷണിതാക്കളാം നിങ്ങളാം

ബാഹുബലംകൊണ്ടുഞാനേവരേമടക്കി
ആഹരിക്കുവാൻ വേണ്ടതെൻ പ്രജകൾക്കേകി,
ആരെനിക്കെതിരാണീ യൂദയാനാട്ടിൽ
ആയുരാരോഗ്യാദി കൊണ്ടു, മിന്നുഞാൻധനവാൻ,

അതിഥികളിൽ ചിലർ :

ആചന്ദ്രതാരം വാഴുക, വാഴുക
ആരമ്യമീദേശഭൂപതിയായി,
അങ്ങുതൻ ചെങ്കോലും, സിംഹാസനവും
എന്നെന്നും നിൽക്കട്ടെ, വീഴാതെ.

റോമിലെ സീസറും അങ്ങുതൻ മിത്രം
രാജഭോഗത്തിന്നൊരു കുറവുമില്ല.
സാമന്തനാണെന്നാലും അങ്ങൊരു മഹാധീര-
സമ്രാട്ടുപോലല്ലൊ വാഴുന്നു ഭുവിൽ.

ഹേറോദേസ് :

ഇന്നെനിക്കു സന്തോഷം, ഇന്നെനി.........
..........................................

www.malankaralibrary.com

(അണിയറയിൽ നിന്നു യോഹന്നാൻെറ ശബ്ദം മുഖരിതമാകുന്നു. എല്ലാവരുടെയും മുഖം വിളറുന്നു)

സർപ്പത്തിൻ സന്തതീ, സർപ്പത്തിൻ സന്തതീ;
സ്വർഗ്ഗമപ്പാടെ വെറുത്തു നിന്നെ.
ആയുസ്സിൻ നാളുകളെണ്ണപ്പെട്ടതോർക്കു
ആരാച്ചാരേക്കാളും ക്രൂരനല്ലോ നീ.

എവിടെ നിൻസോദര ഭാര്യയാംവെപ്പാട്ടി;
അവളുടെ ദിനങ്ങളുമൊടുങ്ങാറായി.
ദൈവ കല്പന വെടിഞ്ഞുപാപമാർഗ്ഗത്തിൽ
ഉർവിയിലെത്രനാരം നിങ്ങരം കഴിഞ്ഞീടും.

നിനക്കു വരുന്ന ശിക്ഷയെന്തെന്നറിയൂ
നിനവു നിനക്കുപോയി ഭ്രാന്തനായ് നീ തീരും.
നിന്നുടെ വെപ്പാട്ടി മരുഭൂവിലലയും
പൊന്നു പൂമേനിയിൽ കുഷ്ഠരോഗം പേറി.

(രാജാവും രാജ്ഞിയും അസ്വസ്ഥരാകുന്നു. ചെവി പൊത്തുന്നു.)

ഹേറോദേസ് :

എന്തൊരു ശല്യം എന്തൊരു ശല്യം
സുന്ദരമായ്ത്തീരേണ്ടുമീ ജന്മനാളിൽ!
യോഗിയെ പാറാവിലാക്കിയതോ കുററം,
ഭോഗിയെന്നീയെന്നെ വിളിച്ചാൽപ്പിന്നെങ്ങനെ?

ഹേറോദ്യ : (സകോപം)

പാറാവിലിട്ടതു നേരിയ ശിക്ഷ
കീറണമിയ്യാളെ തുണ്ടുതുണ്ടായി.
മാറാത്ത ശല്യമായ്ത്തീർന്നോരിവൻ വെറും
പീറയാണീ രാജശക്തിതൻ മുമ്പിൽ.

www.malankaralibrary.com

ഹേറോദേസ് : (ഈർഷ്യയോടെ)
മിണ്ടാതിരിക്കു, നീ ദുഷ്ടേ, കുറെനേരം
വേണ്ടാത്തതൊന്നും വിളിച്ചുകൂവാതെ,
ദൈവപ്രവാചകനെന്നു ജനമോതും
ദിവ്യനെ ചുമ്മാതെ വിട്ടേക്കു—നോക്കു്.

(ഹേറോദ്യയെ നോക്കി)
ഇന്നു നമുക്കു വിരുന്നു ഘോഷിക്കാം
ഇന്നു നമുക്കാടിയുല്ലസിച്ചീടാം;
ഇന്നരങ്ങേറട്ടെ നൃത്തത്തിൽ, നിന്മകൾ
പൊന്നുപോലുള്ള കുമാരി ശലോമി.

(ശലോമി പ്രവേശിക്കുന്നു: നൃത്തം.....................
പശ്ചാത്തല സംഗീതം)
ലലലാ, ലലലാ, ലലലാലാ
ലലലാ, ലലലാ, ലലലാലാ...

ശലോമി :
തിരുനാളിതു, തിരുനാളിതു,
രാജാവിൻ ജന്മനാളിതു
പെരുനാളിതു, പെരുനാളിതു,
പ്രജകൾകൊണ്ടാടും പെരുനാളിതു.

തിരുനാളിതു, തിരുനാളിതു
രാജാവിൻ ജന്മനാളിതു.
സ്വാദിഷ്ടഭോജ്യങ്ങളാഹരിക്കാം
സാനന്ദം മധുപാനംചെയ്തുമദിക്കാം.

ആടിടാം, ആടിടാം അകമഴിഞ്ഞാടാം
പാടിടാം, പാടിടാം, മനമഴിഞ്ഞു പാടാം
തുടികൊട്ടൂ, തുടികൊട്ടൂ, യോർദാൻ തിരകളേ
താളമിട്ടു പാടൂ, ഗലീലാക്കടലേ.

www.malankaralibrary.com

വീണമീട്ടു, വീണമീട്ടു കാരികിൽ വനങ്ങളേ
നൂപുരമിട്ടാട്ടു, ശാരോൻ ലതകളേ!

പാനപാത്രംതോറും മുന്തിരി നിറയ്ക്കു,
കാനനത്തിലെ മയിൽപ്പേട പോൽ ഞാനാടും.
പൂമധു നുകർന്നു് ഒലിവിൽ വന്നിരിക്കും
പൂങ്കുയിൽപോൽ ഞാൻ പാടും, ലഹരിയിലാടും.

ലഹരി, ലഹരി, ലഹരി, ജന്മനാളിൻ-
പുലരി, പുലരി, പുലരി
ലഹരി, ലഹരി, ലഹരി, സിരയാകെ
യൗവനമദഭരലഹരി. ല ല ല ........
(നൃത്തം നിലയ്ക്കുന്നു, ആഹ്ലാദപ്രകടനം)

ഹേറോദേസ് : (സന്തോഷോന്മത്തനായി)
ചുണ്ടുചുവന്ന മാടപ്രാവുപോൽ
ചെണ്ടിലുലയും പാടലപുഷ്പംപോൽ
മേനിയഴകുള്ള പൊന്നേ, ശലോമീ,
മോഹിനീ, നീയിന്നൊരപ്സരസല്ലേ!

എന്തുവേണം നിനക്കെന്തുവേണം,
എന്തും ചോദിക്കു, നീ സമ്മാനമായ്;
സ്വന്തമീരാജ്യത്തിൻ പാതിപോലും നൽകാം
എന്തൊരു നൃത്തം, എന്തൊരു ലഹരി!

ശലോമീ :
എങ്കിൽ ഞാൻ ചൊല്ലാമൊരുകാര്യമേവേണ്ടു,
എന്നാലും മാററരുതേ മന്നവാ,നിൻ സത്യം.
വെള്ളിത്താലത്തിൽ ഇന്നു താൻ വേണം,
ജ്ഞാനസ്നാപകൻതൻതല!
(രാജാവു് ഞെട്ടുന്നു, ഭയസംഭ്രാന്തിയിലാകുന്നു.)

www.malankaralibrary.com

ഹേറോദേസ് :

മൂഢേ, വിവരംകെട്ടവളേ,
മോഹിതനായ് ഞാനെന്തോ പറഞ്ഞു!
എന്നോടു തെല്ലു ദയകാട്ടു, വേറെ
എന്തും തരാം ഞാ, നിതുമഹാപാപം!

ഹേറോദ്യ :

പാടില്ല, പാടില്ല, ചോദിച്ചതേകു;
പാടില്ല, രാജന്ന സത്യവ്യത്യാസം.
കൊണ്ടുവരട്ടെ, തളികയിൽത്തന്നെ
കണ്ടകനാകും സ്നാപകൻ തൻതല.

ഹേറോദേസ് :

നീക്കപോക്കില്ലെങ്കിലങ്ങനാകട്ടെ,
വാക്കിനി മാററില്ല, ഞാനൊരുമന്നൻ.
എല്ലാം തകരട്ടെ, എല്ലാം നശിക്കട്ടെ,
എല്ലാററിനും നീ ഉത്തരവാദി!

ഹേറേദേസ് : (ഉച്ചത്തിൽ) ആരവിടെ?

സ്നാപകൻതൻ തലകൊണ്ടുവരട്ടെ,
ശാപമിവരുംക്കമെന്നേക്കും വരട്ടെ!

(രാജാവ് മുൻവരികളും ഈ വരികളും ആവർത്തിക്കുന്നു. അണിയറയിൽ ദീനമായ ഒരലർച്ച. തളികയിൽ സ്നാപകൻെറ രക്തത്തിൽകുതിർന്ന ശിരസ്സുമായി ഭടൻ പ്രവേശിക്കുന്നു. ഈ ബീഭത്സദൃശ്യം കണ്ടു് രാജാവ് ഭ്രാന്താവേശത്തിൽ അട്ടഹസിക്കുന്നു.)

ഹയ്യോ. മഹാപാപം, എന്തൊരുകാഴ്ച;
വയ്യേ, എനിക്കിതു കാണുവാൻ കഷ്ടം!
(ശലോമിയുടെ നേരേ തിരിഞ്ഞു്)

www.malankaralibrary.com

ദുഷ്ടേ, പതിതേ, സാത്താൻെറ സന്തതീ
വെട്ടും ഇടി നിൻ തലയിൽ ശലോമീ!
വാങ്ങി നിന്നമ്മയ്ക്കു നൽകു പിശാചേ,
വാ തുറന്നീ രക്തം നക്കിക്കുടിക്കു!

(ഭടൻെറ കൈയിൽ നിന്നും ശലോമി താലം വാങ്ങി അമ്മയുടെ കൈയിൽ കൊടുക്കുന്നു. സംതൃപ്തയായി കണ്ട ഹേറോദ്യയുടെ നേരേ നോക്കി;)

ഹേറോദേസ് :

തൃപ്തിയായില്ലേ, നിനക്കിപ്പോഠം ദുഷ്ടേ,
തീർത്താലും തീരില്ലിതിൻെറ ദോഷം;
പോകു, കടന്നുപോ, എൻമുന്നിൽ നിന്നും നീ
പോകാതിരുന്നാലോ നിന്നെഞാൻ കൊല്ലും.

(രാജാവ് ഹേറോദ്യയുടെ നേരേ കുതിക്കുന്നു)

കർട്ടൻ

സമാപ്തം

www.malankaralibrary.com

# മഗ്ദലനമറിയം

## (ബാലെ)

### രംഗം ഒന്നു്

(പൂനിലാവുള്ള സന്ധ്യാസമയം. മറിയയുടെ മണിമന്ദിരോപാന്തത്തിലുള്ള ഉദ്യാനത്തിൽ അവളുടെ രണ്ടു തോഴിമാർ നിൽക്കുന്നു.)

ഒന്നാമത്തവൾ :

എത്ര കമനീയമാണിത്രിസന്ധ്യ
എത്ര മനോഹരമാണീമലർവനം!
നമ്മുടെ സ്വാമിനിക്കിപ്പൗർണ്ണമിദിനം
മംഗലദായകമായിടട്ടെ!

മന്ദമുദിച്ചുയരുന്നിതാ ചന്ദ്രൻ
കുന്ദമലരിൻ തെളിമയോടെ;
നമ്മുടെ സ്വാമിനിതൻമുഖംപോലെ;
നമ്മുടെ ഭാഗ്യപ്രതീകംപോലെ!

പാലൊളിച്ചന്ദ്രിക പാരിൽപ്പരക്കുമീ
വേളയിലാരാമഭംഗിനോക്കു;
വാടാമലരുകൾ പേറുംചെടികളീ-
വാടികമേൽക്കുമേൽ മോടികൂട്ടുന്നു!

രണ്ടാമത്തവൾ :

മാനത്തെപ്പൂന്തോപ്പിലാകമാനം
മിന്നിത്തെളിയുന്ന മുല്ലപ്പൂക്കൾ;

www.malankaralibrary.com

കണ്ണുചിമ്മുന്നവ നമ്മുടെ സ്വാമിനി
കാമുകരെ നോക്കി നിൽക്കുംപോലെ.
സ്വാമിനി നേടിയ രത്നസഹസ്രങ്ങൾ,
കാമുകർ നൽകിയ മുത്തുമണികൾ;
വാരിവിതറിയ മട്ടിലാണല്ലോ
വാനിലെ മുററത്തീതാരകങ്ങൾ

പൂവനംതന്നിലെ പൂച്ചെടികൾതോറും
പൂവുകളെത്രതരത്തിൽ, നിറത്തിൽ,
വാനിലെയാരമ്യനക്ഷത്രപ്പൂക്കൾ
വാടിയാലും ഇവ വാടുകില്ല.

ചുററിലും നിൽക്കുന്ന കാരികിൽ വൃക്ഷങ്ങൾ,
ഒത്തുവളരുന്നൊലിവുമരങ്ങൾ,
ഹെർമ്മോൻമലയിലെ മഞ്ഞണിക്കാറേററു
മർമ്മരഗാനങ്ങൾ പാടിടുന്നു.

കാതിൽ മുഴങ്ങുന്നു കളകളംകാകളി
കോകിലംപാടും മധുരഗീതം;
സ്വാമിനിതൻ പുകൾ വാഴ്ത്തുകയല്ലോ
കാമിതം വേറെ നമുക്കെന്തിനി?

ഒന്നാമത്തവൾ :

മഗ്ദലനയെന്നോരീ രമ്യദേശം,
സ്വപ്നസഞ്ചാരികൾ തൻ കാമ്യഭൂമി;
സ്വർഗ്ഗമിവിടെയാണെന്നുതാൻ ചൊല്ലും
അപ്സരസുന്ദരി ദർശനത്തിൽ.

യൂദയാനാട്ടിലെ നാരീമണികളിൽ
ഏതുകൊണ്ടും അതിസുന്ദരി സ്വാമിനി !
ജീവിതമിങ്ങനിവിടെക്കഴിച്ചീടാൻ
കൈവന്നതെന്തൊരു ഭാഗ്യമെന്നോക്കനീ.

www.malankaralibrary.com

മാളികതന്നിലെ വാസമാഡംബരം
മേളക്കൊഴപ്പുള്ളതല്ലോ പ്രതിദിനം.
സ്വാദിഷ്ഠഭോജ്യങ്ങരം വേണ്ടുവോളം; പ്രിയ-
സ്വാമിനിതൻ ദയാമസൃണഭാവവും.

സ്വാമിനിതൻ തനിത്തങ്കക്കളേബരം
കാമിച്ചണയുന്ന രാജകുമാരന്മാർ,
വാരിച്ചൊരിയുന്ന രത്നങ്ങളിൽകുറെ,
വാരിയെടുക്കാം, നമുക്കുമതുനേട്ടം.

രണ്ടാമത്തവരം :

ഇന്നൊരുറോമൻ പ്രഭു വരു,മെന്നതു-
തന്നെ വിചാരിച്ചിരിക്കുന്നു സ്വാമിനി;
സന്ധ്യാസമയത്തു വന്നിടാമെന്ന-
സന്ദേശമിന്നലേ കിട്ടി,യതിൽപ്പിന്നെ,

സ്വാമിനിയേറെ പ്രതീക്ഷയിൽ തള്ളുന്നു
സാകൂതമേകാന്തവേളകളോരോന്നും;
ദൂരത്തുനിന്നേ വരുന്നതു നോക്കണം
ചാരത്തുചെന്നു വിവരം പറയാൻ,

സുന്ദരനാണപോലദ്ദേഹം, സമ്പത്തിൻ
കുന്നിലാണത്രേ വസിക്കുന്നതുപോലും;
മുത്തും പവിഴവും കൊണ്ടുവരാതിവി-
ടെത്തുകില്ലാരുമെന്നോർക്കുമ്പോരം സന്തോഷം.

(മറിയം രംഗത്തു പ്രവേശിക്കുന്നു, സർവാഭരണ വിഭൂഷിതമായ വേഷം. തോഴികരം രണ്ടുവശത്തുമായി സാദരം ഒതുങ്ങി നിൽക്കുന്നു.)

www.malankaralibrary.com

മറിയം (അക്ഷമയായി) :

എന്തേ വന്നില്ലേ, രാജകുമാരൻ
എന്തേ കണ്ടില്ല എൻപ്രിയമാരൻ.
എന്റെ മനസ്സിന്നേതും സുഖമില്ല
എൻപ്രിയ കാമുകനെത്തുംവരെയിനി.

ഏതോ തടസ്സം വന്നിരിക്കാം, വഴി-
യേതെന്നറിയാതെ തെററിയേക്കാം;
ആളുമകമ്പടിക്കാരുമുള്ളപ്പോഴും
ആരെയും പേടിച്ചിടാതിവിടെത്താം.

ഒന്നാമത്തവൾ :

ഉൽക്കണ്ഠവേണ്ടാ, ഉൽക്കണ്ഠവേണ്ടാ
ഇക്കാര്യമോർത്തിനി, സ്വാമിനീ;
അല്പമിരുട്ടിയെന്നാലുമദ്ദേഹം
എത്താതിരിക്കില്ല നിശ്ചയം.

രണ്ടാമത്തവൾ :

സന്തോഷമായിരുന്നാലും ഭവതി
സന്താപമേതുമൊഴിഞ്ഞുകൊണ്ടേ;
സന്ധ്യകഴിഞ്ഞൊരീവേളയിൽ രാവി-
ന്നെന്തൊരുഭംഗി, യതാസ്വദിച്ചാലും!

വാടാമലരിനെപ്പോലെ സൗന്ദര്യം
വാടാതെ നിൽക്കുന്ന സ്വാമിനിക്കിന്നും;
വാഴുന്നതേവിധം സമ്പത്തുമെന്നും;
തോഴിഞാൻ ചൊല്ലുന്ന സത്യമോർത്താലും.

മറിയം : (മുഖം തെളിഞ്ഞു്, സഗർവം)

എന്നേപ്പോൽസുന്ദരി വേറൊരുവൾ
ഇന്നീ ഗലീലയാ നാട്ടിലുണ്ടോ;
എൻമുഖ ദർശനമൊന്നുകിട്ടാൻ
മന്നവർപോലും കാത്തുനിൽപ്പൂ!

www.malankaralibrary.com

പണ്ടുഞാൻ എബ്രായ വേദഗ്രന്ഥം
കണ്ടിരുന്നേ, നതിന്നോർത്തിടുന്നു;
തണ്ടലർപോൽ ചില സുന്ദരിമാർ
ഉണ്ടതിലെന്നു ഞാനോർത്തിടുന്നു.

ഒന്നാമത്തവൾ :

നേരാണു, നേരാണു ഞാനുമിപ്പോൾ
പാരാതെയോർപ്പൂ ചിലരെയെല്ലാം;
യാക്കോബിൻ ഭാര്യ റബേക്കയല്ലേ;
ബത്ശേബാ വേറൊരു സുന്ദരിതാൻ.

രണ്ടാമത്തവൾ :

ശൂലേകാരത്തിയൊരുത്തിയുണ്ടോ,
സോളമൻ വർണ്ണിക്കുമാരോമലാൾ;
ഉത്തമഗീതത്തിൽ വായിച്ചുഞാൻ
മെത്തും മധുരിതമിക്കഥകൾ!

മറിയം :

സുന്ദരിയല്ലേയീഞാൻ റബേക്കയേക്കാളും,
സുന്ദരിയല്ലേയീഞാൻ ബത്ശേബയേക്കാളും,
സോളമൻ നൃപനിന്നെന്നെയൊന്നു കണ്ടാൽ
ശൂലേകാരത്തിയെപ്പിന്നോർക്കയില്ല!

കോമളഭൂപൻ ദാവീദെന്നെക്കണ്ടാൽ
കാമിച്ചോടിയെത്തും എന്നുടൽ പുൽകാൻ;
പാവം ബത്ശേബാ പിന്നെ കണ്ണുനീർ
കുടിക്കും,

പാടിയാടി ഞങ്ങൾ വിഹരിക്കുംനേരം!

ഒന്നാമത്തവൾ :

വളരട്ടെ സന്തോഷം സ്വാമിനിക്കുമേൽക്കുമേൽ
വളരൊളി തിളങ്ങട്ടെ തിരുമുഖത്തെന്നും,

www.malankaralibrary.com

വിടരട്ടെ ഭാഗ്യമലർ ജീവിതവനിയിൽ
കടമിഴിക്കോണിൽ ഇളകട്ടെ മീനങ്ങൾ.

മറിയം :

ഭക്ഷണത്തിനുള്ള നേരമായി,
പക്ഷേ പ്രഭു വരാൻ താമസിക്കും;
അത്താഴമുണ്ടു കഴിഞ്ഞുനമ്മൾ
എത്തിടാം വീണ്ടുമീയാരാമത്തിൽ.

രാവുകുറെയേറെ വൈകിയാലും
രാജീവനേത്രനിവിടെയെത്തും;
ഈരാത്രി രാസവിലസിതമായ്
തീരാതിരിക്കുവാൻ ന്യായമില്ല!

(നിഷ്ക്രമിക്കുന്നു)

കർട്ടൺ

www.malankaralibrary.com

## രംഗം രണ്ടു്

(മറിയയുടെ വീടു്—മറിയയും രണ്ടു കാമുകന്മാരും)

ഒന്നാമൻ :

മഗ്ദലനേ, മഗ്ദലനേ, ഓ......
മഗ്ദലനേ......
മദനറാണീ, മദനറാണീ,
മറിയമേ, തവമദഭരരുചിരകളേബരംകാണ്മാൻ
മുദിതഹൃദയനായ് ഞാനെത്തി-
മുദിത...... (ഓ...മഗ്ദലനേ......

രണ്ടാമൻ :

മഗ്ദലനേ, മഗ്ദലനേ, ഓ......
മഗ്ദലനേ......
മന്മഥൻ കുലയ്ക്കുന്ന മണിവില്ലേ,
മദനപ്പൂങ്കാവിലെ പൂങ്കുയിലേ-
മറിയമേ, തവരതിരസ മധുരിതമധുവുണ്ണാൻ-
ലഹരിപകരുന്ന മധുവുണ്ണാൻ,
മദനമഥിതനായ് ഞാനെത്തി,
മുദിതഹൃദയനായ് ഞാനെത്തി. (ഓ, .....

രണ്ടുപേരും :

പതഞ്ഞുതുള്ളിത്തുളുമ്പി നിൽക്കും
പുതിയമുന്തിരി രസമെവിടെ, രാഗത്തിൻ
പുതിയമുന്തിരി രസമെവിടെ!
സിരകളിലാകെ രതിരസലഹരി,
രുധിരധാരയിൽ മദനാഗ്നി,
പകർന്നുനൽകും ചഷകമേ
പതഞ്ഞുനിൽക്കും രതിരസമേ, (ഓ......

www.malankaralibrary.com

എത്രയോ ദൂരെനിന്നും ഞങ്ങൾ
എത്രയോ ദേശങ്ങൾ താണ്ടിയെത്തി;
മുഗ്ധവിലോചനേ, നിന്നെക്കാണാൻ
മട്ടോൽമൊഴി, നിൻ കൂജിതം കേൾക്കാൻ.

ഒന്നാമൻ :

നിന്റെ ഹൃദയസ്വർണ്ണവീണയിൽ
എന്റെ ഭാവന തൊട്ടെന്നാൽ,
എന്റെ കാമിതം തൊട്ടെന്നാൽ,
മാരഗാനങ്ങളൊഴുകും, മുകിൽകണ്ട
മയിലുകളേപ്പോൽ നൃത്തമാടും ആ......
മതിമയങ്ങി നീ നൃത്തമാടും. (ഓ......

മറിയം :

സ്വാഗതം, സ്വാഗതം
കാമദേവന്റെ രഥമേറിയെന്നോ
കാണുവാൻ വന്ന കൗബേരപുത്രന്മാരേ,
കിന്നരഗന്ധർവഗായകന്മാരേ! (സ്വാഗതം......
നിർമ്മാല്യമാല്യം ചൂടി വിരസയായ്
നിങ്ങളെ കാത്തിതാ നിൽക്കുന്നു, ഇപ്പോൾ
നിങ്ങളെ കാത്തിതാ നിൽക്കുന്നു.
നിസ്തുലരത്നങ്ങളില്ലേ കൈയിൽ,
നവരത്നമാലകളില്ലേ കൈയിൽ,
നവരത്നമാലകളില്ലേ കൈയിൽ
ചൂഡാമണിയില്ലേ മുടിയിൽച്ചൂടാൻ,
ചന്ദ്രകാന്തക്കല്ല് മാറിലണിയാൻ - വിലപ്പെട്ട
ചന്ദ്രകാന്തക്കല്ല് മാറിലണിയാൻ.
ചിന്തിതമെല്ലാം കേട്ടാൽ ശൃംഗാര-
ചന്ദ്രികതൂകി സ്വീകരിക്കാം. (സ്വാഗതം)

www.malankaralibrary.com

കാമുകർ :

ചുമ്മാതെ ഞങ്ങൾ വരികയോ, ദേവീ
നിന്മനസന്തോഷം വേണ്ടതല്ലേ?
നിന്നുടെ നീലവിലോചനത്തിൻ മുമ്പിൽ
നിഷ്പ്രഭമല്ലേ രത്നങ്ങൾ, ഞങ്ങളേകും
നൂറുനൂറായിരം രത്നങ്ങൾ.

മറിയം :

ആനന്ദമാനന്ദം പരമാനന്ദം,
അനംഗസാമ്രാജ്യ സിംഹാസനത്തിൽ
ആരോഹണംചെയ്തു വാഴുക തോഴരേ,
അലരമ്പനിമ്പം വന്നിതാ കൂട്ടരേ!

മൂവരും :

രമണീയത തിരളുന്നോരുത്സവരംഗം
രണപടഹമടിക്കുന്ന രതിമന്മഥനൃത്തം;
രതികേളികളുയരുന്നോരുന്മാദതീരം,
രസികജന സ്വപ്നത്തിൻ രാസവിഹാരം.
മാണിക്യരത്നപ്രകാണ്ഡധലസിതം,
മധുരാസവപൂരിതം സ്വർണ്ണചഷകം;
രജതപ്രഭ ചൊരിയുന്നൊരു ശയ്യാഗാരം
രാജകുമാരന്മാരേ, നിങ്ങൾക്കു സ്വാഗതം!

കർട്ടൻ

www.malankaralibrary.com

## രംഗം മൂന്നു്

(മഗ്ദലനയുടെ ഭവനം. മറിയയും രണ്ടു തോഴിമാരും.)

മറിയം :

തോഴിമാരേ, എന്തൊരാനന്ദം;
താരുണ്യജീവിതപ്പൂവസന്തം;
ആർക്കിതുപോലൊരു ഭാഗ്യഹൃദന്തം;
ആസ്വദിക്കാമീ രാസമരന്ദം.

ആരോപറയുന്ന സ്വർഗ്ഗരാജ്യം
ആകാശദേശത്തിന്നപ്പുറമെന്നു്;
ആരാകിലെന്തയാറം വിഡ്ഢിയല്ലോ
ആനന്ദമെല്ലാമിബ്ഭൂവിൽ മാത്രം.

ഒന്നാമത്തവറം :

കൊട്ടാരം പോലുള്ള വീട്ടിൽ, കാമന്റെ
പട്ടമഹഷിയായു് വാഴുമ്പോറം
കൊച്ചമ്മേ, കണ്ണുകടി മൂത്തുമൂത്തു്,
പിച്ചുപറയുന്നോരെത്രയെത്ര!

രത്നം പതിച്ചോരു കട്ടിലിന്മേൽ
റാണിയായു് നീ പള്ളികൊള്ളുമ്പോറം,
രാജാക്കന്മാർ വന്നു പൂജചെയ്കെ
രാകേന്ദുമുഖിയോടഭ്യസൂയ!

എന്തൊരുസൗന്ദര്യ,മെന്തൊരാകാരം,
എന്തൊരു രമ്യകളേബരം!
ചന്ദ്രമുഖീ, തവപാദത്തിൽ
ചെമ്പഞ്ഞിച്ചാറുഴിയുന്നു കുബേരർ.

www.malankaralibrary.com

മറിയം :

തോഴിമാരേ, എന്തൊരാനന്ദം
താരുണ്യ......

രണ്ടാമത്തവരം :

സ്വാമിനിയാണിനി ഹൃദയാരാജ്ഞി
സാമന്തരല്ലോ ധനികവർഗ്ഗം;
സാരസപുഷ്പമേ, നിൻെറ ചുററും
ശൃംഗാരലോലമധുപവൃന്ദം!

ഒരുനോക്കു കാണുവാനെത്ര ദീനാറ;
ഒന്നുരിയാടാനെത്രവരാഹൻ!
കുനുകൂട്ടുന്നു നിൻതിരുമുമ്പിൽ
മന്നിലെ കോടീശരത്ന സന്നാഹം.

മറിയം :

ഇങ്ങനിങ്ങനെയാനന്ദം തിങ്ങി
ശൃംഗസൌഭാഗ്യ സിന്ധുവിൽമുങ്ങി
താളലയാന്വിത മേളമോടെ,
താണ്ടുക നമ്മളീജീവിതമാർഗ്ഗം.

എൻെറ മുമ്പിൽ കുമ്പിടാത്ത
വമ്പനാരു,, കൊമ്പനാരു്;
എന്നെയൊരുനോക്കു കണ്ടാൽ
പുണ്യവാനും അടിപതറും.

ആരുണ്ടിവിടെയീയൂദയാ നാട്ടിൽ
ആരോമലാമെൻെറ ദാസരല്ലാതെ,
ആരെയും മത്തുപിടിപ്പിക്കും സൌന്ദര്യ-
സാരമായ് ഞാനെന്നും വാണിടും.

www.malankaralibrary.com

ഒന്നാമത്തവൻ :

എന്നാലൊരു വാർത്തചൊല്ലിടാമീഞാൻ
എന്നോടയ്യോ! കോപം തോന്നരുതൊട്ടും,
പുണ്യവാനേകനെ കണ്ടു ഞാനിന്നലെ,
കുഞ്ഞമിഴിമാരിൽ കമ്പമിയലാത്തോൻ!

നാടായനാടെല്ലാം നന്മചെയ്തങ്ങനെ
ഓടിനടക്കയാണമ്മഹായോഗി!
വീടും കുടിയുംവിട്ട ദിവ്യനവധൂതൻ
മാടിവിളിക്കുന്നു വീണ്ടെടുക്കാൻ പാപിയെ.

രണ്ടാമത്തവൻ :

കണ്ടതാണീഞാനും, സ്വാമിനീ, പാപത്തിൻ
കണ്ടകം നീക്കിടും, കർമ്മയോഗിദേവനെ,
തണ്ടലർവിശുദ്ധനവൻ, ഉൽക്കടവ്യഥയാൽ
വിണ്ടുപോയ ഹൃത്തിനും നൽകിടുന്നു ശാന്തി!
അത്ഭുതകർമ്മങ്ങളോരോ ദിനമെത്ര!
സത്യമാണു ഞാനീ ചൊന്ന കാര്യമെല്ലാം;
അന്ധരായോർക്കെല്ലാം കാഴ്ച, നൽകിടുന്നു;
അംബുധിപ്പരപ്പിൽ നടക്കുന്നുപോലും!

ആളുകളെല്ലാം അവൻെറ പിന്നാലേ,
ആഹാരകാര്യം മറന്നപോലെ!
ആരുതാനായിരിക്കാം, ദീർഘദർശിയോ;
പാരിലവതാരം ചെയ്ത ദൈവമോ!

മറിയം :

ഇല്ല,ഞാനില്ല, ഞാൻ വിശ്വസിക്കില്ല,
തെല്ലു,മിതെല്ലാം കള്ളക്കഥകൾ;
അത്ഭുതംപോലും, അത്ഭുതംപോലും,
അന്ധവിശ്വാസത്തിന്നിന്ദ്രജാലം!

www.malankaralibrary.com

എന്തുമാകട്ടെ, പറഞ്ഞകഥകൾ;
എന്താണീവിദ്വാന്റെ രൂപഭാവങ്ങൾ;
വൃദ്ധനോ, യൗവനയുക്തനോ, യോഗിയോ
വൃത്തിയാകപ്പാടെ ദേഹത്തിനുണ്ടോ?

ഒന്നാമത്തവൾ :

എന്തുഞാനെന്തുഞാൻ ചൊല്ലണം
എന്തുപറഞ്ഞാൽ വിശ്വസിക്കും;
ചെന്താരിനൊക്കുന്ന ചാരുസ്വരൂപൻ
ചെഞ്ചോരിവായുള്ള സുന്ദരൻ.

തോളോളമെത്തും ചുരുൾമുടി,
താഴോട്ടൊരല്പം വളഞ്ഞതാടി;
തണ്ടാരിൽപററിയ വണ്ടുകൾപോലെ
തരുണനവനുടെ ശ്മശ്രുജാലം.
നീലസരസ്സിലെ താമരപ്പൂപോലെ
നീണ്ടുതിളങ്ങുന്ന രണ്ടുമിഴികൾ
സുന്ദരമെന്നാൽ കാരുണ്യംവാഴും
സാഗരമെന്നേ തോന്നിടൂ.
പാടലവർണ്ണം തിരളുന്ന പാണികൾ
പാവനമോഹനമംഗുലികൾ;
മുമ്പിൽവന്നോരെയനുഗ്രഹിക്കാൻ
മെല്ലെയുയർത്തവേ കണ്ടേനിവൾ.
സിന്ദൂരവർണ്ണചരണയുഗ്മം:
സന്താനപുഷ്പങ്ങൾ തോററുപോകും;
സന്ധ്യാരാഗഛവിതൂകു,മദ്ദേവൻ
സഞ്ചരിച്ചീടവേ മന്ദംമന്ദം.
എന്തൊരലൗമികതേജസ്സെന്നോ,
ബന്ധുരമാകുമപ്പൊൻമുഖത്തിൽ!
സ്വർഗ്ഗത്തിലാണെന്നേ തോന്നിപ്പോകൂ,
സ്വല്പനേരം തിരുമുമ്പിൽനിന്നാൽ!

www.malankaralibrary.com

മറിയം :

വിഭ്രമമെന്നിൽ വളർത്തുന്നു നീ, പുത്ര-
വർത്തമാനത്താൽ സോദരീ;
വിത്തമിവിടെ നാം നോക്കവേണ്ടാ
മുത്തുതാനെങ്കിലീസുന്ദരൻ.

ഒന്നുകാണണമിപ്പൊമാനെ എൻ
മന്ദിരത്തിൽ ക്ഷണിക്കണം;
വന്നുചേരാതിരിക്കയില്ലേത്ര-
വന്ദ്യനായാലും നിശ്ചയം.

ദേവനാകട്ടെ, യോഗിയാകട്ടെ,
ദേഹഭോഗവിരക്തനോ,
മോഹമുള്ളോരെൻ കണ്ണുകാണുകിൽ
ദാഹമോടോടിയെത്തിടും.

എത്രയെത്രതപസ്വികരം വീണു-
മുത്തമിട്ടതാണെൻപദം;
ഇത്തരമാകാതില്ലീസാധുവാം
സാത്വികപ്രഭുതന്നെയും.

രണ്ടുതോഴിമാരും :

ശങ്കഞങ്ങടംക്കില്ല, സ്വാമിനീ, മനം കുളിർത്തു
പങ്കേരുഹലോചനത്താൽ അമ്പൊന്നയച്ചാൽ,
മങ്കമാർമണീ, അവൻ തൻകരം നീട്ടി
നിങ്കലോടിയെത്തും ശിങ്കിയാടിനിൽക്കും.

മറിയം :

അങ്ങനെയാണെങ്കിൽ പോയിടാം നമുക്ക-
മ്മംഗലസ്വരൂപനാം യോഗിയെക്കണ്ടിടാം;
എങ്ങവൻെറ വാസമെന്നു മുന്നമേ തിരക്കു
എൻവലയിൽ വീഴാത്തവരീയുലകിലുണ്ടോ!

കർട്ടൻ

www.malankaralibrary.com

## രംഗം നാലു്

(യേശു, രണ്ടു ശിഷ്യന്മാർ, രണ്ടു പരീശന്മാർ)

(യേശുവിനു പകരം നടനം ചെയ്യുന്നതു് ശിഷ്യർ)

യേശു : (വിരുത്തം മട്ടിൽ)

ദൈവരാജ്യമിതാ, പ്രിയസുതരേ
ദൈവരാജ്യമിതാ, സമാഗതമായ് !
ദൈവരാജ്യമിതാ, എൻപ്രിയസുതരേ,
ദൈവരാജ്യമിതാ, സമാഗതമായ്!
നിങ്ങൾതൻമുമ്പിൽ, നിങ്ങൾതന്നിടയിൽ;
നിങ്ങൾക്കു സ്വർഗ്ഗീയശാന്തി!

(മറിയയും, രണ്ടു തോഴിമാരും പ്രവേശിച്ചു് ഒരു വശത്തു് ഒതുങ്ങിനിൽക്കുന്നു.)

യേശു :

ആത്മീയ ദാരിദ്ര്യം അകതാരിലുള്ളോർ
ഭാഗ്യവാന്മാരായ്മുദ്രിതരാകും;
ആത്മവിശുദ്ധി അകക്കാമ്പിലുള്ളോർ
ദൈവസുത,രെന്നറിയുമീലോകം.

അധ്വാനിക്കുന്ന ജനങ്ങളെല്ലാം,
ഭാരംചുമക്കും മനുഷ്യരെല്ലാം
എന്നെട്ടത്തെത്ത,ട്ടവർക്കിനിയും
അത്താണിയായ് ഞാൻ നിൽക്കുമെന്നും.

ഒരുവനീലോകമാകവേ നേടിയാ-
ലുരുതരഭാഗ്യമെന്നെണ്ണാമോ, മൂഢരേ,
ഉരുതരഭാഗ്യമെന്നെണ്ണാമോ;
ആത്മവിനാശം വന്നാൽ കിംഫലം;
ആരെന്തുനൽകുമതിന്നു പകരം.

www.malankaralibrary.com

വിത്തമൊട്ടേറെ നേടിവച്ചാൽ
കൊത്തിയെടുക്കും ചോരന്മാർ, അല്ലെങ്കിൽ
ക്രൈച്ചിതല്പകാം തിന്നുതീർക്കും.
കള്ളനും കീടവും കൈതൊടാത്തോരഭി-
കാമ്യമാം പുണ്യങ്ങൾ നേടിടുവിൻ.

ആദ്യമായ് ദൈവരാജ്യത്തെയും, പിന്നതിൽ
ആദരണീയമാം നീതിയേയും
അനുദിനം നിങ്ങൾ അന്വേഷിച്ചാൽ
അവനിയിൽ സ്വർഗ്ഗത്തിന്നച്ചാരമാം.

ന്യായവിധിക്കുള്ളധികാരം
ന്യായേശനാം ദൈവമെൻെറ താതൻ
തന്നിരിക്കുന്നു മനുഷ്യപുത്രന്നായ്
അന്നു, ലോകാന്ത്യംവരുന്ന നാളിൽ.

രക്ഷയും ശിക്ഷയും ഓരോരുത്തൻ
ഇക്ഷിതിയിൽ ചെയ്യും കർമ്മംപോലെ,
രക്ഷയ്ക്കുപാധി അനുതാപം;
ഇക്ഷണം പാപപഥം വിട്ടുവിൻ.

അനുതപിച്ചാലും പാപികളേ, നിങ്ങൾ
അലമുറയിട്ടാലും ഭക്തിനാട്യക്കാരേ,
പശ്ചാത്തപിച്ചാലും സർവപാപങ്ങളും
പ്രക്ഷാളനം ചെയ്തു ശുദ്ധരാകൂ.

പരീശന്മാർ :

കാര്യംകൊള്ളാം, സംഗതികൊള്ളാം
പോരും പോരും നിന്നുപദേശം;
പണ്ടേയുള്ളോരാചാരമെല്ലാം
വേണ്ടെന്നു ചൊല്ലി നടക്കുന്നതോ, ശരി?

www.malankaralibrary.com

തെണ്ടിത്തെണ്ടി നടക്കുന്നോരെ,
തെററിൽവീണു കിടക്കുന്നോരെ,
താലോലിക്കാനുള്ള ഭാവം കൊള്ളാം
വേലയിനിയും വേറെയുണ്ടോ?

ചുങ്കക്കാരും പാപികളും,
ശങ്കയെഴാത്തൊരു വേശ്യകളും,
നിൻെറക്കൂടെത്തന്നെയല്ലേ വാസം;
നിന്നുടെ ചെയ്തികരം യുക്തമെന്നോ?

യേശു :

നല്ലോരിടയാനാണല്ലോ ഞാൻ
സ്വർല്ലോകം വിട്ടു,വന്നു ഞാൻ;
കാണാതെ പോയോരാടിനെ
കാണുവോളം തിരയുന്നു ഞാൻ.
രോഗിക്കാണിന്നു വൈദ്യനെ
ആവശ്യമെന്നതറിഞ്ഞീട്ടു;
പാപത്തെക്കാളെത്ര കൂടുതൽ
പരം പൊരുളിൻെറ കാരുണ്യം!
പാപിയൊരുവൻ നേർവഴി
പൂകുമ്പോരം സ്വർഗ്ഗരാജ്യത്തിൽ
മാലാഖമാർ തൂകുന്നാനന്ദ-
ക്കണ്ണുനീർ ഇക്കാഴ്ച കാണവേ.

പരീശ :

പാപപ്പൊറുതി കൊടുക്കാൻ നീയാര്,
പാരിനെ സൃഷ്ടിച്ച ദൈവമോ?
പരമശക്ത ദൂഷണഭാവം,
പാറക്ഷണങ്ങളേൽക്കുന്ന ദോഷം.

www.malankaralibrary.com

യേശു :

കപടഭക്തരേ. പരിശരേ,
കടന്നുപോകു, മുമ്പിൽനിന്നും,
തടുത്തുനിൽക്കാൻ നിങ്ങൾക്കാമോ?
തടിത്തുപോലുള്ള ന്യായവിധി?

(പരീശന്മാർ നിഷ്ക്രമിക്കുന്നു.)

അടുത്തണയുവിൻ, അടുത്തണയുവിൻ
അദ്ധ്വാനിക്കുന്ന ജനങ്ങളേ,
അടുത്തുവരൂ, ആശ്വസിക്കു നിങ്ങൾ
ഇറക്കിവയ്ക്കു പാപഭാരം.

എന്റെ ചുമലതുതാങ്ങിടും
എന്തിനു നിങ്ങൾ ക്ലേശിപ്പൂ;
ആവില്ലതു താങ്ങാൻ നിങ്ങൾക്കി-
ന്നാലംബം ഞാൻ മാത്രമെന്നോർപ്പിൻ!

കർട്ടൻ

MALANKARA
LIBRARY
www.malankaralibrary.com

## രംഗം അഞ്ച്

(മറിയത്തിൻെറ വീട്; മറിയയും രണ്ടു തോഴിമാരും)

മറിയം : (പശ്ചാത്താപഭാവത്തിൽ)
എൻെറചിത്തം ക്ഷുഭിതമായ സാഗരംപോലെ,
എൻെറ ചിന്ത തീപിടിച്ച തണ്ണുവെപ്പോലെ;
നൊന്തുനൊന്തീയോരോനിമിഷവുമെങ്ങനെ
തള്ളും,
വെന്തുരുകുന്നെൻപ്രാണൻ പാപബോധയാൽ.

ഇന്നലെ ഞാനറഞ്ഞിയില്ല തോഴിമാരേ തെല്ലും,
ഒന്നിനൊന്നു തെളിഞ്ഞിടുന്നെൻ പാപകർമ്മങ്ങൾ;
എന്നെയവ വായ്പിളന്നു പിടികൂടിയാൽ, പന്നെ-
ച്ചെന്നുചേരും നരകത്തിൻ തീക്കുഴിയിൽ ഞാൻ.
എൻെറ പാപം ഭീകരമാണാരുപൊറുക്കും, തീക്കും
ഉന്നതനാം ദൈവപുത്രൻ നസറായനോ;
ഒന്നു ചൊല്ലൂ തോഴിമാരേ, എന്തുചെയ്യൂ ഞാൻ,
എൻമനസ്സിൽ തീർന്നുപോയി ശാന്തിയൊന്നാകെ!

തോഴി :
പാപബോധത്താൽ, പാശ്ചാത്താപത്തിൻ-
വാപിയിൽ നീ വീണു മുങ്ങുന്നുവെങ്കിൽ,
നിന്നെ കരകേററാൻ അമ്മുനി നസ്രായൻ,
ഉന്നതനാം ദൈവപുത്രൻ യേശുതാൻപോരും.
ഇപ്പൊഴാണെന്നാലും താമസിച്ചതില്ല, നിൻ-
നില്പു പരിത്രാണ വൃക്ഷത്തണലിൽ,
സർവ്വരും മാനവരെയെത്തിക്കാനല്ലോ
സ്വർഗ്ഗസ്ഥനാം പുത്രൻെറ മർത്ത്യാവതാരം.

(പോകുന്നു)

www.malankaralibrary.com

(രണ്ടു കാമുകന്മാർ പ്രവേശിക്കുന്നു)

ഒന്നാമൻ :

അയ്യോ, കണ്ണീരു തൂവുകയോ
പൊന്നേ, നിൻെറയീഭാവവിലാസം.
കണ്ണേ, കാര്യം ചൊല്ലൂ, കരളേ
ഒന്നും മറയ്ക്കാതെ ഞങ്ങളോടെല്ലാം.

രണ്ടാമൻ :

നേരേ, ചൊല്ലാവൂ, നീയെൻെറ പൊന്നേ,
ദൂരേ നിന്നു വരുന്നു ഞാനോമലേ,
ഒരായിരം കാര്യം മാററിവച്ചേ, നിൻെറ
ചാരത്തണഞ്ഞുനിൻ മേനിപുൽകാൻ.

മറിയം :

മാമകചിത്തം ദുഃഖഭരിതം
പാതകജീവിതം കൊണ്ടുവിധുരം;
ഭോഗാസക്തമല്ലിന്നതു പശ്ചാ-
ത്താപഭരിതമായ് മാറിമറിഞ്ഞു.

കണ്ടേനിന്നലെ യേശുവിനെ ഞാൻ;
കേട്ടേൻ ഞാനാ ദിവ്യസന്ദേശം;
കൊണ്ടേനെന്നുള്ളിൽ ദുഃഖത്തിൻ കൂരമ്പ്;
വേണ്ട ജീവിതം പണ്ടേപ്പോലെ.

ഒന്നാമൻ :

ഹേ, മടയീ, പോകാൻപറ,
ആ നസ്രായൻ പോകാൻ പറ!
രാഗരസാലവനത്തിൽ വന്നൊരു
കാകനവൻ; നിന്നു കാറുകയോ!

www.malankaralibrary.com

നീയേ കണ്ടുള്ളവനേ കഷ്ടം,
നിന്നെയവൻ കണ്ടാൽ പാദത്തിൽ വീഴും;
നന്നേ നിന്നെ കാണാതിരുന്നതും
എന്നെ നീ മറന്നേനെ; ഭാഗ്യം!

രണ്ടാമൻ :

പൂവരാഹൻ വേണോ, പൂമേനിയാളേ,
ദീനാറ വേണോ, പൂങ്കുയിലാളേ,
പാണികരം നീട്ടൂ, താമരക്കണ്ണാളേ,
പാലക്കാമോതിരം ചാർത്തിടാം ഓമലേ.
പൂവരാഹൻ......
ദീനാറ വേണോ......

മൈലാഞ്ചിച്ചാറുഴിയാം, പേടമാൻകണ്ണാളേ,
മലരടി നീട്ടിത്തരൂ, പൂങ്കുഴലാളേ!
പൂവരാഹൻ......
ദീനാറവേണോ......

ഒന്നാമൻ :

നീണ്ടിരുണ്ടു ചുരുണ്ട നിൻ കബരികണ്ടാൽ
നീലമേഘം വിളറി വെളുത്തുപോകും.
നാണത്താലോടിയകന്നുപോകും.
തങ്കക്കുടമേ, നിൻ തൂനെററികണ്ടാൽ
തിങ്കൾക്കല കാറിനുള്ളിൽ മറഞ്ഞു നിൽക്കും.
ശങ്കകൊണ്ടെവിടെയോ ഒളിഞ്ഞുനിൽക്കും.

തരളമിഴിക്കൈരവം കണ്ടാലോ
താരങ്ങൾ മങ്ങിത്തളർന്നുപോകും, അവർ
ക്ഷീണത്താൽ മെല്ലെയുറങ്ങിപ്പോം.

www.malankaralibrary.com

മന്ദംമന്ദമൊന്നു ചിരിച്ചെന്നാൽ
കുന്ദമലർ കുമ്പിട്ടുനിന്നുപോകും; ഓമനേ,
നിൻെറ മുൻപിൽ നിഷ്പ്രഭമായ് നിന്നു
പോകും

അലസമായ് നീയൊന്നു നടന്നുകണ്ടാൽ
അരയന്ന,മാരുംകാണാതോടിയൊളിക്കും;
തരിമണൽത്തട്ടിൽ നിന്നോടിയൊളിക്കും.

രണ്ടുപേരും :

ഖേദംകള, ഖേദംകള, കാമിനിയാളേ,
വേദനിയ്ക്കുവേണ്ടിനിയുമാരോമലാളേ,
പോവുകനാം പോവുകനാം കേളീവനത്തിൽ
പൂവമ്പൻ കുഴൽവിളി മുഴക്കിടുന്നു.

മറിയം ;

ഞാനില്ല, ഞാനില്ല, നിങ്ങൾപോകു,
ജ്ഞാനക്കണ്ണിന്നു തുറന്നവൾ ഞാൻ
കാനനത്തിൽവഴി തെററിനടന്നൊരീഞാൻ
മാനസാന്തരത്തിൻ ദിവ്യപഥമണഞ്ഞേൻ.

പൊയ്യല്ല, നിങ്ങൾക്കു പോകാമെൻെറ
ശയ്യാഗാരം തുറക്കില്ല മേലിലാർക്കും.
പാപസങ്കീർത്തനം ചെയ്യുമീഞാൻ, സ്വർഗ്ഗ-
പാദപമാകുമെന്നേശുവിൻ മുമ്പിൽ.

കർട്ടൻ

www.malankaralibrary.com

## രംഗം ആറ്

(ശീമോൻ എന്ന പരീശ പ്രമാണിയുടെ മണിമേട. യേശു, രണ്ടു ശിഷ്യന്മാർ, ശീമോൻ, ഒന്നു രണ്ടു മിത്രങ്ങൾ)

ശീമോൻ :

സ്വാഗതം, സ്വാഗതം, സൽഗുരോ, സ്വാഗതം
സ്വാമിയാമങ്ങേയ്ക്കെൻ സദനത്തിൽ സ്വാഗതം!
സന്തോഷമായെനിക്കിന്നുത്സവമായി, എന്റെ
സന്താപം തീർന്നു; സംതൃപ്തനായ് ഞാൻ.

തങ്കത്തിൽ തീർത്തതാം തൂക്കുവിളക്കുകൾ,
ഗന്ധംപരത്തുന്ന പൂത്തിരിനാളങ്ങൾ,
തങ്കരേക്കിട്ടൊരുഭിത്തി, നവരത്ന-
കമ്പളം വിരിച്ചിട്ട സുന്ദരം തളം.

ഇക്കാണും സമ്പത്തിൻ സൗകര്യമൊക്കവേ,
സത്യൈക ദൈവത്തിൻ നിസ്തുല സമ്മാനം.
അത്താഴമുണ്ണുകയല്ലേ, നമുക്കിനി,
എത്തേണ്ട കൂട്ടരില്ല, നേരവുമായി.

(മറിയം പ്രവേശിക്കുന്നു. അഴിച്ചിട്ടതലമുടി, യോഗിനീ വേഷം; ഇടതുകൈയിൽ സുഗന്ധതൈലപാത്രം)

മറിയം : (വിതുമ്പിക്കൊണ്ടു്)

പാപിനി, ഞാൻ ദേവാ, പാതകിഞാൻ
പാപക്കയത്തിൽ വീണുപോയോൾ;
പാപപ്പൊറുതി നൽകിയെന്നെ, നിന്റെ
പാദാന്തികം ചേർത്തു കൊള്ളേണമേ.

(യേശു ഒരു കസാലയിൽ ഇരിക്കുന്നു)

കുററങ്ങൾ ചെയ്തു; പാപത്തിൻ കാനനം
ചുററിക്കറങ്ങിയ കുഞ്ഞാടുപോലെ ഞാൻ,

www.malankaralibrary.com

നല്ലോരിടയനാം നിൻെറ കരുണതൻ
പുല്ലാങ്കുഴൽ വിളി കേട്ടവന്നേനിവരം.
ചെന്താരിനൊത്തനിൻ ചാരുചരണം
കണ്ണീരുകൊണ്ടു കഴുകട്ടെ നാഥാ,
ബന്ധുരമാകുമപ്പൂങ്കഴൽ രണ്ടും സു-
ഗന്ധതൈലംകൊണ്ടു പൂശിടട്ടെ.

(മറിയം യേശുവിൻെറ പാദങ്ങരം കണ്ണീരുകൊണ്ടു കഴുകി, തലമുടികൊണ്ടു തുടച്ച്, തൈലം പൂശുന്നു. യേശു, ശാന്തഗംഭീരമായ മുഖത്തോടെ, കരുണാർദ്രമായ കണ്ണുകളോടെ ഇരിക്കുന്നു. ശിമോനും മിത്രങ്ങളും പകച്ചു നോക്കുന്നു; മറിയത്തെ തടയാനുള്ള വ്യഗ്രതയിൽ, "ഹാ, ഹേ; കഷ്ടം" എന്നിത്യാദി ശബ്ദങ്ങരം പുറപ്പെടുവിക്കുന്നു. പശ്ചാത്തലമേളം, നേരിയ ആട്ടക്കൊട്ടുപോലെ, അതിൻെറ താളത്തിനൊത്തു് മറിയത്തിൻെറ പരികർമ്മം)

ശിമോൻ : (അസ്വസ്ഥനായി, സകോപം)
അങ്ങറിയുന്നുണ്ടോ, മങ്കയിതാരെന്നു്
മംഗലനാം ഗുരോ, കഷ്ടം കഷ്ടം!
അന്തസ്സുപേറുന്ന വീട്ടിലിവളെ
ഹന്ത! കേററില്ല, പങ്കിലയാണിവരം.

അങ്ങയെ തീണ്ടാനിവരംക്കെങ്ങനെ വന്നു
എങ്ങുമില്ലാത്തൊരു ധൈര്യം, സ്വാമിൻ!
വാരനാരിയിവരം, തൻശരീരം വിററു
വാരിക്കൂട്ടിയ ധനമെത്രയെന്നോ!

കല്ലെറിഞ്ഞു കൊന്നു പാതാളഗർത്തത്തിൽ
തള്ളിവീഴ്ത്തേണ്ടുന്നതല്ലേയിവളെ.
ദൈവജ്ഞനാമങ്ങു വഞ്ചിതനായെന്നോ,
ദൈവമേ, എൻവീടിനെന്തൊരു ദുർഗ്ഗതി!

www.malankaralibrary.com

ആട്ടിയിറക്കാത്തതെന്തേ, മനുഷ്യരെ
പാട്ടിലാക്കിപ്പണം തട്ടുമീനാരിയെ;
നാണമനുദിനം വിററു തിന്നുന്നിവൾ
നാരീകുലത്തിനു തീരാക്കളങ്കം !

യേശു :

വേണ്ട, ശീമോൻ വേണ്ട, കോപം, എന്നെ-
ത്തീണ്ടുമിവളിന്നു പുണ്യവതി;
തണ്ടലർ പോലെ, പങ്കമകററി
വീണ്ടുകൊള്ളുന്നു ഞാനീ മങ്കയാളെ.

ഒന്നോർത്തു നോക്കു നീ ഞാൻ നിൻെറ വീട്ടിൽ
വന്നു, നീതന്ന സൽക്കാരമെങ്ങനെ!
പാദം കഴുകാൻ തന്നില്ല നീ ജലം,
ലേപനം ചെയ്തില്ല തൈലം കൊണ്ടും.

എന്നാലിവൾ തൻെറ മുത്തൊളിക്കണ്ണീരാൽ
എൻപാദരേണു കഴുകിക്കളഞ്ഞു;
കാർക്കുന്തൽ കൊണ്ടു തുടച്ചതിൻപിന്നീടെൻ
കാലിൽപുരട്ടി സുഗന്ധതൈലം.

ശാന്തനായാലും പ്രഭുവാം ശീമോനേ നീ
താന്തയിവളെ ദയയോടുനോക്കണം.
എമ്മട്ടിൽ നിങ്ങൾ പൊറുക്കും കടക്കാരോ-
ടമ്മട്ടിലത്രേ പൊറുതി നിങ്ങൾക്കുമേ.

അത്യധിക,മൃണബദ്ധയായോരിവൾ-
ക്കത്യധികം ഞാനിളവുചെയ്തേൻ;
അത്യുന്നതൻെറ കരുണയിതേവിധം,
അജ്ഞാതമല്ലിന്നു ദൈവത്തിൻ നേർവഴി.

www.malankaralibrary.com

സ്നേഹിക്കാൻ മാത്രമറിയുമിവളുടെ
സ്നേഹമിതാ യഥാസ്ഥാനത്തായി.
ശിക്ഷിക്കുവാനല്ല വന്നതീലോകത്തിൽ
രക്ഷിക്കുവാനല്ലോ മാനുഷപുത്രൻ.
(മറിയം എഴുന്നേൽക്കുന്നു.)

വത്സേ, നിൻെറ പാപം തീർന്നു,
മത്സമീപത്തിൽ വന്നതുകൊണ്ടേ.
കേഴാതെ പോകു ശാന്തിയിൽ നീ പാപം-
കൂടാതെ മേലിൽ ജീവിതം നീക്കു.

മറിയം :

കർത്താവേ, എൻെറ കർത്താവേ, എൻ
ചിത്തം നിനക്കു തരുന്നു ഞാൻ;
അത്തലകന്നു, ഭാരമൊഴിഞ്ഞു,
സ്വാസ്ഥത തന്നു നാഥാ, സ്വസ്തി!

നന്ദിനിനക്കു തരുന്നു ഞാൻ നിൻദയ
എന്നും തണലേകി നിൽക്കട്ടെ,
എന്നാത്മദേവാലയത്തിന്നുള്ളിൽ
നിൻസ്നേഹദീപം കത്തിനിൽക്കട്ടെ.

നീയാണിനിയെൻെറ ജീവിതസർവസ്വം,
നീയാണിനിയെൻെറയാത്മമണാളൻ,
നാളീകത്താരെതിർപ്പാദത്തിലെൻ പ്രാണ-
നാളമിനിമേൽ ചുററിപ്പടരട്ടെ.

കർട്ടൻ

സമാപ്തം

www.malankaralibrary.com

# ഡേവീഡും ബെത്ശേബായും

## (ബാലേ)

### രംഗം ഒന്ന്

(ദാവീദു രാജാവിൻെറ കൊട്ടാരത്തിലെ ആസ്ഥാനമണ്ഡപം. ഒരുവശത്ത് കുന്തവുമായി ഒരു അംഗരക്ഷകൻ നില്ക്കുന്നു. രാജാവും, മുഖം കാണിക്കാൻവന്ന മൂന്നു നാലു് ഇടപ്രഭുക്കന്മാരും)

രാജാവു് :

സ്വാഗതം, സ്വാഗതം, നാട്ടിൻപ്രഭുക്കളേ
സ്വാഗതം, സ്വാഗതം, ആഢ്യമിത്രങ്ങളേ
എൻെറയീക്കൊട്ടാരം നിങ്ങൾക്കും വീടെന്നു്
സന്തതമോർത്താലും സ്വന്തമെന്നു്.

പ്രഭുക്കന്മാരിൽ ഒരാൾ :

ഇസ്രയേൽ രാജാവു് ദാവീദു വാണാലും
മിസ്രയേം മന്നൻ ഫറവോനും മേലേ,
മുന്നരചൻ സാവുൾ തെററിൽ നശിച്ചുപോയ്
പിന്നങ്ങയെ ദൈവം ഞങ്ങൾക്കു നല്കി.
ശക്തനായ് വാണാലും, ഭക്തനായ് വാണാലും
അർക്കനും ചന്ദ്രനുമുള്ളകാലം!

രണ്ടാമൻ :

ആയിരത്തെ സാവുൾ കൊന്നുവെങ്കിൽ പതിനായിരത്തെ അങ്ങു കൊന്നുവല്ലൊ.
തപ്പുംതുടിയുമായ് വീഥികൾതോറും
നൃത്തം ചവിട്ടി പാടിയതോർക്കുന്നേൻ.

www.malankaralibrary.com

മൂന്നാമൻ :

ഗോല്യാത്തിനെ പണ്ടു യുദ്ധം നടക്കവേ
ഗോലിയൊന്നേ കൊണ്ടെറിഞ്ഞു വീഴ്ത്തി.
അന്നേ തളരാത്ത നിൻശക്തി ഞങ്ങൾക്കു
നന്നേ ബോധിച്ചഭിമാനം പകർന്നു.

ദാവീദ് :

ഗോല്യാത്തവനൊരു ദീർഘകായൻ
ആറുമുഴം, ഒരുചാണും നീളം
ആരുകണ്ടാലും ഭയന്നുപോകും, അവൻ
ആരോടും ദ്വന്ദയുദ്ധത്തിനു കോപ്പിട്ടു.
എത്ര പുലഭ്യം പറഞ്ഞവനിസ്രയേൽ-
പുത്രന്മാരെ യത്രുധിക്കാരി, രാക്ഷസൻ!
സൈന്യാധിനാഥൻ, യയോവ തൻ ശക്തിയ-
വന്യമൃഗസമൻ കണ്ടില്ല, കഷ്ടമേ!
ഒററക്കവിണക്കല്ലേറിനാൽ വീണു, തെൻ
ശക്തിയാ, ലല്ല, യഹോവ തൻപ്രാഭവം!
ഇസ്രയേലങ്ങനഭിമാനം നേടി
മത്സരമന്നേ തുടങ്ങി സാവൂളും.
ഞാനെന്തു തെററു ചെയ്താവോ, ദൈവാത്മാവ്,
സാവൂളിനെവിട്ടെന്നാത്മാവിൽ വാസമായ്!

ഒന്നാമൻ :

സാവൂളിനുണ്ടായതഭ്യസൂയ
സാധാരണ നരനുള്ള ദോഷം!
അങ്ങയെക്കൊല്ലുവാനുദ്യമിച്ചു-
തങ്ങാടിപ്പാട്ടായി, ലജ്ജാകരം!

ദാവീദ് :

ഉന്നതനാകും യഹോവ കനിഞ്ഞാൽ
വന്നെത്തും നാനാതരത്തിൽ നന്മ.

www.malankaralibrary.com

നന്ദി പറഞ്ഞുഞാൻ സങ്കീർത്തനം
എന്നെന്നുമാലപിച്ചീടുന്നഹോ!
ഭൂമിക്കതിർത്തിവരച്ചു വച്ചു,
സാഗരത്താലേ യഹോവ പണ്ടേ;
മഞ്ഞും മഴയും ചൊരിച്ചിടുന്നു
മണ്ണിൽ നമുക്കു വിളവു നൽകാൻ;
മേട്ടംമലയും സ്തുതിച്ചിടട്ടെ,
പാടാം നമുക്കും യഹോവതൻ സ്തോത്രം!

പ്രഭുക്കന്മാർ :

ഞങ്ങളുമെന്നും പാടിടുന്നു
അങ്ങു രചിച്ച സങ്കീർത്തനങ്ങൾ;
ഈശ്വരധ്യാന വിചിന്തനനിർഭരം,
ശാശ്വതശാന്തി പ്രദായകം സുന്ദരം!
അത്യന്തതന്നു മഹത്വവും സ്തോത്രവും
നിത്യം കരേററുന്നു, ഞങ്ങളുവപാടി!

ദാവീദ് :

ആകട്ടെ, യിപ്പോഴും വിശേഷിച്ചു വല്ലതും
ആരായാനുണ്ടോ, എന്തും ചൊല്ലാമല്ലോ;
സന്ദർശനത്തിനു പ്രത്യേക കാരണം
ഇന്നിപ്പോളെന്തെന്നു ചൊല്ലാമല്ലോ.

പ്രഭു :

യുദ്ധം നടക്കുന്നുവല്ലോ മഹാരാജൻ
ശത്രുസംഹാരം നമുക്കു യുക്തം;
യുദ്ധവിജയം നേരുവാനും, പിന്നെ
യുദ്ധവിവരമറിയുവാനും
ഞങ്ങളിങ്ങാഗതരായി, തിരുവുള്ളം
ഞങ്ങളിൽ തോന്നിയാൽ ഭാഗ്യമായി.

www.malankaralibrary.com

രാജാവു് :

നിങ്ങൾക്കു നന്ദി പറയുന്നു ഞാനിന്നു
മംഗലവാർത്തയറിയിക്കട്ടെ.
യുദ്ധം പുരോഗമിച്ചീടുന്നു ശത്രുവെ-
യൊക്കെത്തകർക്കുവാൻ നോക്കിടുന്നു.
യോവാബു നമ്മുടെ സേനാപതി, വീരൻ;
യോഗമുള്ളോൻ ജയശ്രീയണിയാൻ.

പ്രഭു :

തൃപ്തിയായി, തവദാസരീ ഞങ്ങൾക്കു
ശക്തിയായു്; പിന്നണിയെന്ന മട്ടിൽ
എത്തിക്കാമേത്തു സഹായവും, രാജ-
ഭക്തിയിൽ മുമ്പരീ ഞങ്ങൾ, പോട്ടെ!

കർട്ടൻ

www.malankaralibrary.com

## രംഗം രണ്ടു്

(കൊട്ടാരം. ദാവീദും കാര്യസ്ഥനും)

ദാവീദു് :

ഇന്നലെ മൂവന്തി നേരത്തു ഞാനൊരു
സുന്ദരദൃശ്യം കണ്ടുനിന്നേൻ.
തൊട്ടടുത്തുള്ളൊരു വീട്ടിൽ, കിണററിൻെറ
തിട്ടയ്ക്കടുത്തൊരു നാരീമണി,
നിന്നുകുളിക്കുന്നു; മന്നിലിതേവിധം
സുന്ദരിയെ മുമ്പു കണ്ടിട്ടില്ല!
എന്തൊരു മേനിയഴകോ, മഹാത്ഭുത-
മെന്തൊരു യൗവന കാന്തിയെന്നോ!
വെണ്ണക്കല്ലിൽ തീർത്ത വിഗ്രഹംപോൽ
വെണ്ണതോററീടുമുടലിയന്നോരാം.
ഈന്തപ്പനതൻകുലപോൽ കബരി
നീണ്ടുകിടക്കുന്നതെന്തൊരു ഭംഗി!
തണ്ടാരിനോടുപൊരുതും മുഖം, മലർ-
ച്ചെണ്ടുലയും പോലെ മേനീവിലാസം!
കണ്ടിട്ടും കണ്ടിട്ടുമെൻ കൊതി തീർന്നില്ല;
വണ്ടുപോലെ പറന്നെത്താൻ കൊതിച്ചുഞാൻ.
ആരാണവളെന്നതൊന്നറിഞ്ഞീടാമോ,
ആരായാലുമവരം മുത്തുതന്നെ.
ആരുതാനാകട്ടെയിന്നുതന്നെ
ആനയിച്ചീടണമാരോമലെ.

കാര്യസ്ഥൻ :

കൃത്യമായു്ച്ചൊന്നിടാം, ഏലിയാമിൻ-
പുത്രിയത്രേ അങ്ങു കണ്ടൊരു സുന്ദരി.
ബത്സേബായെന്നത്രേ പേരവരംക്കു്
അത്ഭുതമാണവരം സൗന്ദര്യത്തിൽ.

www.malankaralibrary.com

അങ്കംവെട്ടാൻ പോ, യോദ്ധ്രു, റിയാവീ-
തങ്കക്കുടത്തിനെ വേട്ടവൻ താൻ.
കർത്തവ്യതല്പരൻ, ആത്മാർത്ഥതാബുദ്ധി
വച്ചുപുലർത്തുന്നോൻ, വീരനവൻ.
വീടെന്നും കൂടെന്നുമുള്ള വിചാരം
പാടേവെടിഞ്ഞു പടയണിയിൽ
വാളുവീശി ശത്രുസംഹാരം ചെയ്യും
വേളയിലൊന്നും തിരിഞ്ഞുനോക്കാ.

ദാവീദ് :
നന്നായറിയാം ഊറിയാവെന്ന
മിന്നൽപ്പടയാളിയെ എനിക്കും;
എന്നാലിതുപോലെ ഭാര്യയൊരുത്തി
കന്നൽമിഴിയുണ്ടെന്നുള്ള കാര്യം,
ഞാനറിഞ്ഞി, ല്ലതു കഷ്ടമായി;
ഞാനെന്തൊരു മണ്ടനായിപ്പോയി!
കാലേയിവളെ ഞാൻ കണ്ടിരുന്നെങ്കിൽ
കാമിനിയെൻ സ്വന്തമായിരുന്നേനെ!
എങ്കിലും പൊയ്പോയതില്ലെടോ, ഭാഗ്യം,
പൂങ്കുയിലാളഭിഗമ്യയെങ്കിൽ!

കാര്യസ്ഥൻ :
മന്നവാ, ഖേദിക്കവേണ്ടിനിയും
ഇന്നു തന്നെയഭിലാഷപൂർത്തി!
ഞാനിതാ പോകുന്നു, ബത്ശേബായെ
സ്വാമിതൻ മുമ്പിലേക്കാനയിക്കാം.

(പോകുന്നു)

ദാവീദ് : (ആത്മഗതം)
ഭാര്യയാണെങ്കിലെന്ത്, കന്യകയാണെങ്കിലെന്ത്
സൂര്യകാന്തിപ്പൂപോലെ സുന്ദരിയവൾ;

www.malankaralibrary.com

ഈരാവിലെന്റെ മണിയറയിൽ;
ഈരാത്രി മാദകമധുരരാത്രി!
നാടിന്നധിപൻ ഞാനായിരിക്കെ
പേടിക്കാനൊന്നുമേ കാണുന്നില്ല;
എന്നധികാരപരിധിയിൽക്കാണും
സുന്ദരീരത്നങ്ങളെന്നവകാശം.
പാർത്ഥിവനാണല്ലോ രത്നാധികാരി
പാർത്തലസമ്പത്തിന്നേകാവകാശി.
ഊറിയാപോയിത്തുലയട്ടെവിടയോ;
ഊഴിയിൽ രാജാവിന്നിഷ്ടം നടക്കണം.

കർട്ടൻ

www.malankaralibrary.com

## രംഗം മൂന്നു്

(കൊട്ടാരം. ചിന്താവ്യാകുലനായ ദാവീദ്)

ദാവീദ് :

കണ്ടില്ല, കണ്ടില്ല ബത്‌സേബായെ
തണ്ടലർപോലുള്ള സുന്ദരിയെ;
കണ്ടില്ല, കണ്ടില്ല, കാമിനിയാളെ
വണ്ടാർ കുഴലിയാം ഓമലാളെ.
രാകാശശാങ്കനുദിച്ചുയർന്നു,
രാഗിണിയിനിയും വന്നതില്ല.
താരാഗണങ്ങൾ ഉററുനോക്കുന്നു
താമരക്കണ്ണാൾ വന്നതില്ല.
ചിത്തം മദിപ്പിക്കും പുഷ്പഗന്ധം
എത്തുന്നിതാ, മലർക്കാവിൽ നിന്നും.
പൂങ്കുയിൽപാടുന്നു പൂവനംതോറും
പൂങ്കുഴലാളെ കാണുന്നില്ല!
എന്തേ, വരാനിനി, താമസമോമലാൾ
ശങ്കിച്ചും, പേടിച്ചും നിൽക്കയാണോ!
എൻ ദേഹകാന്തിയൊരിക്കൽപ്പോലും
സുന്ദരിബത്‌സേബാ കണ്ടിട്ടില്ലേ?
രാജാവൊരാളെയയച്ചാൽ വരാത്ത
രാജീവലോചനയീനാട്ടിലുണ്ടോ!
വേണ്ടിവന്നേക്കാം ബലപ്രയോഗം
കണ്ടിവാർകുഴലിയെ കൊണ്ടുവരാൻ.
യുക്തംപോൽ കാര്യസ്ഥൻ കാര്യം നടത്തിടും
ഭക്തനാണെന്നിൽ, വിശ്വസ്തനുമവൻ.
യുദ്ധാദികാര്യങ്ങളെല്ലാം മറന്നു ഞാൻ;
ബത്‌സേബാ മാത്രമാണെൻമനസ്സിൽ.

www.malankaralibrary.com

എന്നെ, യപഹൃതചിത്തനാക്കുന്നല്ലോ
എന്നോമലാളേ, ബത്ശേബാ നീ.

(ബത്സേബായേയും കൂട്ടി കാര്യസ്ഥൻ പ്രവേശിക്കുന്നു. ഭയസംഭ്രമമാർന്ന മാൻപേടയേപ്പോലെ ബത്സേബാ, രാജസന്നിധിയിൽ)

കാര്യസ്ഥൻ : (തലകുനിച്ചതിനുശേഷം)
വന്ദനം, മന്നവാ, കണ്ടാലും, നറും
കുന്ദമലരൊക്കും ബത്സേബായെ.
മന്നിലിമ്മട്ടിൽ മാണിക്യംവേറുണ്ടോ,
മന്നന്റെ കണ്ണിൻകഴിവു കേമം!
(നിഷ്ക്രമിക്കുന്നു)

(സസന്തോഷം)

ദാവീദ് :
എന്നരികിൽവന്നോ, എന്നരികിൽവന്നോ
എന്നോമലേ, പ്രിയേ, ബത്സേബായേ!
നിന്നെഞാൻ സ്നേഹിക്കുന്നെന്നുചൊന്നാൽ
എന്നുമതുസത്യമായിരിക്കും.
ഇന്നലെ മൂവന്തിനേരം നീമുററത്ത്
നിന്നുകുളിപ്പതു കണ്ടേനീഞാൻ;
എന്നിലുണർന്നുവികാരം, നിലയ്ക്കാതെ,
പൊന്നേ, നീ, യീറനുടുത്തുനിൽക്കെ.
എത്രമനോഹരീയാണു നീയോമലേ,
ഇത്രയുംസൗന്ദര്യ മെങ്ങുനിന്നോ!
ചിത്താപഹാരിണീ, യേതുപുമാനും
വിത്തമെല്ലാം നിന്റെ കാൽക്കൽ വയ്ക്കും.
കണ്ടിട്ടില്ലീവിധം മറെറാരാളെമലർ—
ച്ചെണ്ടുപോലുള്ളൊരു സുന്ദരിയെ.

www.malankaralibrary.com

കണ്ടാലും കണ്ടാലും തീരില്ലല്ലോകൊതി;
വണ്ടായി നിൻമധു ഞാൻ നുകരും.
നിൻചികുരം കരിങ്കാറുപോലെ
നിന്നുടലോ,ഇളം വല്ലിപോലെ;
നിൻവദനം പൂർണ്ണചന്ദ്രനേപ്പോലെ
നിന്നധരം പനിനീരലർപോലെ.

ബത്ശേബാ : (മുഖത്ത്, സംഭ്രമം, ഭയം, സന്തോഷം എന്നിവ മാറിമാറിവരുന്നു.)

സ്വസ്തി, മഹാരാജൻ, സ്വസ്തിമഹാരാജൻ,
അസ്തംഗമിക്കുന്നോ,നെന്മന:ശാന്തി,
ഹൃത്തിൽമഹാഭയം, ബുദ്ധിക്കമാന്ദ്യം
എത്തിപ്പിടിക്കേണ്ടു ഞാനിപ്പൊഴെന്തിൽ?

ഞാനൊരബല, ഉറിയാവിൻഭാര്യ,
ഞാനെന്തുചെയ്യണം, കല്പിച്ചാലും;
ന്യായപ്രമാണത്തിൻ ലംഘനം ദൈവത്തിൻ
കോപശാപങ്ങളിലാഴ്ത്തുമെന്നെ.

ദാവീദ് :

ഭദ്രേ,ഭയപ്പെടരുതേതുമേ, നിന്നെഞാൻ
നിത്യവും കാത്തിടും ഭീതിവേണ്ട:
എന്നധികാരത്തിൻ ശക്തിയറിയില്ലേ,
പിന്നെന്തിനാണി ഭയപ്പാടുംതർക്കവും.
പട്ടിണിയെന്തേ കിടക്കുന്നുനീ, പതി
പൊട്ടനൊരുത്തൻ, വിരസൻ, വിരഹി!
ഇന്നത്തെരാത്രി നമുക്ക സ്വർഗ്ഗം
പൊന്നേ, വരൂ, എന്മണിയറയിൽ.

www.malankaralibrary.com

ബത്സേബാ :

അങ്ങുമായ് സന്ധിച്ചതൊന്നറിഞ്ഞാലോ,
അന്നെൻ പതിയെന്നെ സംത്യജിക്കും.
പിന്നെയീലോകത്തിലെൻ ഗതിയെന്താണെ-
ന്നിന്നുഞാൻ പ്രത്യേകം ചൊല്ലണമോ?
കേവലം വെപ്പാട്ടി മാത്രമാക്കി
പാവമിവളെ നശിപ്പിക്കയോ?
അങ്ങേയ്ക്കൊരുണ്ണി, യെന്നിൽപ്പിറന്നാൽ
മംഗലദായകാ, എന്താണവൻഗതി?

ദാവീദ് :

ഭദ്രേ, ഭയപ്പെടാ,തീ നിമിഷംഞാൻ
സത്യംചെയ്തോതുന്നു നിന്നുടെ ഭാവി.
ഭർത്താവു നിന്നെയുപേക്ഷിച്ചുവെന്നാൽ
സത്യം, ഈ ഞാൻ നിന്നെക്കൈക്കൊണ്ടിടും

ബത്സേബാ : (സസന്തോഷം)

എല്ലാമവിടുത്തെ ഇഷ്ടംപോലെ,
എല്ലാമവിടുത്തെ നിശ്ചയംപോലെ.
ഞാനൊരബല, യവലംബമില്ലാത്തോരു
ഞാനിനിമേലങ്ങേ, ദാസിമാത്രം

കർട്ടൻ

www.malankaralibrary.com

## രംഗം നാല്

( രാജകൊട്ടാരം. ദാവീദ് — കാര്യസ്ഥൻ )

ദാവീദ് :

യുദ്ധമെങ്ങനെ, ശത്രുശക്തിയെങ്ങനെ, നമ്മൾ
എത്രനാളുകൂടിവേണം വിജയം വരിക്കാൻ
വാർത്തയെത്താൻ താമസം, കൂർത്തവാളിനാൽ നമ്മൾ
തീർത്തുമെല്ലാ വൈരികളേം തച്ചുതകർക്കില്ലേ?

കാര്യസ്ഥൻ :

യുദ്ധം പുരോഗമിക്കുന്നു രാജൻ,
ശത്രുക്കളെ വെട്ടിനീക്കുന്നു.
കർത്തവ്യ വ്യഗ്രരാണല്ലോ സൈന്യം
എത്തിപ്പിടിക്കും വിജയം.
അങ്ങു സമാധാനിച്ചാലും യഹോവ,
മംഗലം തന്നെ വരുത്തും;
എങ്ങും പരന്നിടുമങ്ങുതൻ കീർത്തി,
പൊങ്ങി ദിഗന്തങ്ങൾതോറുമേ.

ദാവീദ് :

യുദ്ധസ്ഥലത്തു നിന്നാരെങ്കിലും വന്നാൽ
എത്തിക്കണമെന്റെ മുമ്പിലവനെ.
കാത്തുനിൽക്കേണ്ട, സംവാദത്തിനായെന്റെ
കല്പനയാണിതു, പോയ്‌വരൂ വേഗം.

( കാര്യസ്ഥൻ നിഷ്ക്രമിക്കുന്നു. മറുവശത്തുകൂടി ബത്‌സേബാ പ്രവേശിക്കുന്നു. വാടിയ മുഖം )

ദാവീദ് : (ബത്‌സേബായെ കണ്ടിട്ട്)

എന്താണോമനേ, നിന്മുഖം വല്ലാതെ
സന്താപമഗ്നമല്ഭുതപൂർവ്വം;
എന്തുംപറയുവാനെന്തേ മടിക്കുന്നു;
എന്തുവന്നാലും ഞാൻ നിന്നൊപ്പമില്ലേ?

www.malankaralibrary.com

ബത്ത്സേ : (വിതുമ്പിക്കൊണ്ട്)
രാജാവേ, ഞാനിന്നു ഗർഭിണി, യെൻപാപം
ആജന്മമിങ്ങനെ പിന്തുടരുന്നോ!
പോംവഴി കാണുന്നില്ലെന്റെ ഭർത്താവോ
പോരിൽ, പിന്നാരിതിനുത്തരിക്കും?
പതിതയാ, യെന്നെന്നെ ലോകരെണ്ണും;
പതിയെന്നെയാട്ടിപ്പുറത്താക്കും.
അടിതെററി വീണു, പിഴച്ചുപോയ് ഞാൻ
അടിയനെ രക്ഷിക്കാൻ കനിയണമേ.

ദാവീദ് : (സംഭ്രമം ഒതുക്കി)
ഭീതിവേണ്ട, ഞാൻ വഴിയുണ്ടാക്കാം
ദൂതനെ വിട്ടു വിളിച്ചുവരുത്താം;
നിന്റെ ഭർത്താവിനെ നിന്റെ കൂടെ
രണ്ടുനാളാക്കിയാൽ ശങ്കതീരും.

ബത്ത്സേ :
എല്ലാമവിടുത്തെയിഷ്ടം പോലെ
എല്ലാമങ്ങേയ്ക്കു ഞാൻ തന്നുവല്ലോ;
ഇല്ലെനിക്കാരും സഹായം വേറെ,
വല്ലഭസ്ഥാനത്തിന്നങ്ങിരിപ്പൂ.

കർട്ടൻ

www.malankaralibrary.com

## രംഗം അഞ്ച്

(ദാവീദിൻെറ കൊട്ടാരം. രാജാവ് രംഗത്ത്. ഉറിയാ പ്രവേശിക്കുന്നു. ഭടൻെറ വേഷം.)

ദാവീദ് :

ഉറിയാ, നീവന്നോ, നന്നായി
ചെറുതല്ലെനിക്കും സന്തോഷം.
യുദ്ധരംഗത്തെ വിവരം നേരിട്ട
കേൾക്കുവാൻ കൊതിയെനിക്കേറുകയായ്,
നമ്മുടെ സൈന്യം വിജയപൂർവം
മുന്നോട്ട തന്നെ കുതിക്കയല്ലേ!

ഉറിയാ :

ഇന്നോളം നേട്ടം നമുക്കു തന്നെ
പിന്നോക്കം പായിച്ചു ശത്രുവിനെ;
മുന്നേറിടുന്നനവാസരം നമ്മൾ
എന്നാലും ശത്രു ചെറുത്തു നിൽപ്പൂ.

ദാവീദ് :

പൂർണ്ണമായ് ശത്രുപരാജയം നാം
കാണുംവോളം തുടരട്ടെ യുദ്ധം.
മേലിലവർ തലപൊക്കിടാതെ
കാലേ വരുത്തണം പൂർണ്ണ നാശം.
പോരിൽ നീ ശൂരത കാട്ടിടുന്ന
കാര്യം ഞാൻ കേട്ടതിൽ സന്തോഷം!
പ്രത്യേക സമ്മാനം നൽകിടും ഞാൻ
അത്യുദാരം നിന്നെ മാനിച്ചിടും,
തൊട്ടടുത്തല്ലേ, നിൻഭവനം
കോട്ടയ്ക്കകത്തിവി, ടെന്നയൽപക്കം.
നിന്നോടൊരല്പം ദയവുതോന്നി
ഒന്നു വിശ്രാന്തിക്കനുവദിപ്പൂ.

www.malankaralibrary.com

ഏതാനും നാൾ കഴിഞ്ഞിട്ടു പോകാം
ഏതായാലും ഇങ്ങു വന്നതല്ലേ?
വിശ്രമിച്ചാലും നീ വീട്ടിൽ പോയി
തൽക്കാലം, പിന്നെ നമുക്കു കാണാം.

ഊറിയാ :

നാലുപേർ കേട്ടാലെന്തുചൊല്ലും
നാണക്കേടാകുമെനിക്കു മേലിൽ,
എന്നഭിമാനം മുറിവേററാൽപ്പിന്നെ
മന്നിൽ ഞാൻ ജീവിക്കയില്ല മന്നാ.
ഒന്നാമതായി രാജ്യസ്നേഹം
പിന്നെ രാജാവിനോടുള്ള സ്നേഹം.
ഈ രണ്ടു കാര്യം കഴിഞ്ഞുമാത്രം
ഭാര്യയ്ക്കു സ്ഥാനമെൻ ജീവിതത്തിൽ.
അങ്ങാണ, ഞാൻ ചൊല്ലാം സത്യം, ചുമ്മാ
ഭംഗിവാക്കല്ലേ; ഞാൻ പോകില്ല.
തെററാണു വീട്ടിൽ പോവതിപ്പോൾ
ശത്രുസംഹാരമെൻ മുഖ്യകർമ്മം.
യുദ്ധമെല്ലാവരും ചെയ്തിടുമ്പോൾ
കഷ്ടം, ഞാൻ വീട്ടിൽ സുഖിക്കുകയോ!

ദാവീദ് :

എന്നഭിലാഷം ഞാൻ ചൊന്നു നിന്നോ-
ടിന്നു നീ പോകണം നിന്റെ വീട്ടിൽ.
എന്നെയനുസരിക്കുന്നതത്രേ
ഇന്നു നിനക്കു കരണീയം.
വീടിനോടും തെല്ലു കൂറുവേണ്ടേ
നാടിനോടുള്ളതു പോലെതന്നെ?

കർട്ടൻ

www.malankaralibrary.com

## രംഗം ആറ്

(ദാവീദിന്റെ കൊട്ടാരം. രാജാവും കാര്യസ്ഥനും)

ദാവീദ് :

കാര്യക്കാരാ, എന്റെ ജീവിതത്തിൽ കാണും
കാര്യസ്വകാര്യങ്ങൾ നീയറിവൂ.
ഇന്നലെ പോയോ ഉറങ്ങുവാൻ, ഉറിയാ
തന്നുടെ വീട്ടിൽ രാത്രികാലം!

കാര്യസ്ഥൻ :

പോയില്ല, പോയി. ല്ലരചവര്യാ,
പോയില്ലവൻ തത്വദീക്ഷയുള്ളോൻ.
യുദ്ധം നടക്കുമ്പോൾ ഇസ്രയേൽക്കാരൻ
യുദ്ധം നടത്തണമെന്നു ചൊല്ലി,
ഒട്ടും കൂസാതെ കിടന്നുറങ്ങി
കൊട്ടാരവാതിൽപ്പടിക്കടുത്തായ്!
എന്തുചെയ്യാം, വഴിവേറെയെന്ത്,
പന്തിയല്ല കാര്യമിങ്ങനായാൽ.
(രാജാവിന്റെ മുഖം കറുക്കുന്നു)

കാര്യസ്ഥൻ :

രാജകല്പന പാലിക്കാത്തവൻ
യോജിപ്പിൽ കഴികില്ലിനി.
ഈ വെറും ഭടൻ ഇത്രമേൽ ധാർഷ്ട്യം
ഈ മട്ടിൽ കാട്ടി വാഴ്കയോ!
അർഹതയില്ലവന്നു ജീവിക്കാൻ
ഗർവിതേമട്ടിലായെന്നാൽ.
കൊല്ലുകയല്ലാതില്ലൊരു വഴി
തെല്ലൊരു ശങ്ക വേണ്ടിതിൽ.

www.malankaralibrary.com

ദാവീദ് : (അസ്വസ്ഥനായി)

കാര്യസ്ഥാ, എന്റെ മാനസകാര്യം
വിശ്വസ്താ, ഞാനിന്നസ്വസ്ഥൻ.
എന്തിനിക്കരണീയമെന്നു നാം
ചിന്തിച്ചു വേഗം ചെയ്യണം.
ബത്ശേബായുടെ ഗർഭത്തിന്നു ഞാൻ
ഉത്തരവാദി,യെങ്കിലും
നാട്ടുകാരിതു കേട്ടുവെന്നാലീ
നാട്ടിലെൻ സ്ഥിതി കഷ്ടമേ !
ഇസ്രയേൽക്കാ,രിളകിയെന്റെമേൽ
വർഷിക്കും അധിക്ഷേപങ്ങളാം !
നല്ലവനെന്നു പേരുകേട്ട ഞാൻ
വല്ലാത്ത തെറ്റു ചെയ്കയോ!
വേലിതന്നെ വിളവു തിന്നുന്ന
വേലയാരു പൊറുക്കുമൊ !

കാര്യസ്ഥൻ :

ശാന്തനായാലും, ശാന്തനായാലും
ഇസ്രയേൽ രാജൻ, ശാന്തനായാലും,
വേറെ വഴിയില്ല, എവ്വിധമായാലും
ഉറിയായെ കൊൽകതന്നെ വേണം.
വേറെയെവിടെവച്ചായാലും വേണ്ടില്ല,
യേറുശലേമിൽ വച്ചാകരുതേ!
അങ്ങുമായ്ബന്ധപ്പെടാത്തൊരു മട്ടിൽ
ആരുമറിയാതെ കൊന്നിടേണം.
എന്നാലവിടുന്നു രക്ഷപ്പെട്ടു;
പിന്നൊരു സംശയം ശേഷിക്കില്ല.

www.malankaralibrary.com

ദാവീദ് :

കൊള്ളാം, കാര്യസ്ഥാ, നിന്നുപദേശം,
കൊള്ളാം പറഞ്ഞപോലിന്നു നടപടി.
കത്തൊന്നെഴുതിയവൻ വഴിതന്നെ
എത്തിച്ചിടാം സേനാനായകന്നായ്.
ഏറെ വിപത്തു വരുത്തുന്നിടത്ത്,
ചീറുന്ന വാളംത്തലയുള്ളിടത്ത്,
നിർത്തണം ഉറിയായെ, വെട്ടുകൊണ്ട്
ചത്തുപോകേണം, തുണയരുത്.
ശത്രുവിൻ വെട്ടേറു ചത്തുവെന്നോ
മററു ഭടന്മാർ ധരിക്കയുള്ളൂ.
യുദ്ധസാധാരണം മൃത്യുവെന്നേ,
മററു ജനവും ധരിക്കയുള്ളൂ.
കൊല്ലിച്ചതാണെന്നു തോന്നുകില്ല,
തെല്ലു സന്ദേഹവുമില്ല പിന്നെ.
കത്തു ഞാൻ വേഗമെഴുതി വച്ചാം
സത്വരം ഉറിയായെ ആനയിക്കു.

കർട്ടൻ

www.malankaralibrary.com

## രംഗം ഏഴ്

(രാജകൊട്ടാരം. ദാവീദ്, കാര്യസ്ഥൻ)

കാര്യസ്ഥൻ :

ജയ ജയ ജയ ജയ, ഇസ്രായേൽ രാജൻ
ജയ ജയ ജയ ജയ, ദാവീദ രാജൻ!
ഉറിയാ മരിച്ചു, യുദ്ധം ചെയ്തു നിൽക്കെ,
അരികളവനെ വെട്ടിവീഴ്ത്തി! (ജയ ജയ...)
അപകടത്തിൽപ്പെട്ടു മരിച്ചതായി
കരുതിയവിടെ നിന്ന ഭടന്മാരെല്ലാം.
മുന്നിലേക്ക നിർത്തവേ, പിന്നിൽ നിന്നു മാറി
സേനാനായകൻ തുണ നൽകിടാതെ!
അങ്ങയുടെ കത്തുപോൽ സംഗതിനടന്നു;
അങ്ങേക്കിനി സമാധാനമായി കഴിയാം.
പെരിയോരു ധീരനെന്നേവരും വാഴ്ത്തി-
പുകഴ്ത്തട്ടെ മേൽക്കുമേൽ നമുക്കെന്തു ചേതം!
വിലങ്ങുതടി നീങ്ങിയെന്നെന്നേക്കം.
വിളിച്ചിനിയകത്താക്കാം ബത്സേബായെ, രാജൻ
ഭൃശ്ശുങ്കകളിനിയാർക്കുമുദിക്കയില്ല,
വിശുദ്ധനായ്ത്തന്നെയങ്ങേയ്ക്കിവിടെ വാഴാം.

ദാവീദ് :

എന്തായാലും മഹാഭാഗ്യം വന്നൊരാപൽ-
സന്ധിയിൽ നിന്നു വിമുക്തനായ് ഞാൻ.
മണ്ടനറിയാ പിശകുമെന്നു് തെല്ലും
കണ്ടില്ല സ്വപ്നത്തിൽപ്പോലുമീ ഞാൻ
മർത്ത്യന്റെ ബുദ്ധിയില്ലാതെ വന്നാൽ,
മത്തനായ്ത്തീർന്നാൽ ഫലമിവ്വിധം.
അല്പം വിവരമുണ്ടായിരുന്നെങ്കിൽ,
അല്പായുസ്സാകുമോ ഉറിയായിന്നു്?

www.malankaralibrary.com

(കാര്യസ്ഥനോട്)

കാര്യസ്ഥാ, നീ ചെയ്ത സേവനവും
കാര്യമായ്ത്തന്നോരുപദേശവും,
വിസ്മരിക്കില്ല ഞാൻ ജീവിതത്തിൽ,
പ്രത്യേകസമ്മാനം നൽകുമീ ഞാൻ.
അധികം കഴിയാതെ ബത്സേബായെ
അന്തഃപുരത്തിലേക്കാനയിക്കു.
നേരിയ ദുഃഖമവൾക്കു കണ്ടേക്കാം
മാറിപ്പോം കൊട്ടാര ജീവിതത്തിൽ.
പട്ടമഹഷിയായ് സ്ഥാനം നൽകും,
കൊട്ടാര റാണിയായ് വാണിടുമവൾ.
പത്നിമാർ വേറെയുണ്ടായിരിക്കാം
ബത്സേബാക്കത്രേ മുൻഗണന.
രാജാവകാശിയായ്ത്തീർന്നിടുമേ
പൂജ്യനാം പുത്രനവൾക്കുണ്ടായാൽ;
ഹന്ത! യീസൗന്ദര്യത്തിൻെറ മുമ്പിൽ
എന്തുമിവൻ കാഴ്ച വച്ചുപോകും!

കർട്ടൻ

www.malankaralibrary.com

## രംഗം എട്ട്

(കൊട്ടാരം. രാജാവ് രംഗത്ത്. കാര്യസ്ഥനും. നാഥാൻ പ്രവാചകൻ പ്രവേശിക്കുന്നു.)

ദാവീദ് :

വന്ദനം, പ്രവാചകാ, വന്നിരുന്നാലും
വന്ദനം അങ്ങേയ്ക്കു സൗഖ്യമല്ലേ.
അങ്ങുതൻ സാന്നിദ്ധ്യം മംഗളദായകം
അങ്ങുതൻ സന്ദർശനമഭികാമ്യം!
ഇങ്ങെഴുന്നെള്ളുവാൻ വന്ദ്യനാം ഗുരോ,
ഇന്നു പ്രത്യേകിച്ചും കാര്യമെന്തോ?
ഉന്നതനാകും യഹോവ തൻെറ
സന്ദേശം കൊണ്ടങ്ങു വന്നതാണോ?
അല്ലെങ്കിൽത്തന്നെയിവിടെഴുന്നെള്ളാൻ
വല്ലതും പ്രത്യേക ഹേതുവേണോ?
അങ്ങേയ്ക്കു സ്വാഗതമേതുനേരത്തും;
ഞങ്ങൾക്കനുഗ്രഹം നൽകുമാറാകണം.

നാഥാൻ : (സഗൗരവം)

ഹേ, മഹാരാജൻ, കഥയൊന്നു ഞാൻ ചൊല്ലാം
ധീമാ,നതിധീരനങ്ങു കേൾക്കൂ;
ന്യായപ്രമാണത്തിൻ നീതി നടത്തുന്ന
ന്യായാധിപനാകുമങ്ങു കേൾക്കൂ:

ഒരിടത്തൊരിടത്തൊരു ധനികൻ
അവനുണ്ടാടുകൾ നൂറുകണക്കു്;
അയൽപക്കത്തുണ്ടൊരു പാവപ്പെട്ടോൻ
അവനാകെ സമ്പാദ്യം ആടൊരെണ്ണം;
ധനികനൊരിക്കലൊ,രതിഥി വന്നു
ഖലനവൻ കാണിച്ചതെന്തെന്നല്ലേ,

www.malankaralibrary.com

തന്നയൽക്കാരൻെറയാടിനെത്താൻ
തൻെറ കൈയൂക്കിനാൽ കൈവശമാക്കി
കൊന്നു, വിരുന്നു പൊടിപൊടിച്ചു
ഖിന്നനയൽക്കാരൻ നോക്കി നിൽക്കെ.
ഇസ്രയേൽ ദേശത്തിതെന്തു നീതി,
കുത്സിതവൃത്തിയിതാർ പൊറുക്കും?
നീതിനടത്തും യഹോവയീ ദുഷ്ടത,
പ്രീതിയിൽ കാണുമോ, ചൊല്ലണം നീ.

ദാവീദ് : (ക്രുദ്ധനായി)

സത്യം, സത്യം, സത്യമിദ്ധനികൻ
വധ്യനാണല്ലോ പ്രവാചകവര്യാ!
എൻെറ രാജ്യത്തീ നീചൻ വസിക്കാൻ
എന്തുകൊണ്ടും ഞാനനുവദിക്കില്ല.
ആരെ,ന്നോതണ, മിക്കിരാതൻ,
ആരായാലെന്തവനിനി മേലിൽ,
ജീവിക്കയില്ലിതു രാജനീതി,
ജീവദാതാവു യഹോവസത്യം!

നാഥാൻ : (പരിഹാസസ്വരത്തിൽ)

എങ്കിലോ കേട്ടാലും ഞെട്ടരുതേ,
പങ്കം നിറഞ്ഞൊരാ നീചമർത്ത്യൻ,
നീ തന്നെയത്രേ യഹോവയോട്
പാതകം ചെയ്തു നീ, ഉറിയയെങ്ങ്?
പാതകം ചെയ്തു നീ മന്നവാ,രക്ത-
പാതകം ചെയ്തു നീ, ഉറിയയെങ്ങ്?
കാമചാരി,നിന്നകൃത്യം മറയ്ക്കാൻ
കൊല്ലിച്ചതല്ലേ നീ, ഉറിയയെങ്ങ്?

www.malankaralibrary.com

നിന്നെ യഹോവാ, തിരഞ്ഞെടുത്തു
മന്നിലിസ്രായേലിൻ ഭൂപനായി;
എന്നിട്ടു നീയെന്തു ചെയ്തിടുന്നു;
തിന്നുന്നയ്യോ! വിള വേലിതന്നെ!

ന്യായാധിപൻ പിഴ ചെയ്തുപോയാൽ
ന്യായമിബ്ഭൂവിൽനിന്നോടിപ്പോകും;
കോടതി കൗടില്യം കാട്ടിയെന്നാൽ ജന-
കോടികൾ കണ്ണീർ കുടിച്ചുപോകും!

കാര്യസ്ഥൻ : (കയർത്തുകൊണ്ടു്)

രാജാവിനെ ചോദ്യം ചെയ്യുവാനീ
രാജ്യത്തിലാർക്കുണ്ടധികാരം!
പ്രജയാണവിടുന്നുമെന്ന കാര്യം
പ്രവചനക്കാരാ, മറന്നുപോയോ?
നൃപശക്തിയെന്തെന്നറിഞ്ഞിടേണം
കുമതിയായ്ത്തീരൊലാ, കോപംമൂലം
അങ്ങയെ പാറാവിലാക്കുവാനീ
മന്നനു ശക്തിയുണ്ടെന്നറിയൂ.

നാഥാൻ : (പരിഹാസത്തിൽ)

പാറാവിലാക്കാം, കഴുത്തുവെട്ടാമെന്നെ
കീറാതെ കീറി മുറിച്ചുതള്ളാം;
പട്ടാളമുണ്ടു്, പണമുണ്ടു് കൈയിൽ-
കിട്ടിയതാമധികാരമുണ്ടു്;
നിങ്ങൾക്കെന്തും ചെയ്യാമെന്നൊടെന്നാൽ
തൊണ്ണൂറ്റുശ്വാസമുള്ളോരു കാലം;
സത്യമുച്ചത്തിൽ വിളിച്ചു ചൊല്ലും ഞാൻ
വെട്ടിനുറുക്കണമെന്നെ നിങ്ങൾ;

www.malankaralibrary.com

സത്യത്തെക്കൊന്നു കുഴിച്ചിട്ടാലും
സത്യമൊരിക്കലുയർത്തെണീക്കും;
സത്യം ജയിക്കുന്നു; ധർമ്മം ജയിക്കുന്നു;
സത്യവാനാകും യഹോവ ജയിക്കുന്നു!

ദാവീദ് : (കാര്യസ്ഥനോട്)

നിങ്ങളിവിടം വിട്ടു പോകൂ, വേഗം
നിങ്ങൾക്കിതിലൊരു കാര്യവുമില്ല.
എന്റെ സ്വന്തം കാര്യമാണിതു ഞാൻ
എന്തും വില നൽകി തീർത്തുകൊള്ളാം.
(കാര്യസ്ഥൻ നിഷ്കർഷിക്കുന്നു)

ദാവീദ് : (നാഥാനോട്)

കോപിക്കരുതേ സദയം പ്രവാചകാ,
പാപിഞാൻ വൻകുററം ചെയ്തുപോയി!
തെററു ഞാൻ സമ്മതിക്കുന്നെന്റെ ബുദ്ധി
തെററിയകന്നു മോഹാവേശത്താൽ.

നാഥാൻ :

തെററു നീ സമ്മതിക്കുന്നതിനാൽ
രക്ഷതൻ പാതയിലായി നീ;
മാപ്പു ചോദിക്കേണ്ടതത്യുന്നതൻ
സൽപ്പിതാവാകും യഹോവയോടേ.
നിന്നോടു വാത്സല്യം ദയ നിമിത്തം
നിന്നെ യഹോവാ വിടുന്നു ചുമ്മാ,
എന്നാൽ നിനക്കു ജനിക്കും കുഞ്ഞ്
മന്നിൽ ജീവിക്കയില്ലേറെ ദിവസം (പോകുന്നു)

www.malankaralibrary.com

ദാവീദ് : (പശ്ചാത്താപ വിവശനായി)
എൻ ദൈവമേ, എൻയഹോവേ,
എൻെറ മേൽ നീ ദയ കാട്ടിടണേ!
നിൻെറ മുമ്പാകെ ഞാൻ തെററു ചെയ്തു;
എൻെറ മേൽ ശാപം ചൊരിയരുതേ!
ഞാൻ ജഡമോഹത്തിൽ വീണുപോയി,
ഞാൻ രക്തപാതകം ചെയ്തുപോയി!
എല്ലാം പൊറുത്തു നിൻ ദാസനെ നീ
എന്നുമനുഗ്രഹിച്ചീടണമേ!

കർട്ടൻ

(സമാപ്തം)

www.malankaralibrary.com

# മരിയെ ഗോരേത്തി

## (ബാലേ)

### രംഗം ഒന്നു്

(മരിയയും രണ്ടു സഖിമാരും പാടത്തു വിഹരിക്കുന്നു. മധുരപ്പതിനേഴുകാരാകുന്ന മൂവരും)

മൂവരും :

പൂവണിഞ്ഞു പൂവണിഞ്ഞു ലില്ലികളെല്ലാം,
പാടമെല്ലാം പൂവണിഞ്ഞു; വെള്ളിപ്പൂക്കൾ!
പൂവനമായ് പാടമായപാടമെല്ലാം
പൂനിലാവലയിളക്കും വേദിയായി.

മേയ്മാസഭംഗിയെങ്ങും തിങ്ങുകയായി,
മേയ്മാസറാണിയുടെ ഉൽസവമായി;
മാധുരിപെറുന്നകാലമാഗതമായി
മാധവശ്രീനൃത്തമാടും വേളയായി.

കൺകുളിർക്കെനോക്കിനിൽക്കാനെന്തുമോഹം;
കൈയിലെടുത്തോമനിക്കാനെന്തു ദാഹം!
ഭൂമിദേവി ചൂടിടുന്ന ലില്ലിപ്പൂക്കൾ,
തൂമണം പരത്തിടുന്ന പിഞ്ചുപൂക്കൾ!

സഖികൾ മരിയയോടു് :

ഇമ്പമേതുപൂവിലെന്നു ചൊല്ലിടാമോ,
ചെമ്പകമോ, പിച്ചകമോ, രോജതാനോ?
കുമ്പിടുന്നു നിൻെറ മുമ്പിലേതുപൂവും
കുംഭിനിപോൽനടയുള്ള സുന്ദരീമണീ!

www.malankaralibrary.com

മറിയ :

കളിവാക്കുപറയാതെൻ കൂട്ടുകാരെ
കളനാദമുതിർക്കുന്ന തോഴിമാരേ!
കളവല്ല പൂക്കളായ പൂക്കളിലെല്ലാം
കരളിന്റെ കരളാണീ ലില്ലിപ്പൂക്കൾ.

സഖികൾ :

കതിർമണ്ഡപത്തിലെന്നാലൊരുദിനം നീ
കമിതാവിൻ കൈയിലാകാൻ വന്നു
നിൽക്കുമ്പോൾ,
ഒരുപിടി ലില്ലിപ്പൂക്കൾ ചേർത്തു ഞങ്ങൾ
ഒരുമിച്ചുവന്നുതരുമൊരു സമ്മാനം.

മറിയ :

അരുതരുതിങ്ങ, നിനി പറയരുതേ,
അകതാരിലിരിക്കുന്നെൻ മണവാളൻ;
പരമപിതാവിൻ സുതനേശുനാഥനെ
പരിണയം ചെയ്തുപോയെന്നറിയിക്കുന്നേൻ.

സഖിമാർ :

മറിയേ നീയിത്തരത്തിൽ കളിപറയാൻ
മടിക്കാത്തതെന്തുകൊണ്ടെന്നറിയണമോ?
പൊളിയിങ്ങനേതുപെണ്ണും പറഞ്ഞുപോകും,
പരിണയപ്രായമായാ, ലെന്തെന്തുനാട്യം!

കരളിന്റെയുള്ളിലൊരു യുവകോമളൻ.
കയറിയിരിക്കുന്നതു മറയ്ക്കാമെന്നോ?
മടയികളാക്കാമെന്നോ ഞങ്ങളെയെല്ലാം
മടുമലർമൊഴീ, ചൊല്ലു പ്രിയനാരെന്നു്.

www.malankaralibrary.com

മരിയ : (ദുഖഭാവത്തിൽ)
കളിയായിപ്പോലുമീ ഞാൻ പറയാറില്ല,
കപടവാക്കൊരുനാളുമെൻ സഖിമാരേ!
നല്ലവണ്ണമാലോചിച്ചേനെൻെറയാത്മാവിൽ
വല്ലഭനായ് പ്രതിഷ്ഠിച്ചേൻ ക്രിസ്തുനാഥനെ.

കമനീയമത്രേ ലോകസുഖമെന്നാലും
കടന്നുപോമതുക്ഷണം മഴവില്ലുപോൽ;
സനാതനസുന്ദരമാം സത്യമൊന്നുതാൻ;
സന്തതമെനിക്കുകാമ്യം, യേശുനാഥൻ താൻ.

മനുഷ്യർക്കായവിടുന്നു ജീവിച്ചതുപോൽ,
മനുഷ്യർക്കായവിടുന്നുമരിച്ചതുപോൽ,
അവിടുത്തെ സ്നേഹിച്ചുഞാൻ ജീവിക്കവേണം,
മനുഷ്യസേവനം ചെയ്തു ജീവിക്കവേണം.

സഖിമാർ :
പൊറുക്കണം, പ്രിയസഖീ, മറക്കണം നീ
അറിയാതെ പറഞ്ഞൊരു കൊള്ളിവാക്കുകൾ;
പരശ്ശതം മംഗളങ്ങൾ നിനക്കു ഞങ്ങൾ
നിരന്തരം നേരുന്നു, ഭാഗ്യവതി നീ!

കർട്ടൻ

www.malankaralibrary.com

## രംഗം രണ്ടു്

(മറിയയുടെ വീടു്. പാടത്തു പണിക്കു പോകാനുള്ള വേഷത്തിൽ അവളുടെ അമ്മ)

അമ്മ :

വയറുനിറയെ നിനക്കു തിന്നാൻ
വറചട്ടിയിൽ കുറെ ഗോതമ്പു്,
ചുട്ടുഞാൻ വച്ചതെടുത്തുതിന്നാൻ
ഒട്ടും മടിക്കരു, തുച്ചനേരം,

മുന്തിരിത്തയ്യിൻ ചുവട്ടിലല്പം
ചിന്തണം വെള്ളം മറക്കരുതേ,
നേരേ വളർത്തിപ്പടർത്തിവിട്ടാൽ
നാളെ നമുക്കും പഴം പറിക്കാം,

മുററവുമല്പമടിച്ചിടേണം
മററൊന്നും ചെയ്യാനില്ലിവിടെ;
മർത്ത്യൻെറ ചിത്തത്തിനെന്നപോലെ
വൃത്തിഗൃഹത്തിനും കൈവരണം.

പണിയേറെയുണ്ടു് പാടത്തുചെയ്യാൻ
പാടുപെട്ടല്ലേ നമ്മുടെ ജീവിതം
നെററിയിലൂറും വിയർപ്പിൻെറയുപ്പു്,
പററാതെ ഭക്ഷണം നമ്മാം കഴിക്കയോ?

നിൻെറ പിതാവി, ന്നകാല ചരമം
എൻെറ ദുരിതത്തിന്നാരംഭമായി;
കൊററിനുവേണ്ട വകകണ്ടിരുന്നു,
പട്ടിണിയെന്നുമകന്നിരുന്നു!

www.malankaralibrary.com

മരിയ :

പാടത്തുപണിചെയ്യാൻ ഞാനും വരാമമ്മേ,
പ്രായമായില്ലേ, എനിക്കും കഴിവില്ലേ?
പ്രായമാകുന്നമ്മ, ഞാനും തുണനില്ലാം
പ്രാണസുഖമെനിക്കങ്ങനേമാകാം.

അമ്മ :

കൊക്കിലുയിരെനിക്കുള്ള കാലത്തോളം
മക്കാളായൊന്നുള്ള നീ ജോലിചെയ്കയോ;
ഉച്ചവെയിലേററുനീ വാടുകില്ലേ,
പാഴ്ച്ചെളിപററി നിൻമെയ്കറുക്കില്ലേ?

എൻെറ സർവസ്വവും നീമാത്രമല്ലേ,
എൻെറ ജന്മോദ്ദേശ്യം നിൻ നന്മയല്ലേ?
നന്നായി നിന്നെവളർത്തുവാൻ ദൈവം
എന്നും തുണക്കട്ടെ, കന്യാംബികയും.

മരിയ :

കന്യാമറിയത്തിൻ രൂപത്തിൻ മുമ്പിൽ
ഇന്നു ഞാൻ ലില്ലിപ്പൂവൊട്ടേറെവെക്കും;
തുന്നൽപ്പണി ചെയ്യുംനേരത്തുപോലും
ചൊന്നിടും നൂറു് സുകൃതജപങ്ങൾ.

അമ്മ :

പോകട്ടെ മോളേ, പാടത്തിനി ഞാൻ
പോകാൻ സമയം വൈകിയെന്നോർക്കു;
വേലഞാൻ പ്രാർത്ഥനയാക്കിമാററി;
വേലചെയ്തോനല്ലേ നമ്മുടെ നാഥൻ,

പിന്നൊന്നുകൂടിപ്പറഞ്ഞേക്കാമിക്കാലം
മുന്നേപ്പോലല്ല വഷളാണീലോകം;
നിന്നോർമ്മയിലിതുവേണം സദാപി,നീ
നന്നേവളർന്നു, യുവതിയൊരുത്തിയായ്.

www.malankaralibrary.com

നിൻെറ സൗന്ദര്യം മോഹിച്ചടുത്തെത്താം,
ഇന്നു യുവാക്കന്മാർ പൂവിൽ മധുപം പോൽ;
ആരുമായും വേണ്ട കൂടുതൽ ചെങ്ങാത്തം
ചാരിത്ര്യംകാക്കണം ജീവനെക്കാളും നീ.

ദൈവതിരുമുമ്പിൽ നൈവേദ്യമാകുവാൻ
ഭൂവിലിതുപോലെയില്ലൊരുവസ്തു.
ദൈവം നിനക്കു തരട്ടെ പ്രസാദം,
ദിവ്യജനനിയും നിന്നെ തുണയ്ക്കട്ടെ!

മരിയ :

അമ്മ ഭയക്കേണ്ടാ ഇക്കാര്യമെന്നേ
ചെമ്മേമനസ്സിൽ ഞാനോർക്കുന്നുണ്ടെന്നും;
പ്രാണൻവെടിഞ്ഞാലും ചാരിത്ര്യശുദ്ധി
പാലിക്കു,മെന്നെതുണയ്ക്കട്ടെ, ദൈവം!

കർട്ടൻ

www.malankaralibrary.com

## രംഗം മൂന്നു്

(പാടം, ഞാററുവേല, മരിയയുടെ അമ്മയും മററു പണിക്കാരും. എല്ലാവരുംകൂടി പാടുന്നു)

“തിന്താരേ......... ഓ... തിന്താരേ.........
തിന്തനത്തിന്തനത്തിന്താരേ
തിന്തനത്തിന്തനത്തിന്താരേ,
തെയ്യനം തെയ്യനം തെയ്യനംതാരേ
തെയ്യനം തെയ്യനം തെയ്യാരേ,
തിന്താരേ ......... ഓ... തിന്താരേ (2)

കാലാ കലപ്പവലിച്ചാലേ,
കാലിയുഴുതുമറിച്ചാലേ,
കൊച്ചുകളകൾ പറിച്ചാലേ,
ഉച്ചയ്ക്കുമുമ്പിതുതീർക്കാമേ.

വാലുചുരുട്ടിയടിച്ചാലേ,
കാലായുഴുതുമറിച്ചാലേ,
വാശിപിടിച്ചു പണിഞ്ഞാലേ,
വായിക്കരികിട്ടും പൊന്നുകാളേ.
തിന്താരേ ......... ഓ... തിന്താരേ (2)

കുത്തിമലർത്തും പൊഴികളാലേ
വിത്തിടാനുള്ളൊരുനേരമായേ.
കുത്തനെ, കുത്തനെ നുള്ളി നമ്മൾ
വിത്തിടാം, മുത്തിടാം കൂട്ടുകാരേ.
തിന്താരേ......... ഓ... തിന്താരേ (2)

ആർത്തുകിളിർത്തു വളർന്നാലേ
ആർക്കുമൊരുത്സവം നീണാളേ
വേർപ്പുപൊടിക്കുന്നോ പെണ്ണാളേ
കാപ്പിട്ടുകരിമീൻ കണ്ണാളേ.

www.malankaralibrary.com

പത്തായമെല്ലാം നിറയ്ക്കാമേ
പഞ്ഞത്തെ ദൂരെയകററാമേ,
കഞ്ഞിക്കു മുട്ടാതിരുന്നാലേ
മുഞ്ഞികറക്കില്ല പിന്നാലേ.
തിന്താരേ ........ ഓ ... തിന്താരേ

കൊച്ചരിപ്രാക്കഠം പറന്നുവന്നേ
കാത്തുവരമ്പത്തിരിക്കുന്നേ;
കൊത്തിപ്പെറുക്കി വിഴുങ്ങല്ലേ
വിത്തിനുവല്യ വിലയല്ലേ.
പച്ചക്കിളികഠം പറന്നീലേ
കൊയ്ത്തുവരുമ്പോഠം മടങ്ങീലേ
മാസങ്ങഠം മൂന്നാലുപോയാലേ
മാനസംനിന്നു തുടിക്കുലേ.
തിന്താരേ ........ ഓ ... തിന്താരേ (2)

കാത്തിരിപ്പീലേ വീട്ടിലിപ്പോഠം
കാർത്തികനക്ഷത്രക്കുഞ്ഞുങ്ങഠം.
അമ്മിഞ്ഞപ്പാലിന്നു പൊൻകിടാങ്ങഠം
അമ്മയ്ക്കുകിട്ടിയ രത്നങ്ങഠം.

പൂത്തിരികത്തിച്ച കണ്ണുമായി
പൂത്തമരത്തിലെപ്പൂമൊട്ടുകഠം;
കൊഞ്ചിക്കുഴയുന്ന വാക്കുമായി
നെഞ്ചുകുളിർപ്പിക്കും പുഞ്ചിരിയാൽ
പിഞ്ചോമനകളെതിരേൽക്കും.
തിന്താരേ ........ ഓ ... തിന്താരേ (2)

കർട്ടൻ

www.malankaralibrary.com

## രംഗം നാല്

(ഒരു പൂന്തോട്ടത്തിൽ പ്രേമലോലുപമനോഭാവത്തിൽ താരുണനായ അലക്സാണ്ടർ ആത്മഗതം.)

വള്ളിതളിരിട്ടു പൂത്താലോ
വള്ളിക്കുടിലിൽ പടർന്നാലോ
വാരിയെടുത്തു പുണർന്നാലോ
വാരിളം പൂവു മുകർന്നാലോ.........

ആനന്ദമാനന്ദം മാനസാനന്ദം,
ആവോളം മോന്തും ഞാനാമരന്ദം;
ആനന്ദം ജീവിതാനന്ദമാഹാ,
ആത്മാവിലെന്തെന്തു കോരിത്തരിപ്പോ!

മറിയേഗൊരേത്തീ, നീയെവിടെ,
മഹിയിലെ മാണിക്യമല്ലേ നീ;
മാരിവിൽപോലെ വിരിഞ്ഞ നിന്നെ
മാറോടണച്ചു ഞാൻ പുൽകുമെന്നേ.

കാണാതുഴലുന്നെൻ കണ്ണുകൾ
കാണിയുമില്ലേ കരുണയെന്നിൽ?
കാതരേ, നിന്നെ കാമിച്ച ഞാൻ
കാണായ ലോകത്തിൻ ചക്രവർത്തി!

കണ്ടാലുടനെ ഞാൻ കോരിയെടുക്കും
ചെണ്ടണിച്ചുണ്ടിന്റെ രാഗപരാഗം;
ഓർക്കാപ്പുറത്തു നീ നിർവൃതികൊള്ളും;
ഓർമ്മയിൽ നില്ക്കുമീ രാഗലഹരി.
കൈവിടുകില്ല ഞാൻ നിന്നെയെന്റെ
കൈവല്യമേ, എന്റെ മംഗല്യമേ,
കൈതവമല്ല നീയെൻ ജീവജീവൻ

www.malankaralibrary.com

കൈവശമാക്കിയാൽ ഞാൻ മഹാഭാഗൻ,
കാണാമറയത്തുനിന്നു ഞാൻ നോക്കി
കാണാത്ത സ്വപ്നങ്ങൾ കണ്ടുഞാൻ നിന്നു;
രാഗപരവശനായ ഞാൻ നിന്നെ
രാഗിണീ,യെൻ സ്വന്തമാക്കിയെടുക്കും.

നിന്നമ്മയില്ലാത്ത നേരംവേണം
നിന്നോടൊരല്പം സല്ലപിക്കാൻ,
നിന്നെ വശത്താക്കുവാനെനിക്കു
പിന്നെ വളരെയെളുപ്പമായി.

പ്രേമരസികനാണെന്നു കണ്ടാൽ
പ്രേയസീ, നീയെന്നെ കൈവിടുമോ,
പ്രീതിവരും നിനക്കെന്നിലപ്പോൾ
പ്രാണസഖീ, നിന്റെ പ്രായമോർക്കു.

ഇല്ലിനി താമസമെൻ മനമേ,യീ
ഫുല്ലമലരിൻ മധുനുകരാൻ.
ചുററിക്കറങ്ങി ഞാൻ നിന്നിടേണം,
ഒററയ്ക്കുവളെ ഞാൻ കണ്ടിടേണം.

മറിയേഗോരേത്തീ, നീയെവിടെ,
മഹിയിലെ മാണിക്യമല്ലേ നീ?
മാരിവിൽപോലെ വിരിഞ്ഞ നിന്നെ
മാറോടണച്ചു ഞാൻ പുൽകുമെന്നേ.

നീലക്കുയിലേ, നീയെവിടെ;
നീലമിഴിയാളേ, നീയെവിടെ?
നീട്ടററപാതകൾ താണ്ടിയാലും
നേടിയെടുക്കും നിന്നെ ഞാൻ.

കർട്ടൻ

www.malankaralibrary.com

## രംഗം അഞ്ച്

(മരിയ പ്രാർത്ഥിക്കുന്നു)

ആത്മമണവാളാ, ആത്മമണവാളാ,
ആത്മാവിൻ കോവിലിൽ നീയിരുന്നോ,
ആനന്ദമാനന്ദമാനന്ദമെന്നും
ആരാദ്ധ്യനങ്ങെന്നെ കൈക്കൊള്ളുമെങ്കിൽ.

പനിനീർപ്പൂവിതളൊത്തനിൻ ചേവടിയിൽ
പവിഴാധരം കൊണ്ടുമുത്തമിടും ഞാൻ;
പനിമതിയൊത്തനിൻമുഖമൊന്നുകാൺകെ,
തനിയെവിടരുമെൻമാനസകൈരവം (ആത്മ)

ദിവ്യമാം പ്രേമത്തിൻ ചന്ദ്രികയുണ്ണുവാൻ;
ദാഹിച്ചുനിൽക്കുന്ന പ്രേമചകോരി ഞാൻ;
സ്നേഹപരിമളം വീശും മണവറ
ഗേഹിനിയായിവളെന്നിനിപൂകിടും! (ആത്മ)

(മറഞ്ഞുനിന്ന അലക്സാണ്ടർ പ്രവേശിക്കുന്നു)

അലക്സാണ്ടർ :

കാമിനീ, വരികനീ, കാലമൊട്ടും വൈകാതെ
കാമിതമെല്ലാം തീർക്കുമീ ഞാൻ;
കാത്തുകാത്തിരുന്നതാം കാലമടുത്തല്ലൊ,
കണ്മണീ, നീയെന്റെ കരളല്ലേ, എന്റെ
കുളിരല്ലേ?

കൊട്ടാരം തീർക്കും ഞാൻ, പട്ടമഹഷിയായ്
മട്ടോൽമൊഴീ, നിന്നെവാഴിക്കും ഞാൻ;
കട്ടിലൊരുക്കും പിന്നെ പൂമെത്തയിൽ നിന്നെ
കുട്ടിനിരുത്തി ഞാൻ താലോലിക്കും. (കാമിനീ)

(മരിയ ഭയവിഹ്വലയാകുന്നു)

www.malankaralibrary.com

മരിയ :

എന്താണുചൊല്ലുന്ന തെന്താണുചൊല്ലുന്നു-
തന്തസ്സില്ലാത്തൊരു വർത്തമാനം;
പോകനീ, വേഗമലക്സാണ്ടറേ, നിൻെറ
ഭോഗവിലാസങ്ങൾ പാപമല്ലേ?

അലക്സാണ്ടർ :

പാപമോ, കൊള്ളാം ചിരിവരുന്നു, വെറും
പാവമായ്ത്തീർന്നാലോ, യിത്രമേലോമലേ!
പാരിജാതപ്പൂവേ, നിൻമധുവുണ്ണുവാൻ
പ്രാണൻകളയുവാൻപോലും മടിയില്ല.

മരിയ :

ഒരുകാര്യം തീർത്തുഞാൻചൊന്നിടാം യേശുവെ,
അരുമമണവാളനാക്കി ഞാനെന്നറിഞ്ഞാലും;
അരുതാത്തകാര്യം നീ നിനയാതെ പോക നീ
അകതാരിൽനിന്നും കളക ദുർമ്മോഹം.

അലക്സാണ്ടർ :

എന്തുപറഞ്ഞാലും എന്തിനി വന്നാലും
എൻേറതായ്ത്തീർക്കും ഞാൻ നിന്നെയെന്നോമലേ!
പാപവും പുണ്യവും പേർത്തുമുരുവിട്ടു
പാഴാക്കാതെ കാലം പൈങ്കിളിപ്പെണ്ണേ.

നിന്നെ ബലാൽക്കാരം ചെയ്യുവാൻപോലും
ഇന്നെനിക്കില്ല ഭയമെന്നറിയൂ;
നീ മനസ്സോടെന്നെ സ്വീകരിച്ചാൽ ഭംഗി;
ഓമലേ, യേതാന്നും നാശംതരുന്നോൻ.

മരിയ : (സകോപം)
അരുതാത്തതുപറയാതെ യകലത്തുപോകൂ
അരികത്തുനിന്നുമലക്സാണ്ടറേ;

www.malankaralibrary.com

അരുമനാഥൻ നിനക്കേകട്ടെ നേർവഴി;
ഒരു നാളും നിന്നെഞാൻ കാണാതിരിക്കട്ടെ !

അലക്സാണ്ടർ :

പോകുന്നു ഞാനിപ്പോഴം, എൻകൈയിൽനിന്നു നീ
പോകില്ലൊരുനാളുമെന്നോർക്കപെണ്ണേ;
നിന്നെഞാൻ കൈയടക്കാതെ വിടുകയോ,
ഇന്നല്ലെങ്കിൽ നാളെ, കാണാംപിന്നെ!

(പോകുന്നു

കർട്ടൻ

www.malankaralibrary.com

## രംഗം ആറ്

(കൊയ്ത്ത്. മരിയയുടെ അമ്മയും കൂട്ടുകാരും കൊയ്ത്തു ജോലിയിൽ വ്യാപൃതരായിരിക്കുന്നു.)

ഓ, ഓ... ഓ...... ഓ ഓ ഓ............
കൊയ്ത്തുവന്നേ, കൊയ്ത്തുവന്നേ
കോതമ്പിൻവിള കൊയ്ത്തുവന്നേ!
കൊയ്തുകേറാം, കൊയ്തുകേറാം
കണ്മണിയാളേ, കൈയാളേ! ഓഓഓ..........

നിരന്നുനില്പൂ കതിർക്കുലകൾ;
നിറഞ്ഞുനില്പൂ കതിർമണികൾ
പരന്നുകാണും പാടമെല്ലാം
പയ്യെപ്പയ്യേ, നമ്മൾ കൊയ്തെടുക്കാം... ഓഓഓ...

കതിരുകൾ കൊയ്തുകൂട്ടി........
കററകൾ വച്ചുകെട്ടി
മെതിച്ചുമെതിച്ചു വിളവുകൂട്ടാം,
മനസ്സിന്നു പിന്നെ തുടികൊട്ടാം... ഓഓ.........

വെയ്ക്കോലുണക്കുന്നു മാനത്താരോ,
ഗോതമ്പു പാററുന്നു കുഞ്ഞിക്കാററോ?
തൃപ്തിയിൽ പകലോൻ നോക്കിനില്ക്കുന്നു
അന്തിയെത്തുംമുമ്പേ വീട്ടിലെത്താം... ഓഓ.........

മാനത്തു മേക്കട്ടി തീർത്തല്ലോ
മാലാഖമാരുടെ തമ്പുരാൻ;
മാടപ്പിറാവുകൾ വന്നല്ലോ
മാനത്തെപ്പള്ളിതൻ മുററത്ത്... ഓഓ...........

വരമ്പുതോറും പറവ വന്നേ,
വരിവരിയായിരിക്കുന്നേ!

www.malankaralibrary.com

പൊഴിഞ്ഞുവീഴും മണികളതിന്നേ
പൊരിഞ്ഞ വയർ നിറയ്ക്കുന്നേ...ഓഓ........

പത്തായമെല്ലാം നിറയുന്നേ,
പശിമുഴവൻ തീരുന്നേ,
പുതിയതാം വിഭവങ്ങൾ തിന്നുന്നേ;
പടംവച്ചു പടംവച്ചു നൃത്തമാടുന്നേ!...ഓഓഓ...

വിളവെടുത്താൽ കളികൾ പിന്നെ;
വിളിച്ചുകേററാം വിരുന്നുകാരെ.
സാദരമവർക്കെല്ലാമഭിവാദനം,
സ്നേഹഭോജനം, പന്തിഭോജനം!...ഓഓ........

വിളവിറക്കും നാളവരെയിനി
വീട്ടിലെല്ലാം പലതരമുത്സവം;
സമൃദ്ധിനൽകും സർവശക്തന്നായ്
സർവനന്മയ്ക്കും നന്ദിയോതിടാം...ഓഓ........

കർത്തൻ

www.malankaralibrary.com

## രംഗം ഏഴ്

(മറിയ വീട്ടിൽ, മാതാവിൻെറ രൂപത്തിൻെറ മുമ്പിൽ പ്രാൎത്ഥിക്കുന്നു.)

പകലവനുടയാട, പനിമതി പദപീഠം
പൂത്തുനില്ക്കും താരങ്ങൾ മുടിമണികൾ,
പാർവണേന്ദുമുഖീ, സ്വൎഗ്ഗരാജ്യത്തിൻെറ റാണീ നിൻെറ
പൂവിതൾപ്പദങ്ങളിഞാൻ പണിഞ്ഞിടുന്നേൻ.

മേയ്മാസത്തിൻ റാണീ, എൻെറ മാനസം
ത്തിന്നധിനാഥേ,
മാലകന്ന നിൻ പിറവി വാഴ്ത്തിടുന്നീ ഞാൻ;
മേദിനിയെ രക്ഷചെയ്യാൻ മനുഷ്യനായ്ത്താണുവന്ന,
മശിഹാരാജൻെറ അമ്മേ, കാക്കണമെന്നെ. (പകല)

കണ്ണുനീരിൻ താഴ്വരയിലെണ്ണമററ ദുരിതത്തിൽ
കന്യകാമറിയമേ ഞാനുഴലുന്നിതാ,
വിണ്ണിൽനിന്നും മണ്ണിലേക്കു ദിവ്യദയ നിറഞ്ഞനിൻ
കണ്ണയയ്ക്കാൻ കനിയണമെന്നുമെന്നമ്മേ. (പകല)

എത്രയും ദയനിറഞ്ഞ മാതാവേ, നീ തുണയ്ക്കണേ,
സ്വൎഗ്ഗരാജ്യഭാഗ്യത്തിനു യോഗ്യയാകാൻ ഞാൻ;
വ്യർത്ഥമായ ചിന്തയുടെ പച്ചവെള്ളമാകെ ദൈവ-
ഭക്തിയുടെ മുന്തിരിച്ചാറാക്കി മാററണേ. (പകല)
(മറഞ്ഞുനിന്ന അലക്സാണ്ടർ പ്രവേശിക്കുന്നു.)

അല:
മിന്നൽക്കൊടിയിതാ കൺമുമ്പിൽ
അന്നനടയാളിതാ, എൻെറ മുമ്പിൽ
കതിരണിപ്പാടത്തു്, നിന്നമ്മ!
കുതറിയൊഴിഞ്ഞു നീയെങ്ങുപോകും.

www.malankaralibrary.com

നിൻെറയീപ്രാത്ഥനയ്ക്കെന്തത്ഥം,
നിന്നെയിന്നാരു രക്ഷിക്കും?
മദനോത്സവ വേളയെത്തുമ്പോഠം
മരിയേ, നിൻ പ്രാത്ഥനയപഹാസ്യം!

മരിയ:

പാപീ, വീണ്ടും വന്നുവോ നീ,
പാപതമസ്സുമായെത്തിയോ;
നിന്നുടെയാത്മാവിലില്ല ദൈവം;
നിന്നിൽച്ചെകുത്താൻ കുടിയിരിപ്പൂ!

ദുർവാസനകഠംക്കടിമയായി,
ദുശ്ചിന്തകഠംക്കു വശഗനായി,
ഭാവി തകർന്നു നശിച്ചിടാതെ,
ദൈവികചിന്താഭരിതനാകൂ.

ഞാനൊരു പാവം കന്യക,യെ-
ന്നോർത്തു കരുണകാണിക്കണം നീ,
എൻെറ കന്യാവ്രതം മാനിച്ചീടേണം
എന്നെക്കരുതണം സോദരിയായ്.

അല:

ചുമ്മാ കിടന്നു പുലമ്പീടാതെ,
ചെമ്മുകിൽപോലെ ചുകന്ന പെണ്ണേ:
മുന്തിരിച്ചാറു നരച്ചുനില്ക്കെ,
മോന്താതെ ഞാനോടിപ്പോകണമോ?

കാമൻ വില്ലു കുലച്ചുനില്പ്പൂ,
കാമിനീ നിൻ മേനി നോക്കിനില്പ്പൂ;
കേളീവനമാകുന്നീഭവനം;
കാളുന്നീയെന്നിൽ മദനാഗ്നി.

www.malankaralibrary.com

കരവലയത്തിലമർത്തിടാൻ,
കവിളിലെപ്പൂവിൽ മുത്തിടാൻ;
ചികുരത്തിൽ രാഗപ്പൂ ചൂടിക്കാൻ
ചിരകാലം നോക്കിയിരുന്നു ഞാൻ.

ഓമലാളേ, നമ്മൾ രണ്ടല്ല,
ഓർത്തിരിക്കാനിനി പററില്ല;
ഒന്നിച്ചുചേർന്നിനി പ്രേമത്തിൻ-
പൊന്നോടംകേറി തുഴഞ്ഞുപോകാം, എന്നും
മുന്തിരിച്ചാറു കുടിച്ചീടാം.

(അലക്സാണ്ടർ രണ്ടു കൈയും നീട്ടി മരിയയോട് അടുക്കുന്നു. മരിയ പേടിച്ച് പുറകോട്ടു മാറുന്നു.)

മരിയ:

മുന്നിൽനിന്നോടിപ്പോ, ദുഷ്ടാ, നീ
എന്നെത്തൊടാതെയകന്നുപോ,
കന്യാസുതനെ നീയോർക്കണം;
കാളും നരകത്തീ കാണണം.

എന്നേ, ഞാൻ ദൈവത്തിൻ ദാസിയാം
എന്നെ മറക്കണം മേലിൽ നീ
തിന്മകൾ ചെയ്യുവാൻ പോയെന്നാൽ
വൻ നരകത്തിൽ നീ വീണിടും.

അല: (ചൊടിച്ചുകൊണ്ട്)

എന്നെത്തഴയുവാൻ ഭാവമോ?
കന്നൽമിഴീ, യിതു സാദ്ധ്യമോ?,
ഇന്നീഭവന, ത്തിലാരുമേയി-
ല്ലെന്നു നീയോർക്കണം കണ്മണീ!

ആരും തുണയ്ക്കുവാനീ വീട്ടിലില്ല,
ആരോമലേ, നീയെൻ കൈയിലായ്;

ആർത്തുകരഞ്ഞാലും കിംഫലം?
ആർത്തിരമ്പീടുന്നെന്നാഗ്രഹം.

മരിയ:

പാപീ, നീ നില്ക്കരുതിങ്ങിനി,
പാതകം കാട്ടരുതേതുമേ.
പ്രാണൻപോയാലും വഴങ്ങിടാ
പ്രാണേശനെന്നുമേശുനാഥൻ.

(കോപാക്രാന്തനായ അലക്സാണ്ടർ കാരയെടുക്കുന്നു.)

അല:

കാരിരുമ്പാണു നിൻ മാനസം;
കാതരയല്ലൊരു കല്ലുനീ.
കുത്തിപ്പിളർന്നിടും നിന്നെ ഞാൻ
കത്തിയിതുകണ്ടോ, ദുർമ്മതീ?

(കത്തിയോങ്ങുന്നു. വെളിച്ചം അണയുന്നു. മരിയയുടെ ദീനരോദനം)

കൊല്ലരുതേ, യെന്നെക്കൊല്ലരുതേ,
എൻകരാം വിണ്ടുതകർന്നിതാ,
യേശുനാഥാ, എന്റെ പ്രാണനങ്ങേ
പേശലപാണിയിലർപ്പിക്കുന്നേൻ.

(ലൈററ് തെളിയുന്നു. രക്തത്തിൽപ്പുളഞ്ഞുകിടക്കുന്ന മരിയയെ ഒന്നുകൂടി നോക്കിയിട്ട്, രക്തപങ്കിലമായ കാരയോടുകൂടി അലക്സാണ്ടർ നിഷ്ക്രമിക്കുന്നു.

കർട്ടൻ

www.malankaralibrary.com

## രംഗം എട്ട്

കൊലക്കുററത്തിനു ശിക്ഷിക്കപ്പെട്ട അലക്സാണ്ടർ ജയിലിൽ, അനുതാപഭാവം)

അല :

എത്രദശകമീപ്പാറാവിൽപ്പാർത്താലും
കർത്താവേ, എൻപാപം തീർന്നിടുമോ,
കത്തികൊണ്ടല്ലോ, ലില്ലിമലരിനെ
കുത്തിമുറിച്ചുഞാൻ കാട്ടാളനേപ്പോൽ.

കാമലഹരിയിൽ ബോധം മറിഞ്ഞുഞാൻ
കാടത്തംകാട്ടിയതോർത്തുകരയുന്നേൻ;
കട്ടിയായ്ചോരയൊഴുകിവീണിട്ടും
കുത്തിയിറക്കിയെൻകത്തിഞാൻ വീണ്ടും.

പ്രാണൻപിടഞ്ഞുമരിക്കുന്ന വേളയിൽ
പുണ്യവതീ, നിൻെറ ദീനമാംനോട്ടം,
എന്നോടമർഷംകാട്ടാത്തൊരാനോട്ടം,
ഇന്നുമെൻകണ്ണിൽതെളിഞ്ഞുനില്പൂ.

മാലാഖയാണു നീ മരിയേഗൊരേത്തീ;
മാലിന്യം തീണ്ടാത്ത മുഗ്ദ്ധമാം ലില്ലിപ്പൂ;
മേഘമാലക്കുമുകളിലാസ്വർഗ്ഗത്തിൽ
മാധുരി നിത്യം നുകർന്നു വാഴുന്നു നീ.

ഒന്നുഞാൻ കണ്ടെങ്കിൽ, മരിയേഗൊരേത്തീ,
എൻപാതകത്തിൻ പൊറുതിയിരക്കുവാൻ;
ഒന്നുവരണേ, പുണ്യവതീ,യെൻെറ
മുന്നിലെഴുന്നെള്ളാനൊന്നുകനിയണേ !

(മരിയ പ്രത്യക്ഷപ്പെടുന്നു. തൂവെള്ളവേഷം)

www.malankaralibrary.com

മരിയ :

കെറുവെനിക്കില്ല സോദരാ,
പൊറുത്തുഞാൻ നിന്റെ തെററുകൾ;
വെറുക്കുമോ നിന്നെഞാൻ, ദൈവത്തിൻ-
പൊറുതിയേവർക്കും വേണ്ടതല്ലേ.

നല്ലവനായി നീ ജീവിക്കും,
നന്മജനങ്ങൾക്കു നൽകിടും;
നന്മനിറഞ്ഞവനോടുഞാൻ
എന്നും നിനക്കായി പ്രാർത്ഥിക്കും.

(മരിയ അപ്രത്യക്ഷയാകുന്നു. അലക്സാണ്ടർ ഭക്തിപാരവശ്യത്താൽ തല കുമ്പിട്ടു നിൽക്കുന്നു.)

കർട്ടൻ

സമാപ്തം

www.malankaralibrary.com

# പഞ്ചരത്ന ബാലെ

കവി, അദ്ധ്യാപകൻ, ഉപന്യാസകാരൻ എന്നീ നിലകളിലെല്ലാം സമാരാദ്ധ്യനായ ഫാദർ ഒ. അയ്യനേത്തിൻെറ പുതിയ സാഹിത്യ സംഭാവനയാണ് 'പഞ്ചരത്ന ബാലെ'. ക്രിസ്തുമസ്, സ്നാപകയോഹന്നാൻ, മഗ്ദലന മറിയം, ഡേവിഡും ബത്ഷേബായും, മരിയേഗൊരേത്തി എന്നിങ്ങനെ ഹൃദ്യമായ കാവ്യനാടകങ്ങളുടെ സമാഹാരം. അനേകം വേദികളിൽ അവതരിപ്പിച്ചു് പ്രശംസയാർജ്ജിച്ചവയാണ് ഇവയിൽ മിക്കവയും. ആദ്ധ്യാത്മികചൈതന്യം പ്രസരിപ്പിക്കുന്ന ഇതിവൃത്തം, മനുഷ്യാവസ്ഥയോടു ശക്തമായി പ്രതികരിക്കുന്ന സന്ദർഭസംവിധാനം, രസാത്മകമായ പ്രതിപാദനം, വ്യക്തിത്വമാർന്ന കഥാപാത്രങ്ങൾ തുടങ്ങിയവ ഒത്തിണങ്ങിയ രചനാതന്ത്രം ഈ കാവ്യനാടകങ്ങൾക്കു മനോഹാരിത നൽകുന്നു. മലയാളകവിതയ്ക്കും നാടകശാഖയ്ക്കും ഒന്നുപോലെ അഭിമാനജനകമാണ് ഈ വിശിഷ്ടഗ്രന്ഥം.

ഡോ. ജോർജ് ഓണക്കൂർ

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com